Under the leadership of NSS in association with writer's forum of our college 19th of June to 23rd of June, 2017 was celebrated as 'Reader's Week'. On 19th June, a reading competition was conducted to improve the reading skills of the students. On 20th June a spelling bee competition was conducted in three languages. On 20th and 21st extempore competition on the topic 'Recent Trends in Reading' was conducted. On 22nd discussion on 'Reading and Technology' was held. A talk on 'Relevance of Reading Today' was delivered by Prof. M. Haridas, retired professor and environmentalist on 23rd June. The reader's week programme ended up with that talk.

## International Yoga Day

In connection with International Yoga Day, a yoga training class was conducted in our college for the NSS volunteers on 21-06-2017. The training sessions lead by Mr. Abimanyu N.S., yoga instructor and teacher in Sree Rama Krisha Vidhya Niketan Public School, Nandikara, Thrissur. Ten NSS volunteers have also participated in District level mass yoga demo at St. Thomas College, Thrissur on the same day.

## Anti Drug Campaign

An anti drug campaign is initiated by the NSS in association with Department of Psychology of our college. The campaign was aimed to conduct anti - drug

awareness class for the U.P. school students of Government and aided schools in Thrissur district. As part of this programme, an awareness class including a video presentation and short film was conducted by the NSS in St. Antony's U.P. School, Pudukad on 06-07-2017.The school students were enthusiastic and got benefitted by the class.

### World Population Day

World Population Day -2017 was observed in the campus by the NSS volunteers on 11th July. A poster exhibition was conducted to make the students aware about the importance of controlling the population.

### Promotion of Bio-agriculture

As part of promotion of bio-agriculture, 60 tissue cultured banana saplings were planted in the campus last year and we have harvested it on 19th July 2017. It was a successful initiative by the NSS volunteers.

### Orientation class

An orientation class for the NSS volunteers was conducted in the college on 28th July 2017. The class was led by Dr. Soni T. L., Asst. Professor of Economics, Sri. C. Achutha Menon Memorial Govt. College, Kuttanellur (Indira Gandhi National Awardee). She had delivered a talk on "Role of NSS Volunteers in Society".

### Anti Drug Awareness Program-Vimukthi

As part of Anti-drug awareness campaign initiated by the department of excise, anti - drug awareness sticker was pasted in the KSRTC buses and bus stands by the NSS volunteers on 30th July.

### Independence Day Celebrations

India's 71st independence was celebrated in the college on 14th August. The program was inaugurated by Dr.Shaijan Paul, Principal, Prajyoti Niketan College. The message of the Independence Day was given by Rev .Fr. Harshajan Pazhayattil, founder - director of the college.

The flag was hoisted by the manager on 15th August and it was followed by roadside cleaning in the adopted village. The cleaning program inaugurated by Sri. Shaju Kalienkara, member of Block Panchayat and ward member Smt. Sathy Sudheer.

NSS program officer and 45 volunteers have participated in the seminar on self sustainable development in panchayat and marathon organized by Salim Ali foundation at Thrissur on 05-08-2017.

### Anti - Drug Campaign

As part of anti drug campaign at schools, a project, initiated by the NSS units of our college, an antidrug awareness class was conducted for the school students of A.P.H.S.S., Alagappanagar on 18th August 2017. An oath against drug abuse was also taken by the students. It was a successful initiative by the NSS volunteers.

### Old age home Visit

Our NSS volunteers had visited 'Thanal'-(pakalveedu), a home for old aged people at Chackochira, Pudukad on 19th August, 2017. They spent one day with the old aged individuals and provided service to them.

### Ankanvaadi Visit

As part of community work, NSS volunteers had visited ankanvaadi at Pudukad and taught the children to make crafts using chart papers.

### Special camp

NSS seven day special camp was conducted during 2nd September to 8th September 2017. In that camp 71 students have participated. The camp was inaugurated by Smt. Sheela Vijayakumar, President, District Panchayath, Thrissur. The official inauguration function was presided over by Dr. Shaijan Paul, Principal. A socio-economic survey, cleaning, and various technical classes were conducted in that camp. It was a successful camp.

### NSS Day

National Service Scheme day-2017 was celebrated in the college on 24th September. In connection with NSS day various programs like flag hoisting, skit, and flash mob were organized by the NSS volunteers. The flag

was hoisted by Dr. Shaijan Paul, Principal of our college. He also spoke about the relevance of National Service Scheme today. NSS volunteers also visited and provided service to the bed ridden patients at the Pope Paul Peace home, Athani, Thrissur.

**Orientation class**

An orientation program for the NSS volunteers was held at our college on 28th October, 2017.The programme was led by Mr. Lijo Puthenkulam, Visual Designer, Cognizant, Infopark,Ernakulam.

**National Unity Day**

National Unity Day was observed in our college on 31st October, 2017. It provided the students opportunity to re-affirm the integrity, strength and unity of our nation. In connection with the day we organized a 'Run for Unity' and took pledge by NSS volunteers on the same day.

**Bio-Agriculture**

NSS units of our college became part of the project INCOFSA of Mahatma Gandhi University, a bio-agriculture training program, at Parapukkara Grama Panchayat, Thrissur.

**Flash mob**

In association with the legal service authority of India, our NSS units conducted a flash mob at the Pudukad centre to make the people aware of the need to obey the traffic rules to reduce accident rates on 16th November, 2017.

**Street play**

The world AIDS day was observed by the NSS on 1st December. As a campaign to eradicate stigma related to AIDS, a street play on AIDS was conducted at Pudukad centre.

**Pond cleaning**

NSS volunteers cleaned the pond and its sides of it in our adopted village on 18th November. In connection with AIDS day, a poster exhibition was also conducted in our college. NSS volunteers also went to Pope Paul Peace home to give their service to the bed ridden patients there on 18th November.

**Blood Donation Camp**

In connection with the Red Ribbon Club activities, a blood donation camp was organized by the NSS units in association with IMA Thrissur on 20th December, 2017. Around 55 students have donated their blood on that day.

**Home visit**

In connection with the Christmas celebrations, NSS volunteers had visited an old age home at Chengaloor and 'Rehboth Orphanage', Kuttanellur on 2nd December, 2017. Our volunteers have collected groceries, stationeries and clothes and handed over it to the members of these institutions on the same day.

**Paper pen making class**

Our NSS volunteers had been given training on paper pen making at the Higher Secondary School, Parakadavu, Angamali during their seven day special camp on 28th December, 2017. Our volunteers had demonstrated how to make pen by using paper and refill given to them.

**Youth week celebrations**

Various cultural programs and competitions were conducted in our college by the NSS volunteers to celebrate youth week on 15th January 2018.

**Street play on Leprosy**

A street play on leprosy awareness was conducted by the NSS volunteers on 12th February 2018 at Govt. Hospital, Pudukad.

**National Integration Camp**

One student attended the NIC held at Mysore from March 20-27.

NSS volunteers of our college visited and provided service to the bed ridden patients at the Pope Paul Peace home, Athani, Thrissur on every third Saturday.

# MAGAZINE COMMITTEE


Ms. Simi Varghese
(Staff Editor)


Pournami K.J.
(Student Editor)


Gayathri Haridas
(Art Editor)


Ameena Shafeer
(Sub Editor)


Neethu Jolly
(Sub Editor)


Ritta Tony


Nina Ann Mathew


Anand P Prakash


Daniel Jose


Anaswar Raj P.K.


Supriya P.S.


Arathi Sivadas


Jose M.O.
(Staff Photographer)


Rithin Joseph
(Creative Photographer)


Ittoop Tony
(Creative Photographer)

MAGAZINE COMMITTEE

# Onam 2018

















# Union Inauguration



കയ്പ്പ്...
അഖിലാണ്ഡലോകം അടക്കിവാഴുന്ന ബ്രഹ്മാവ് മുതൽ വിശപ്പ് ഭക്ഷണമാക്കിയ ദളിതന്റെ നാവ് വരെ
തരിപ്പിച്ച് കളയുന്ന കടും കയ്പ്പ് .. കട്ട കയ്പ്പ്
അതൊരുതരം വികാരമാണ്..
മരിച്ചപെണ്ണിന്റെ മാംസം തിന്ന മീഡിയക്കും,
കാമുകിയുടെ കാതലിനെ കണ്ടില്ലെന്ന് നടിച്ച കാമുകനും,
ജീവിതമാകുന്ന രുചിഭേദങ്ങളിലൂടെ കടന്ന് പോകുന്ന..
നിനക്കും, എനിക്കും കയ്പ്പ് എന്തെന്നറിയാം..
നിന്നിലും എന്നിലും
ദാ, മറിയാനിരിക്കുന്ന ഈ താളുകളിലും
ഒരേ രുചി, ഒരേ വികാരം... കയ്പ്പ്...







**Ritta Tony**
First BA English

# VENGEANCE

Whoever is behind the light, BEWARE
Cause I am coming,
The tears of women shall be counted
And thou shall be punished to hell, mercilessly.
Let the brutal life thy be over,
Thou shall live through thy actions
Each helpless wail of a women shall be heard
They will be counted from –
A young lady, bride, dowager and granny
All the priceless life you brutally took away
Shall be noted, one by one
And thou shall feel the pang,
You wreaked in them
Alas, thou may cry ……
But essence of god shall turn his phiz away.
Thou shall remember how thy deeds were,
And how he made his deity blind,
In his judgement back in earth.
Whoever bathed in sin, BEWARE!
Thy hands performed the evil,
Thy eyes loaned the painful howls.
BEWARE, Cause I am coming
To eliminate thy body and soul,
Hundred times thou inflicted
The pain on the other.





**Gayathri Suresh Babu**
Third BSc Psychology

# കഥ തുടരുന്നു

“എന്നാലും എന്റെ മീരേ... നീയത്
കീറിക്കളയാൻ പാടില്ലായിരുന്നു ...
“അതെന്താ കീറീയാല് ?”
“അയ്യെ, നീയൊരു പൈങ്കിളിയാണ
ല്ലേ ?”
“ഓ ... നമ്മളൊക്കെയിങ്ങനെയാണ് ...
നിങ്ങൾ വലിയ ആൾക്കാർ ... ബുദ്ധി
ജീവികൾ !”
“ആ ... അതേ ബുദ്ധിയുള്ള വരൊക്കെ
ബുദ്ധിജീവികളാണേൽ ഞാനും
ബുദ്ധിജീവിയാ ... സംശയമില്ല...“ഹോ
... അത് വിട് ... സംഭവം ബുദ്ധിയും
ബുദ്ധിയില്ലായ്മയും അല്ല ... എന്റെ
പ്രണയലേഖനമാണ്... “മറന്നിട്ടില്ല്യ ...
എന്തൊരു മനോഹരമായ പ്രണയലേ
ഖനം “എന്താടോ ... അതിൽ ഞാനെ
ന്നെ വരച്ചു വച്ചിരുന്നു “തോന്നി ...
“എന്ത് ?” “താൻ എന്തോ വരച്ചതാ
ണെന്ന് ...!”
‘‘ഹ ... ഹ ...‘‘തനിക്ക് വേറൊരു
പണിയുമുണ്ടായിരുന്നില്ല്യേ. വേറെ
ന്തൊക്കെ വഴികളുണ്ട്. പ്രണയ
ലേഖനമെഴുതാൻ ഞാനെ ന്താ
ബഷീറിന്റെ നോവലിലെ നായിക
യോട് എനിക്ക് താൻ ബഷീറിന്റെ
കഥാപാത്രം മാത്രമല്ല ... വേണെങ്കിൽ
തന്നെ ഞാൻ ഇലിയഡിലേം നായി
കയാക്കും ...“അതിലതിന് നായികയു
ണ്ടോ?”

“ആവോ അറിഞ്ഞൂടാ ... “വെറുതെ
മണ്ടത്തരം വിളിച്ചു പറയുക ... അത്ര
തന്നെ ... തനിക്ക് പണ്ടും അതല്ലേ
വശമുള്ളൂ ...‘‘താൻ പിന്നെ വലിയ
കവിതാകാരി ...‘‘അങ്ങനേം ഒരു
പ്രയോഗമുണ്ടോ ...?”
“ഇല്ലെങ്കിൽ ഉണ്ടാക്കും ... ന്തേ ?”
‘‘നല്ലതാ ... ആധുനിക ഷേയ്ക്
്സ്പിയർ ...“ആ ... എന്താ സംശയം ...
തനിക്ക് മാത്രേ ഇതൊക്കെ പറ്റു
ള്ളൂ?“അല്ലാ എല്ലാവർക്കും പറ്റും“ഹാ
... അങ്ങനെ താഴെ നിൽക്ക് ...“അല്ല
എന്നിട്ട് എനിക്ക് പ്രേമലേഖനം തന്നു.
ഞാൻ കീറിക്കളഞ്ഞു.

സമ്മതിച്ചു. പക്ഷേ, അങ്ങനെ
യാണോ താനിവിടെത്തീത് ?”
‘‘ഏയ് ... അതിപ്പോ ... കാലാന്തര
ത്തിൽ ചില സംഭവങ്ങൾ...

ദൈവത്തിന്റെ ഓരോ വികൃ
തികൾ ... അല്ലാതെന്താപ്പോ ... പറയ്വാ
“എന്താ എന്റെ കാര്യം സിംപിളാ ...
ഞാൻ സ്വയം ഇറങ്ങി യങ്ങു പോന്ന
താ ... മടുത്തെന്നേ ... എത്രാന്നുവച്ചാ
ഓരോന്ന് സഹിക്കുക ... ക്ഷമിക്കാ ... !”
‘‘എന്താപ്പോ ഇത്ര വലിയ മടുപ്പ് ...
“എത്ര തവണയെന്നുവച്ചിട്ടാ സ്വന്തം
അച്ഛന്റെ ... “മീരേ ... “അല്ലടോ ...
അയാൾ ശരിയല്ല ... അയാൾക്കെല്ലാ
ത്തിനും ഞാൻ തന്നെ വേണംന്ന്
പറഞ്ഞാൽ ... പിന്നെയൊരു കാമുകൻ
ഉണ്ടായിരുന്നേനെ ‘ഞാൻ തേച്ചൊ
ട്ടിച്ചു ... “താനാളുകൊള്ളാംല്ലോ ...
എന്റെ ഭാഗ്യം ല്ലേ! “ആ ... പിന്നല്ലാതെ
... “ചെറുപ്പം മുതൽ തുടങ്ങീതാ ...
ആ മനുഷ്യൻ കരടിയെപ്പോലെ...
എന്നെ കൂടെ വിളിച്ച് കെടത്തും.
ഒരീസം സഹിക്കാൻ വയ്യാണ്ട് ഞാൻ
പറഞ്ഞു ഇനി പറ്റില്ലാന്ന് ... ‘അപ്പോ
തുടങ്ങീല്ലേ ... ‘കന്യാകാത്വം “അപ്പോ
അതും പോയോ? ‘മണ്ണാംകട്ട ... അത്
നഷ്ടപ്പെട്ട എന്നെയാരും കെട്ടൂല്ലാന്നു
ള്ള പറച്ചിൽ ...“ദുഷ്ട !”
“ആ ... അതന്നെ ... ദുഷ്ട ... പക്ഷേ
... പിന്നെ ആ കത്തിയെടുത്ത് എന്റെ
കൈവിരലിലെ ഞരമ്പു മുറിക്കുമ്പോ
ൾ എനിക്കെന്നോട് തന്നെ പാവം
തോന്നി ...“മീരേ ...“പാവാഡോ ഞാൻ
... ശരിക്കും പാവം ... അല്ലേൽ ജീവി
ച്ചേനെ ... എനിക്ക് മേല ... ഇനിയതിന്
കോടതി കേറിയിറങ്ങാൻ ... എന്തു
പറയാനാ ...‘‘മ് ... അല്ലാണ്ട് വേറെ
ന്താല്ലേ ... ന്നാലും ... തനിക്കെന്റെ
പ്രണയം സ്വീകരിക്കായിരുന്നു ... ട്ടോ
“പൊക്കോണം അവിടുന്ന് ...“ഹ ... ഹ
...! ദാ വിളക്കണഞ്ഞു ... കിടന്നുറങ്ങാം
...“അന്ന് വൈകിട്ട് ആ ശ്മശാനത്തിൽ
കൊളുത്തിവെച്ച അവസാന മെഴു
കുതിരിയുമണഞ്ഞു. അവർ കല്ലറ
കളിലേക്ക് മടങ്ങി. !!



**A N Sreelakshmi**
First BA English

# Finally answered

Yes I believe it was all because of their prayers ...after my birth my grandma did every offerings to get a grand-daughter. My mum and uncle were also longing for the same then you may think that my family is very fond of girls and that it's not like that they all wanted me to marry due to any issue of partition of ancestral assets .They were all anxious at the time of my aunt's delivery. He, my cousin was born on a pleasant day into an unpleasant context... he was welcomed to our family with curses of course, not loudly, but everyone had a kind of aversion to the binary opposite newborn.

Grandma got a new reason to quarrel with aunt. She was just a useless fellow who could do nothing for the sake of family in the prospect of everyone else except me.

I felt very grateful to my aunt for giving me such a charming and handsome young brother to be my playmate. I was the only one who cared for him besides his mother. Anything special I got was shared with him, he was my partner in crime.

He was not interested in sports or anything like that. He wanted to join dance practice but no one agreed. He was actually very good at dancing and I was the only admirer. He liked to have colourful bangles, grow long hair and also wear earrings without any permission from family. Everyone thought he was such a freak.

But this case was slightly different... while I used dark colours to make my moustache be visible, on the other hand he wanted lipstick to brighten his already red glossy lips. Friends called him names but he never bothered about it. He was beaten up by uncle and my mom's slap and aunt's begging could never change him .At last grandma asked him to leave the house. Without saying anything in return he left home, only taking his black glass bangles .

Still he calls me, I was such a foolish guy who could not stand him. He was brave enough to stand up for himself. I cant say I miss her and want her back in my life, not as my cousin but as my partner. I wanted to swear no one can love her better than me. I was the only one who witnessed her transformation as 'he' became 'she'... I do wish to spend my life with her,to be her partner. Yes I believe it was all because of their prayers.....



# അവനിലെ അവൾ എന്ന ഓർമ്മ



**ആതിര പ്രകാശ്**
ഒന്നാംവർഷം
ബി.എ. ഇംഗ്ലീഷ്

**നി**ലാവ് ഒഴുകുന്ന പല രാത്രികളിലും എന്നെ ഉറങ്ങാതെ ഉണർത്തിയത് ഓരോ സ്വപ്നങ്ങളായിരുന്നു. എന്നാൽ ഇന്ന് നിന്റെയാ നക്ഷത്രകണ്ണുകൾ എന്നെ ഉറങ്ങാൻ അനുവദിക്കാതെ, ഇനിയുള്ള കാലമത്രയും ഉറങ്ങാതെ, എന്റെ മനസ്സിൽ എന്നെന്നും ഓർക്കാൻ കൊതിക്കുന്ന ഒരുപാട് നല്ല നാളെകളാണ് ഇന്ന് ഞാൻ കാണുന്നത് . മുമ്പൊരിക്കലും ഒരു നിലാവിലെ നക്ഷത്രങ്ങൾക്കും എന്നെ മോഹിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന്, എന്നെ ഉണർത്തുന്നത് എന്നെ അതിയായി മോഹിപ്പിക്കുന്നത് നീയാണ്- അല്ല, ഒരിക്കൽ നീയായിരുന്നു.

എന്നാൽ എന്നോ നിനക്ക് ഞാൻ ആരുമല്ലാതായിരിക്കുന്നു. നിന്നോടൊപ്പം ഞാൻ കണ്ട സ്വപ്നങ്ങൾ ഒരു പാടായിരുന്നു. ഒരുമിച്ചിരുന്ന് സ്നേഹിക്കാനും മാറിൽ തലചായ്ച്ചുറങ്ങാനും കൈകളെന്നും മുറുകെ പിടിച്ച് നടക്കാനുമായിരുന്നു എന്നും ഞാൻ കണ്ട സ്വപ്നം. എന്നാൽ ഒരിക്കൽ പോലും നിന്നിലെ എന്നോടുള്ള ആ വ്യക്തമായ സ്നേഹം ഞാൻ അറിഞ്ഞിരുന്നതേയില്ല. എന്റെ ജീവനേക്കാൾ ഒരു പക്ഷേ ഞാൻ സ്നേഹിച്ചിരുന്നത് നിന്നെയായിരുന്നിരിക്കാം.

ഞാൻ നിനക്ക് ആരുമായിരുന്നില്ല എന്ന് മനസ്സിലാക്കാൻ ഞാൻ ഒരു പാട് വൈകിപോയിരുന്നു. അപ്പോഴെക്കും നീ മറ്റൊരാളുടേതായിരുന്നു. സ്നേഹിച്ച് കൊതി തീരും മുമ്പേ നീ അകലങ്ങളുടെ ആഴങ്ങളിലേക്ക് മാഞ്ഞിരുന്നു. നീ എനിക്ക് സമ്മാനിച്ച വേദന, നിനക്കത് വെറും കളിയായിരുന്നിരിക്കണം എന്നാൽ അത് എന്റെ ഹൃദയത്തിൽ പതിഞ്ഞ ആഴത്തെ നീ ഒരിക്കലും അറിഞ്ഞതേയില്ല. എനിക്കേറ്റ മുറിവിന്റെ ആഴമറിയാൻ നിനക്ക് കഴിഞ്ഞില്ല. എന്റെ കണ്ണിൽ നിന്ന് തുളുമ്പി വീണ കണ്ണീരിന് ഒഴുകാൻ കഴിയാത്ത അവസ്ഥ നീ അനുഭവിക്കാതിരിക്കരുതെ., കാരണം ഒരിക്കൽ നീയെനിക്ക് എന്നിലും പ്രിയപ്പെട്ടവളായിരുന്നു.

ഓരോ വിശ്വാസത്തിലും എന്റെ മനസ്സിൽ പതിഞ്ഞ ഛായാചിത്രങ്ങൾ നിന്റേത് മാത്രമായിരുന്നു. രാവെന്നും പകലെന്നുമില്ലാതെ ഞാൻ എഴുതിയ മഷി പുരണ്ട കത്തിലെ ഓരോ അക്ഷരങ്ങൾ പോലും എന്റെ ഹൃദയത്തിൽ കൊത്തിവയ്ക്കപ്പെട്ടവയാണ്. എന്നോ ഞാൻ കണ്ട എല്ലാ സ്വപ്നങ്ങളിലെ മലയോരകളിലും, ചാലുകളിലും, കാറ്റുമെല്ലാം എന്നും നിന്നെ എന്നോട് കൂടുതൽ അടുപ്പിച്ചുകൊണ്ടേയിരുന്നു.

നിന്റെ കണ്ണുകളിലെ ജ്വാല എന്നും എന്നെ മോഹിപ്പിച്ചുകൊണ്ടേയിരുന്നിരുന്നു. സ്നേഹത്തിന്റെ മാധുര്യത്തിന്റെ അങ്ങേയറ്റമായിരുന്നു എന്നും നീ എനിക്ക് നൽകിയ സമ്മാനം. എന്നാൽ ആ സ്നേഹത്തിന്റെ മറുപുറമായ കയ്പ്പും വേദനയും നീ എനിക്ക പഠിപ്പിച്ചു തന്നു. ഒരു സ്വപ്നത്തിൽ പോലും മുറുകെപിടിച്ച നിന്റെ കൈകൾ അടരുന്നതായി ഞാൻ കണ്ടില്ല. ഞാൻ കേട്ട പാട്ടുകളിലെ താളങ്ങളും, ഞാൻ കണ്ട നൃത്തങ്ങളിലെ ചുവടുകളിലും, ഞാൻ ശ്വസിച്ച വായുവിലും, ചുറ്റുമുള്ള കാറ്റിലും ഞാൻ കണ്ടതും അറിഞ്ഞതും നിന്നെ മാത്രമായിരുന്നു.

എന്നാൽ ഇന്ന് നീ എന്നിൽ നിന്നും തട്ടിയെറിഞ്ഞ് എനിക്ക് നിന്നിലുള്ള വിശ്വാസത്തെ മാത്രമല്ല, ഞാൻ എന്തെന്നറിഞ്ഞ സ്നേഹത്തേയും, വിശ്വാസത്തെയും, കരുതലിനെയും അതിനുപരി എനിക്ക് എന്നിലുണ്ടായിരുന്ന വിശ്വാസത്തേയും കൂടിയാണ്.





**അമീന ഷഫീർ**
രണ്ടാംവർഷം
ബി.എസ്.സി. കംപ്യൂട്ടർ
സയൻസ്

# ചില പാതിരാ ചിന്തകൾ !

**മ**ഴയൊന്ന് മെല്ലെ മുട്ടിവിളിച്ചപ്പോൾ മാറ് തുറന്ന്

മഴത്തുള്ളിയെ പുൽകിയ - മണ്ണിനെ -

പട്ടാപകൽ കോൺക്രീറ്റ് കട്ടകൾ ചേർന്ന്

ബലാത്സംഗം പെയ്തെന്ന്

മനം നൊന്ത് മാനം മൊഴി നൽകി ...

കളകള ശബ്ദമുണ്ടാക്കിയ കിളികൾക്ക് നേരെ,

ശബ്ദ മലിനീകരണത്തിന് കോടതി കേസെടുത്തു ...

കാക്കക്കൂട്ടിൽ അതിക്രമിച്ച് കയറി മുട്ടയിട്ട-

കുയിലിനെ നാട് കടത്തി, മുട്ടകൾ എറിഞ്ഞുടച്ചു ...

മെട്രോക്ക് തടസ്സമായി നിന്ന മാവിനെ മരിജ്വാനയാക്കി മുദ്രകുത്തി മുറിച്ച് മാറ്റി ...

വാനോളം പറക്കാൻ കൊതിച്ച തുമ്പിയെ നെഞ്ചോട് ചേർത്ത്

പ്യൂപ്പ പറഞ്ഞു, 'വളരരുത്, പറക്കരുത് ... കാലം കടുത്തമോശമാണ്'.



# വിന്റർ


**സ്നേഹ സുനിൽ**
മൂന്നാംവർഷം
ബി.കോം.


**വീ**ടിനു പുറത്ത് മഞ്ഞ് ശക്തമായി പെയ്തു തുടങ്ങിയിരുന്നു. ജനലിനരികിലിരിക്കുന്ന മേശക്ക് അഭിമുഖമായി അവൾ കൈയ്യിലെ ചില്ലുഗ്ലാസ്സിൽ നിന്നും വോഡ്ക നുണഞ്ഞുകൊണ്ട് ജനപാളിയിലൂടെ പുറത്തേക്കുറ്റു നോക്കി ക്കൊണ്ടിരുന്നു. തണുപ്പിലലിഞ്ഞു നഗരം ഉറങ്ങുകയാണ്. നഗര വീഥികൾക്കിരുവശങ്ങളിലുമായി സ്ഥാപിച്ചിരിക്കുന്ന വിളക്കുകളിൽ നിന്നുമുള്ള വെള്ളിവെളിച്ചത്തിൽ വീടുമുറ്റത്തെ മേപ്പിൾ മരം വ്യക്തമായി കാണാം. ഇലകൾ കൊഴിഞ്ഞതെങ്കിലും മഞ്ഞുകണങ്ങൾ വീണ്ടും പറ്റിപിടിച്ച മരച്ചില്ലകളിൽ മേപ്പിൾമരം കൂടുതൽ സുന്ദരിയായി കാണപ്പെട്ടു. വലതു കൈയ്യിലെ വിരലുകൾക്കിടയിൽ പകുതി ചത്ത സിഗററ്റിൽ നിന്നും അവസാനമായി ഒരുപുക കൂടി എടുത്തവൾ അത് അലസ്സമായി എറിഞ്ഞു. ആ സമയത്താണ് അവളുടെ ഫോൺ ചിലച്ചത്. ഞാനിതാ പുറപ്പെടുന്നു. അതവന്റെ സന്ദേശമാണ്. അവനെ വരവേൽക്കാനാണ് ഈ അർധരാത്രിയിൽ മരവിക്കുന്ന തണുപ്പിൽ കൈയ്യുറകൾ പോലും ധരിക്കാതെ ഒരു ഓഫ് ഷോൾഡർ ബ്ലാക്ക് ഗൗണുമെടുത്തണിഞ്ഞൊരുങ്ങി, തണുപ്പിനെ ചെറുക്കാൻ വോഡ്ക നുണഞ്ഞും സിഗററ്റ് വലിച്ചും അവളിത്ര നേരം ക്ഷമയോടെ കാത്തിരുന്നത്. അധികം വൈകാതെ ആ നിമിഷം സമാഗമമാകുമെന്നോർത്ത് അവൾ പുഞ്ചിരിച്ചു. ആ പുഞ്ചിരിയിൽ തികഞ്ഞ ആത്മവിശ്വാസവും അടങ്ങാത്ത പകയും ഒരുപോലെ തളംകെട്ടി നിന്നു. സമയം പാഴാക്കാതെ അവൾ മുകൾ നിലയിലെ തന്റെ മമ്മിയുടെ ബെഡ്റൂം ലക്ഷ്യമാക്കി നടന്നു. ഡോർ തുറന്നു നോക്കിയപ്പോൾ മമ്മി ഉറക്കത്തിലാണെന്ന് അവൾക്ക് ബോധ്യമായി. അതോടെയവൾ മുറിക്കകത്തേക്ക് പ്രവേശിച്ചു. എന്തോ തിരഞ്ഞുകൊണ്ടിരുന്നു. അരണ്ട വെളിച്ചത്തിലെ അന്വേഷണത്തിനിടയിൽ അവളതു കണ്ടെത്തിക്കൊണ്ട് മനസ്സിലുരുവിട്ടു. അതെ ഇതുതന്നെ തലേന്നു രാത്രി രക്തസമ്മർദ്ധം കുറഞ്ഞതിനെ തുടർന്ന് മമ്മി ഈ ടാബ്ലറ്റാണ് എടുത്ത് കഴിച്ചത്. ഒന്നുകൂടി ഉറപ്പിക്കാനായി അപ്പോൾതന്നെ മമ്മിയറിയാതെ ഡോക്ടർ ഡേവിഡ് അങ്കിളിനെ വിളിച്ചന്വേഷിച്ചത് നന്നായി. അവൾ ഓർത്തു, മമ്മിയും ഡാഡിയുമായുള്ള ബന്ധം വേർപിരിഞ്ഞതിനു ശേഷം മമ്മി മേപ്പിളുകളുടെ നാടായ കാനഡയിലേക്ക് തന്നെ പറിച്ചുനട്ടതിന് ശേഷം അന്നുമുതൽ ഞങ്ങൾക്കിവിടെയെന്നും സഹായത്തിനുണ്ടായിരുന്നത് ഫാമിലി ഫ്രണ്ടുകൂടിയായ ഡോക്ടർ ഡേവിഡ് അങ്കിളാണ്. ഇപ്പോൾ അങ്കിളിന്റെ മൂത്ത മകനും താനുമായുള്ള വിവാഹം ഉറപ്പിച്ചിരിക്കുകയാണ് മമ്മി. മമ്മിയെ തെറ്റു പറഞ്ഞിട്ടും കാര്യമില്ല. ഇപ്പോഴത്തെ എന്റെ അവസ്ഥ മമ്മിക്കറിയില്ലല്ലോ? ഈ ജന്മം എനിക്കെങ്ങനെയാണ് ഒരാളുടെ മുമ്പിൽ വധുവിന്റെ വേഷത്തിൽ അണിഞ്ഞൊരുങ്ങി നിൽക്കാൻ കഴിയുക. ഒരു പക്ഷേ അവസാനമായി തനിക്ക് അണിഞ്ഞൊരുങ്ങാൻ സാധിക്കുന്നത് ഈ രാത്രിയിലായിരിക്കും എന്നോർത്ത് കണ്ണാടിക്കു മുമ്പിൽ ചെന്നവളുടെ സൗന്ദര്യം അവളൊന്നുകൂടി

ബോധ്യപ്പെടുത്തി. അവളുടെ ചില്ലി റെഡ്കളർ ലിപ്സ്റ്റിക് എടുത്ത് ഒരിക്കൽ കൂടി തന്റെ ചുണ്ടുകളിലണിഞ്ഞു കൊണ്ടവൾ കണ്ണാടിയുടെ മുമ്പിൽ കുറച്ചു സമയം പിന്നെയും ചിലവഴിച്ചു. പെട്ടന്നെന്തോ ഓർത്തുകൊണ്ടവൾ ഗോവണി കളിറങ്ങി തന്റെ ബെഡ്റൂമിലെത്തി. ആ സമയം, ചിന്തകളുടെ സ്വാധീനം കൊണ്ടാവാം അവളുടെ കണ്ണുകളിലെ നീലഞരമ്പുകൾ ചുവന്നു തിണർത്തു. അവൾ താഴെയെത്തി അൽപ്പനേരം പിന്നിട്ടപ്പോൾ വീടിനുപുറത്ത് വീണുകിടന്ന മഞ്ഞിൽ തെഞ്ഞിനീങ്ങി അടുത്തുകൊണ്ടിരിക്കുന്ന കാറിന്റെ ഇരമ്പൽ അവന്റേതായിരുന്നു. അവൾ അവനെ തന്റെ മുറിയിലേക്കാനയിച്ചിരുത്തി. സംഭാഷണങ്ങളുടെ ഇടവേളകളിൽ അവൾ പകർന്നു കൊടുത്ത ഓരോ പെഗ്ഗും അവൻ സാവധാനം അകത്താക്കികൊണ്ടിരുന്നു. കുറച്ചുനിമിഷങ്ങൾക്കുള്ളിൽ ലഹരി അവനെ സാവധാനം വിഴുങ്ങിക്കൊണ്ടിരുന്നു. അവന് സംശയം തോന്നാതിരിക്കാൻ ബെഡ്ഡിൽ ചേർന്ന് കിടക്കുന്നതിനിടയിൽ അവൻ സന്തോഷത്തോടെ പറഞ്ഞു. സ്മിർണോഫ്, എന്റെ ഫേവറിറ്റ് അതു തന്നെയാണ് നീ എനിക്കുവേണ്ടി തിരഞ്ഞെടുത്തതും, അവൾ അവനെ ഒന്നു നോക്കുക മാത്രം ചെയ്തു. മരണം അതവന്റെ ശരീരത്തെ വരിഞ്ഞ് മുറുക്കുന്നതും കാത്ത് അവൾ ഓരോ നിമിഷവും എണ്ണി തുടങ്ങി. അവൻ വരുന്നതിനും നിമിഷങ്ങൾ മുൻപാണ് അവൾ ആ ടാബ്ലെറ്റ്സ് മുഴുവൻ പൊട്ടിച്ച് ആ ബോട്ടിലിൽ കലർത്തിയത്. അവൾ ഓർത്തു അന്ന് ഞങ്ങൾ സുഹൃത്തുക്കൾ മാത്രം പങ്കെടുത്ത ആ പാർട്ടിക്കിട യിൽ മയക്കുമരുന്നു കലർന്ന മദ്യം നല്കിയതാരെന്നറിയാതെ. അന്നു താൻ ചതിക്കപ്പെട്ടതിന്റെ തെളിവായി തന്റെ വയറ്റിൽ മുളപൊട്ടിയ വിത്തിനുടമയാരെന്നറിയാതെ, വളരാനിരിക്കുന്ന ആ ജീവന്റെ തുടിപ്പ് എന്നന്നേക്കുമായി അവസാനിപ്പിക്കാൻ മമ്മിയറിയാതെ ഹോസ്പിറ്റലിൽ ചെന്ന് പല ടെസ്റ്റുകളും നടത്തിയപ്പോഴാണ് ആ ചതിയന്റെ ക്രൂരമായ മറ്റൊരു മുഖം സമ്മാനം തന്നെ തേടിയെത്തിയത്. വെസ്റ്റേൺ ബ്ലോട്ട് ടെസ്റ്റിന്റെ ഫലം അത് പോസിറ്റീവാണെന്ന് ഞെട്ടലോടെയാണ് ഞാനറിഞ്ഞത്. അപ്പോഴാണ് തന്നെ ചതിച്ചത് ഏറ്റവും അടുത്ത സുഹൃത്തായ ഇന്നീ രാത്രി തന്റെ ക്ഷണം സ്വീകരിച്ചെത്തിയ ഈ പകൽ മാന്യനാണെന്ന് അതിലേറെ ഞെട്ടലോടെ ഞാൻ തിരിച്ചറിഞ്ഞത്. കാരണം, ഞങ്ങൾ സുഹൃത്തുക്കൾക്കിടയിൽ അത്തരമൊരു മാരകമാരോഗവും പേറി ജീവിക്കുന്നവൻ അവൻ മാത്രമായിരുന്നു. രോഗം അവനെ തളക്കുന്നതിനു മുമ്പ് അവൻ ഇനിയും മറ്റൊരു പെണ്ണിനും തന്റെ അവസ്ഥ വരുത്താതിരാക്കാനാണ് അവന്റെ ജീവനെടുക്കാൻ അവൾ തീരുമാനിച്ചുറച്ചത്. അൽപ്പസമയ ത്തിനുള്ളിൽ തന്നെ അവൻ നിയന്ത്രണാതീതമായി കിതക്കുന്നു, വിയർക്കുന്നു. അവന്റെ പേശികൾ വലിഞ്ഞുമുറുകി. മരണം അവന്റെ കണ്ണുകളെ കൊത്തിവലിക്കുന്നത് ഇമവെട്ടാതെ അവൾ കണ്ടാസ്വാദിച്ചു. ശേഷം ബെഡിൽ നിന്നെഴുന്നേറ്റ അവളുടെ കഴുത്തിലൂടെ ഒരു വെടിയുണ്ട തുളഞ്ഞു കയറി പോയി. കണ്ണുകൾ അടയുന്നതിനു മുമ്പ് തനിക്കുനേരെ വെടിയുതിർത്തത് തന്റെ മമ്മിയാണെന്ന് അവൾ അവ്യക്തമായി കണ്ടു. അവളുടെ മമ്മിയുടെ മുഖത്ത് ഒരു ഭാവവ്യത്യാസവുമുണ്ടായിരുന്നില്ല. കാരണം അവർ ലക്ഷ്യം വച്ചത് അവളെ തന്നെയായിരുന്നു. അവൾ തെറ്റ് ചെയ്തു. മരണമല്ലാതെ മറ്റൊരു ശിക്ഷ അവൾക്ക് കൊടുക്കാനില്ലായിരുന്നു. അവൾ സ്വയം വിധിക്കുകയായിരുന്നു. ബെഡിനടുത്തുപചെന്ന് അവർ പുതപ്പെടുത്ത് നീക്കി തന്റെ മകൾ മരിച്ചു കഴിഞ്ഞിരിക്കുന്നു. അവർ മനസിൽ ഉരുവിട്ടു. അവളുടെ നഗ്നമായ മാറിലൂടെ രക്തം ഒഴുകി പരന്നുകൊണ്ടിരുന്നു. അപ്പോഴാണ് അവർ ശ്രദ്ധിക്കുന്നത്, തന്റെ മകളുടെ അടുത്ത് കിടക്കുന്ന ആ ചെറുപ്പക്കാരനും മരിച്ചിരിക്കുന്നു. അവർ ഭയന്നുകൊണ്ട് തന്റെ മുറിയിലേക്കോടി. ഡോക്ടർ ഡേവിഡ് വിളിച്ചു പറഞ്ഞ കാര്യമോർത്ത് കൊണ്ടവർ തന്റെ മെഡിസിൻസ് എടുത്ത് പരിശോധിച്ചു. അതിൽ തന്റെ മകൾ അദ്ദേഹത്തെ വിളിച്ചന്വേഷിച്ചുവെന്നു പറഞ്ഞ ആ ടാബ്ലെറ്റ്സ് നഷ്ടമായ കാര്യം അവർ തിരിച്ചറിഞ്ഞു. കൂടാതെ അത് കഴിച്ചതിനെ തുടർന്നാണവൻ മരിച്ചതെന്നും തന്റെ മകൾ തന്നെയാണ് അതവന് നൽകിയതെന്നും അവർക്ക് ബോധ്യമായി. പക്ഷേ എന്തിനുവേണ്ടി അവളത് ചെയ്തുവെന്ന സംശയം അവരിൽ ബാക്കിയായി. അപ്പോഴാണ് എതിരെയുള്ള കണ്ണാടിയിൽ എന്തോ എഴുതിയിരിക്കുന്നതായി അവരുടെ ശ്രദ്ധയിൽപ്പെട്ടത്. അവർ നെറ്റിയിലെ വിയർപ്പ് തുടച്ച് കൊണ്ട് കണ്ണാടിക്കടുത്ത് ചെന്നു. അതിൽ ചുവന്ന ലിപ്സ്റ്റിക് കൊണ്ട് ഇങ്ങനെ എഴുതിയിരുന്നു. ഞാനിന്ന് മമ്മിയുടെ പഴയ മകളല്ല.... മരണം കാത്തിരിക്കുന്ന ഒരു എയ്ഡ്സ് രോഗിയാണ്, തന്നെ ചതിച്ചവനോടുള്ള പ്രതികാര ത്തിനായി തയ്യാറെടുത്തിരിക്കുന്നവൾ. വായിച്ചു തീർന്നതും സങ്കടം സഹിക്കാതെ അവർ ആ കണ്ണാടിയിൽ ആഞ്ഞടിച്ചു. എന്നിട്ടുറക്കെ വിലപിച്ചു. പാപിയാണ് ഞാൻ തന്റെ മകളുടെ ഭാഗത്തെ ശരി കാണാൻ പോലും നിൽക്കാതെ അവളെ കൊന്നു കളഞ്ഞ മഹാ പാപി. ഇനി ഞാൻ ജീവിച്ചിരിക്കാൻ പാടില്ല. അവർ കണ്ണീർ തുടച്ചും തന്റെ റിവോൾവർ എടുത്ത് തലയോടു ചേർത്ത് വച്ച് കാഞ്ചി വലിച്ചു. ഭയാനകമായ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഒരു നിലവിളി അവിടെ ഉയർന്നു. മമ്മീ.. പെട്ടന്നവൾ കണ്ണു തുറന്ന് ചുറ്റും പകച്ചുനോക്കി. പുറത്തിപ്പോഴും മഞ്ഞ് ശക്തമായി പെയ്യുകയാണ്....മുകളിലെ മുറിയിൽ തന്റെ മമ്മി സുഖമായി ഉറങ്ങുകയായിരിക്കും. ആരോ വരച്ചുവച്ച ചിത്രം പോൽ മേപ്പിൾമരം മുറ്റത്ത് നിശ്ചലമായി മഞ്ഞ് പുതച്ച് നിൽക്കുന്നു. കൈയ്യിൽ നിന്നും വഴുതി താഴെ വീണുപോയ ഗ്ലാസ് പൊട്ടിച്ചിതറിയിരുന്നു....ആ ചില്ലു കക്ഷണങ്ങൾ അവളെ നോക്കി പല്ലിളിച്ചു....ആ സമയത്താണ് അവളുടെ ഫോൺ ചിലച്ചത്. ഞാനിതാ പുറപ്പെടുന്നു. അതവന്റെ സന്ദേശമായിരുന്നു.



# MY OTHER HALF



**Athira Vijayan**
Third year B.Com

"Ammu I want to talk" she said in a weak gacked voice. Extreme rage stood above my concern for her "Anju we have to talk about this before we score high enough to get a scholarship". I cut the call and immediately switched it off, because it was my dreadful habit to switch off the phone when I was unable to control my emotions. Yes I was running away from life. I was ignoring the things I didn't want to face. who was she? she was my twin, my other half. She was the one who shared the same womb with me, she was my life and that was the last time I heard her voice...

I don't remember the first time I saw her face, but it should have been the moment life imparted in me (technically speaking)- I was the older twin: I was 56 seconds elder than her and I never took that 56 seconds in a lighter way.

For her I was a big sister ; no I was not a big sister but a big brother.

I lied on our bed where we both used to share our dreams for the last 20 years. Beside the bed there was a shelf filled with trophies and showpiece items. The toys were one of a kind. The other section was filled with guns, racing cars etc.
"Ammu, can you play with me for a while", she asked me one day and I had a good smile -yep, we will play but, I will decide what. We will play boxing - she hated playing boxing. She was weaker and thinner than me . One-day I nearly broke her nose playing but she, being my kid sister, never let me be held accountable for guilty of hurting her.

Tears rolled down my

cheeks when I touched her toys. When we shifted our house at the age of 15 I wanted to dispose those toys. She begged me to keep them

"Ammu please understand these toys, they mean a lot to me. One day you will know their value". I always teased and scolded her for being so childish.

I stabbed at her heart by asking her to grow up, face the world and act matured, but my little sister !.... now I know their value these toys ..I caress them every time, as they contain pieces of my Anju's soul. Everyday she kissed them, said goodbye before sleeping ,she talk to them she washed and cleaned them. Now I have lost her all I have is them

I went to the drawing room. I saw my mama, she was lying on the sofa with Anju's picture. I struggled to control my tears, but she was crying looking at the wall. There was a quote "double the Giggles double the fights double the trouble I am blessed to be the mother of twins".

"Did you eat anything?" I asked my mother "no should I make you something" replied mama "no I am not hungry" I said. As I was about to turn back Amma caught my hand "do you miss her? "ocean of my tears released a huge wave. I held her so tightly .I let out a huge scream. Mama cried "oh God why? Why did you do this to me? You took my husband first.... now you have took my daughter too ....take us too please....

I wiped her tears I had to be strong .This strong image of mine had taken control ever since my dear dad had died of a heart attack. It was sudden and unexpected; we fell emotionally and financially .It was a hard time for our family. Anju was shattered even mama couldn't keep her mind and body together. I was forced to be strong take the authority so I changed. Thinking about it now, I shouldn't have changed that much.

I worked twice harder, studied in the morning and worked at night. But I didn't let my sister work. She wanted to help me so badly, but I was in command.. she never did anything for herself, but for me -she even prayed for my life and success. Initially she topped classes and then her marks started falling.! I thought it was because she was getting spoiled. I failed to understand my sister.

I called her on phone and screamed at her I didn't even let her speak. Once I said I hated her and never wanted to see her face again. I could hear wailing on the other side but that didn't stop me. My heart had turned into a stone.

"She was suffering from cancer ...." said my mum, "the only thing she made me promise- was not to share it with you. She loved you so much. Since both of you were studying in different states it was easier if I had stayed with her through chemo. She celebrated her last days, embraced and loved all human beings. She was not scared of anything but leaving you all alone. One day she was not feeling very good and she called you but couldn't get through. This passed through my heart.

I didn't get to say a final goodbye. I didn't let her. I never kissed her when she asked for it. Now I could only kiss her lifeless body . Oh! God! If I had one more chance I would have kissed her again and again and again......





**റൈഹാന ഷെറിൻ കെ.**
എം.എസ്.സി.സൈക്കോളജി

# അവസാനം

**ക**ണ്ണിൽ ചോര പൂക്കണം
മുടിക്ക് വാസന കൂട്ടണം
അവയിലായിരം മുല്ല
പൂക്കൾ തെറുക്കണം
നടന്നാടി യുലയണം എൻ
ചുവടുകൾ
വെന്തു വെണ്ണീറാകണം
നിന്റെ പരമമെന്നൊരീ വദനം
ഇത്,
മധുരമീ ബാല്യ സ്മരണ
ക്കയത്തിൽ മുറിവേറ്റ മേനിതൻ നാളം
തുടരുവാനാവില്ല തുടകൾക്കു കീഴെ
വിധിയെ പഴിച്ചൊരീ നാട്യം
പൊള്ളുന്നൂ, സകലമീ-
പ്രപഞ്ച അർദ്ധനാരിയു.
കാലത്തിൻ മുറിവിൽ
ചോരവാർത്തെടുക്കുന്നൊരുവർ
ഇപ്പോൾ വിശേഷമായൊരീ
മജ്ജയും
ആയിരം കണ്ണുകൾ ചൂഴ്ന്നെടുക്കുന്നു നഗ്നത,
പാരിന്റെ പരമമായ
പൊരുളിനൊരു കൂട്ടിനത്രെ
കഷ്ടം
ഞാൻ വരും
തിരയുടെ തുരയിൽ
നിനക്കു പൂവിടാൻ
എന്റെ മേഹങ്ങൾക്ക്
ചോര വാർന്ന ആഴിയായ്



# കോടമഞ്ഞ്



**മേഘ പി. സി.**
മൂന്നാംവർഷം
ബി.കോം

**അ**ന്ന് എന്തുകൊണ്ടാണ് അത്രയും മഞ്ഞ് മൂടികെട്ടി നിന്നത് എന്നവന് അറിയില്ലായിരുന്നു. ബിസിനസ്സ് സംബന്ധമായി ഒരു ടൂർ ഉണ്ടെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയപ്പോൾ അവളുടെ മുഖം മൂടികെട്ടിയിരുന്നു പെയ്യാൻ കാത്തുനിൽക്കുന്ന കാർമേഘം പോലെ അവൾ ആ പടിവാതിൽ ചാരി നിന്ന് കാറിൽ ഇരുന്നുകൊണ്ട് അവൻ അവളെപ്പറ്റി ചിന്തിച്ചുകൊണ്ടേയിരുന്നു. യഥാർത്ഥത്തിൽ അവന്റെ ഭാര്യയെ അവൻ ഒരുപാട് സ്നേഹിക്കുന്നുണ്ട്. അവൾ ഒരു പതിവ്രതയായ ഭാര്യയാണ്. അവളെപ്പോലെ ആ സ്ഥാനം കൈകാര്യം ചെയ്യാൻ ആർക്കും കഴിവുണ്ടാവുകയില്ല. എന്നിട്ടും അവൻ വേറൊരു ചുഴിയിൽ അകപ്പെട്ടുപോയി. ജോലിസ്ഥലത്ത് ആ സ്ത്രീ അവനോട് കാണിക്കുന്ന ആവേശം, ഭ്രാന്തമായ അടിമപ്പെടൽ അതെല്ലാം അവനെ ആ രണ്ടാമത്തൊരു സ്ത്രീയിലേക്ക് ആകർഷിച്ചുക്കൊണ്ടിരുന്നു. ഇന്ന് പോകുന്നത് അവളുമൊത്ത് കുറച്ചു നാളുകൾ പങ്കിടാനാണ്. അവൾ കുറച്ച് ഓർമ്മകൾ കടമായി തരുവാൻ അഭ്യർത്ഥിച്ചപ്പോൾ ഭിക്ഷയായി കുറച്ച് നൽകാമെന്ന് ഏറ്റു. യഥാർത്ഥത്തിൽ മനസ്സിൽ അഹങ്കാരമാണ് തോന്നിയത്. തന്നെ ദൈവത്തെപ്പോലെ കാണുന്ന രണ്ട് സ്ത്രീകൾ അവസാനം വയനാട്ടിലെത്തി ഫോണിൽ അവളുടെ മെസേജ് വന്നുകൊണ്ടേയിരുന്നു. ആകാംക്ഷ കൂടി അവൾ നേരത്തെ എത്തിയിരുന്നു. അവിടെയെല്ലാം കോട മഞ്ഞായിരുന്നു. അവൾ മെല്ലെ അവന്റെ അടുത്തേക്ക് നീങ്ങി. അവൻ ഒരു മലയടിവാരം ചൂണ്ടിക്കാട്ടി. അങ്ങോട്ട് പോകാമെന്ന് പറഞ്ഞു. അവിടെ നിന്നുകൊണ്ട് ആ കോടമഞ്ഞിലേക്ക് അവർ വെറുതെ നോക്കി നിന്നു. അവർ ആ കോടമഞ്ഞിനുള്ളിൽ പല ചിത്രങ്ങളും കണ്ടു. അവൾ ആകട്ടെ അവന്റെ മുഖം തെളിഞ്ഞുകണ്ടു. അവനാകട്ടെ എവിടെ നോക്കിയാലും തന്റെ ഭാര്യയുടെ മുഖം മാത്രം. ആ മഞ്ഞിലും അവൾ തന്നെ പിൻതുടരുന്നതു പോലൊരു തോന്നൽ.

ഇല്ല അവനെക്കൊണ്ട് സാധിക്കുന്നില്ല ഈ നാടകം. അഭിനയിക്കാനാകുന്നില്ല. അവസാനം അവളോട് ക്ഷമ യാചിച്ച് രണ്ടു പേരും കൂടി ഒരുമിച്ച് തിരിച്ച് യാത്ര പുറപ്പെട്ടു. ആ കോടമഞ്ഞിനുള്ളിലും അവൻ വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. അവയെല്ലാം തനിക്ക് പൊള്ളുന്നപോലെ. പക്ഷെ വിധി മറ്റൊന്നായിരുന്നു. അവരുടെ വാഹനം അപകടത്തിൽപ്പെട്ടു. അവൾ യാത്രയായി, അവൻ കണ്ണു തുറക്കുമ്പോഴൊക്കെ ആ കോടമഞ്ഞിനാൽ മൂടപ്പെട്ടത് മാത്രം കണ്ടു. ദിവസങ്ങൾക്കു ശേഷം ആ മഞ്ഞ് ഉരുകി ഇല്ലാതായി തന്നെ ശുശ്രൂഷിക്കുന്നു. തന്റെ ഭാര്യയുടെ ആ ദേവതയുടെ മുഖം കണ്ടു. അവൾക്കെല്ലാം മനസ്സിലായിരുന്നു. എന്നിട്ടും തന്റെ ദൈവത്തോട് ഒരു പരാതിയും പറയാതെ അതിനെ ആരാധിച്ചുക്കൊണ്ടിരിക്കുന്നു. അവൾ ഒരു കോടമഞ്ഞു തന്നെയാണ്, അയാളുടെ ജീവിതത്തിൽ അത് എപ്പോഴും അയാൾക്കു ചുറ്റും ആ കോടമഞ്ഞുണ്ടാകും. അലിയാത്ത മഞ്ഞുകട്ടയായി അവളും. ഈ കോടമഞ്ഞിൽ നിന്നും അവന് മോചിതനാകാൻ കഴിയില്ല. ഏതു മരുഭൂമിയിലും ഏതു വേനൽ വന്നാലും അവൻ തിരിച്ച് ആ മഞ്ഞുവലയത്തിനുള്ളിൽ അഭയം പ്രാപിക്കുന്നു അതിനുള്ളിൽ അവൻ സുരക്ഷിതനാണ്. ഒരു ചൂടും തട്ടാതെ, ഒരു വെയിലുമേൽക്കാതെ.



# നെയ് പായസം ഒരു അവലോകനം



**ഡോ. മിലു മരിയ ആന്റോ**
ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്കോളജി

**ക**മലസുരയ്യ എന്ന നാമധേയത്തിൽ അവസാന കാലഘട്ടങ്ങളിൽ അറിയപ്പെട്ടിരുന്ന കമലദാസ് ഇംഗ്ലീഷ് കവയിത്രിയെന്ന നിലയിലും മാധവിക്കുട്ടി എന്ന പേരിൽ മലയാള കഥാരചനകളാലും പ്രസിദ്ധയായിരുന്നു, 1934 മാർച്ച് 31 ന് തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളത്തെ പ്രസിദ്ധമായ നാലപ്പാട്ടു തറവാട്ടിൽ ജനനം. അമ്മയായ ബാലാമണിയമ്മ മലയാളത്തിലെ പ്രസിദ്ധ സാഹിത്യകാരിയായിരുന്നു. അമ്മാവനായിരുന്ന നാലപ്പാട്ട് നാരായണമേനോൻ മലയാള എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, സാഹിത്യ അക്കാദമി അവാർഡ്, ഏഷ്യൻ പോയട്രി പ്രൈസ് തുടങ്ങി ഒട്ടേറെ ബഹുമതികൾ നേടിയിട്ടുണ്ട്. ബാല്യകാലം കർക്കട്ടയിൽ ചെലവഴിച്ചു. 15 -ാം വയസ്സിൽ വിവാഹിതയായ കമലയുടെ രചനയോടുള്ള അഭിവാഞ്ഛയെ ഭർത്താവും ബാങ്ക് ഉദ്യോഗസ്ഥനുമായ മാധവ് ദാസ് ഒരു പാട് പ്രോത്സാഹിപ്പിച്ചിരുന്നു. ബാല്യകാലസ്മരണകൾ, എന്റെ കഥ, നീർമാതളം പൂത്തകാലം എന്നീ കൃതികൾ ആത്മകഥകളാണ്. പക്ഷിയുടെ മണം, തണുപ്പ്, നഷ്ടപ്പെട്ട നീലാംബരി തുടങ്ങിയവ കഥാസമാഹാരങ്ങളാണ്. ചന്ദനമരങ്ങൾ, കടൽ മയൂരം, വണ്ടിക്കാളകൾ തുചടങ്ങിയവ അറിയപ്പെടുന്ന നോവലുകളാണ്. ജീവിതത്തിലെ അവസാന വർഷങ്ങൾ മുസ്ലീം മതം സ്വീകരിക്കുകയും പൂനെയിലെ ഒരു ഹോസ്പിറ്റലിൽ 2009 മെയ് 31 ന് അന്തരിക്കുകയും ചെയ്തു.

നെയ്പ്പായസം എന്ന ചെറുകഥ ആനുകാലിക പ്രസക്തിയുള്ള ഒരു രചനയാണ്. കഥ തുടങ്ങുന്നത് ഭാര്യയുടെ ചരമക്രിയ കഴിഞ്ഞെത്തുന്ന ഒരു ഭർത്താവിൽ നിന്നാണ്. ഭാര്യയെ അടുക്കളയിൽ കുഴഞ്ഞ് വീണ് ഹൃദയസ്തംഭനം മൂലം മരണപ്പെട്ടതായി കണ്ടെത്തുന്ന ഭർത്താവ് അതോടൊനുബന്ധിച്ച് മനനം ചെയ്യുന്നതാണ് ഇതിവൃത്തം.

ഒരു ഇടത്തരം കുടുബത്തിന്റെ കൊച്ച് കൊച്ച് സ്വപ്നങ്ങൾ ഈ ചെറുകഥയിൽ വ്യക്തമായി വച്ചു കാണിക്കുന്നു. മാതാപിതാക്കളുടെ സമ്മതത്തോടെയല്ലാത്ത പ്രണയവിവാഹവും അതിനുശേഷം ജീവിതം നേടാനുള്ള നെട്ടോട്ടത്തിൽ പ്രപഞ്ചം മങ്ങുന്നതും യഥാർത്ഥ്യങ്ങൾ തെളിയുന്നതും ഇവിടെ ചുരുങ്ങിയ വാക്കുകളിൽ കുറിച്ചിരിക്കുന്നു. പ്രണയസാഫല്യത്തിൽ നിന്നു ജന്മം കൊണ്ട് മൂന്നു കുരുന്നുകളെ ഏതുമാതാപിതാക്കളെയും പോലെ വലിയവരായി കാണാൻ അവർ ആഗ്രഹിക്കുന്നു. അതിനായുള്ള അശ്രാന്ത പരിശ്രമത്തിൽ ഈ ദമ്പതികൾ സ്വന്തം ആരോഗ്യത്തെ അവഗണിക്കുന്നു. സാമ്പത്തികമായ ഉന്നമനത്തിന് ഭർത്താവ് പരിശ്രമിക്കുമ്പോൾ തങ്ങളുടെ കൊച്ച് ഭവനത്തെ ആ അമ്മ ജീവനറ്റതാക്കുന്നു.

സാധാരണ ഏതു കുടുംബത്തിലും സംഭവിക്കുന്ന പോലെ ഭർത്താവിന്റേയും കുട്ടികളുടെയും ജീവിതത്തിൽ അമ്മയെന്ന വ്യക്തിയ്ക്ക് അതിയായ സ്വാധീനമുണ്ടെങ്കിൽ പോലും ഏറ്റവും അവഗണിക്കപ്പെടുന്ന കഥാപാത്രവും അമ്മ തന്നെ. നിത്യേനയുള്ള അവരുടെ വചനങ്ങളും പ്രവൃത്തികളും എല്ലാവർക്കും അപ്രസക്തമായി. എന്നാൽ പെട്ടെന്ന് ഉണ്ടായ

അവരുടെ അസാന്നിദ്ധ്യം ആ കുടുംബത്തെ എത്ര ആഴത്തിൽ ബാധിക്കും എന്നോർത്ത് വായനക്കാർ വരെ ദിവസങ്ങളോളം അസ്വസ്ഥരാകാൻ ഇടവരത്തക്ക രീതിയിൽ ആഴത്തിലുള്ള വൈകാരികത രചനയെ ശ്രദ്ധേയമാക്കുന്നു. പ്രണയിനിയായ സ്ത്രീയിൽ നിന്നും ഭാര്യാപദവിയിലേക്ക് പ്രവേശിച്ചപ്പോൾ ഉണ്ടാകുന്ന ശാരീരികവും വൈകാരികവുമായ മാറ്റം ഒരു സ്ത്രീയിലെങ്ങനെ എന്ന് ചുരുങ്ങിയ വാക്കുകളിൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. ജീവിതം നേടാനുള്ള നെട്ടോട്ടത്തിലോ അതോ പുരുഷ സഹജമായ നിസ്സാരവൽക്കരണം മൂലമോ ഭാര്യയുടെ ആരോഗ്യ സ്ഥിതിയോ മാനസിക വ്യാപാരമോ മനസ്സിലാക്കാൻ ഭർത്താവ് അപര്യാപ്തനാകുന്നു. ഭാര്യയുടെ അവസാന നിമിഷങ്ങളിലെ വചനങ്ങളും പ്രവൃത്തികളും ഓർത്തെടുക്കാൻ പോലും അദ്ദേഹം തീവ്രശ്രമം നടത്തേണ്ടി വരുന്നു. മഞ്ഞൾ പുരണ്ട കൈകളും അവസാനം ഓർത്തെടുത്ത വാചകവും വായനക്കാർക്ക് അപ്രസക്തമാണെങ്കിലും ആ ചെറിയ ഓർമ്മയിലെങ്കിലും അവരുടെ സാമീപ്യം ലഭിക്കാൻ അദ്ദേഹത്തിന്റെ പ്രയത്നം വായനക്കാരെ ദു:ഖത്തിലാഴ്ത്തുന്നു.

കഥയുടെ മർമ്മപ്രധാനമായ ഭാഗം മരണത്തിനു നിമിഷങ്ങൾ മുമ്പു വരെ കർമ്മനിരതമായ ഭാര്യയുടെ അവതരണമാണ്. കുട്ടികൾക്ക് ഭക്ഷണത്തോടൊപ്പം നെയ്പ്പായസം ഉണ്ടാക്കി വയ്ക്കുമ്പോൾ സ്നേഹവായ്പിൽ ഉരുകി അലിഞ്ഞുപോയ വയ്ക്കുമ്പോൾ സ്നേഹവായ്പിൽ ഉരുകി അലിഞ്ഞുപോയ ആ നേർത്ത രൂപം വേദനയായവശേഷിക്കുന്നു. നെയ്പ്പായസം അന്നത്തെ അത്താഴത്തിന്റെ മുഖ്യവിഭവമാകുമ്പോൾ തന്റെ മരണം അവൾ മുന്നിൽ കണ്ടിരുന്നോ എന്ന് സംശയം തോന്നിയേക്കാം. വളരെ പ്രധാനപ്പെട്ട ദിനങ്ങളിൽ മാത്രം ഉണ്ടാക്കിയേക്കാവുന്ന ആ വിഭവം ഈ പ്രത്യേക ദിനത്തിൽ ഒരു തരത്തിലുള്ള ചോദ്യചിഹ്നമായി മാറുന്നു. അതിന്റെ രുചിയെപ്പറ്റി കുട്ടികൾ പ്രശംസിക്കുമ്പോൾ തന്റെ ഏറ്റവും നല്ലത് മകൾക്കു പകർന്നു നൽകിയ കാലയവനികക്കുള്ളിൽ മറഞ്ഞ അമ്മ സ്നേഹ സമുദ്രമായി മാറുന്നു.

സ്ത്രീ എത്ര തന്നെ സമൂഹത്തിൽ അപ്രസ്ക്തയായാലും, വിവേചനത്തിന് ഇരയായാലും അവളുടെ അഭാവം അനാഥത്വത്തിന് തുല്യമാണെന്ന സത്യം ഇവിടെ എടുത്തു കാണിക്കാൻ ലേഖികയ്ക്കു കഴിഞ്ഞു. വായനക്കൊടുവിൽ നെടുവീർപ്പിടുന്നു. ആസ്വാദകർ വാക്കുകളുടെ മായലോകത്തു നിന്നു തിരികെ വരുമ്പോൾ ഇതു യഥാർത്ഥ്യമല്ലെന്ന് വിശ്വസിക്കാൻ സമയമെടുക്കുന്നു.

എഴുത്തുകാരി എന്ന നിലയിൽ മാധവിക്കുട്ടിയ്ക്ക് ലഭിച്ച ഏറ്റവും വലിയ ബഹുമതിയും അതുതന്നെയാണ്. അമ്മയുടെ വാത്സല്യവും അച്ഛന്റെ സംരക്ഷണവും വായനക്കാർ അനുഭവിച്ചറിയുമ്പോൾ ഈ എഴുത്തുകാരിയുടെ അടുത്ത രചനകൾക്കായി അവർ ദാഹിക്കുന്നു. നെയ്പായസം എല്ലാവരുടെയും ഹൃദയത്തിൽ ഒരു നീറുന്ന ഓർമ്മയാകുന്നു.





# THAT LONG SILENCE



**Annliya Shaijan**
Third year
B.A English

Huh! Silence!
That long silence…
When I was ripped apart
When my silence screamed aloud
Awakening even the pits of hell…

In their midst
I was a lonely being,
Scrounging for help, for none to hear.
My pain is all mine.
It was like peeing on me
I was their toilet to be used.
Captured and suppressed,
Hands tide, dangling between my legs,
Paralysing me forever.
All that I held as my treasure
Stolen away for a pleasure
I can never understand.

You brutal folk!
What do you ponder?
I silenced myself
‘cause I wanted to live
Not to quench your desires,
Grabbing away all I savoured.
All you had of me is an ounce of mud,
My precious soul unhinged.
Times are not far,
When your self will shudder,
To long to wrap off your deeds.

What am I apt to do?
How should I dream?
When is when, my inevitability?

I will no longer be me;
All the fragments stitched together
Has left a scar forever,
Plunging me into the abyss of solitary.



# ദാഹം



**പുണർത കെ. ജെ.**
ഒന്നാംവർഷം ബി.കോം.

**വി**ണ്ട കാലുകൾ പതുക്കെ നീങ്ങുകയാണ്. ലഷ്യത്തിലേക്ക് അവ മന്ദഗതിയിൽ ചലിക്കുന്നു. മുകളിൽ സൂര്യന്റെ ചൂടിൽ അയാളുടെ കഴുത്തിലെ വിയർപ്പുകണങ്ങൾ ശോഭിച്ചു. കൈകളിൽ പഴക്കം ചെന്ന ഒരു അലുമിനിയം പാത്രവും കുടവുമുണ്ട്. മെലിഞ്ഞ മധ്യവയസ്കയായ സ്ത്രീ അവൾ മെല്ലെ മെല്ലെ അഴുക്കുചാലിനടുത്തുള്ള പൈപ്പ് ലക്ഷ്യമാക്കി നടന്നു. ഉഷ്ണക്കാറ്റിന്റെ ദുർഗന്ധം ശരീരത്തെ തളർത്തുന്നതായിരുന്നു. പക്ഷേ അവർക്കത് പരിചിതമായിരുന്നു. പതിവുപോലെ ഇന്നും ആളുകൾ തിങ്ങി നിറഞ്ഞിട്ടുണ്ട്. കുഴമ്പു മണക്കുന്ന രാധയും അവരുടെ തള്ളയും മുന്നിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അവരാണ് വെള്ളത്തിവ് കടിപിടി കൂടാറുള്ളത്. ചില സമയങ്ങളിൽ രാധയുടെ അശ്ലീല വാക്കുകൾ അവിടെ മുഴങ്ങും. നീണ്ടു വികൃതമായ നിരയുടെ അവസാനം അവൾ നിന്നു. ചിലപ്പോൾ ആ നിരക്ക് അവസാനമില്ലാത്തതായി തോന്നും. കൂടം പതുക്കെ നിലത്തു വച്ചു. മുന്നിലെ സ്ത്രീയുടെ കയ്യിൽ ഒരു കുഞ്ഞ് കിടക്കുന്നു. അവൻ അവരെ തെല്ലു സംശയഭാവത്തോടെ നോക്കി. വന്നിട്ടധികനേരമായി എന്നത് അവന്റെ മുഖത്ത് വ്യക്തമാണ്. തെരുവിന്റെ അഗ്രഭാഗത്തു നിന്നും വാഹനങ്ങളുടെ നേരായ ശബ്ദം കേൾക്കാം. അതിൽ ലയിച്ചു നിന്നപ്പോൾ ആരൊക്കെയോ മുന്നിൽ കയറി കൂടിയതവൾ അറിഞ്ഞില്ല. ഇന്നവൾക്ക് ധൃതിയുണ്ട്. ഭർത്താവ് തനിച്ചാണ്, ഇന്നലെ അയാളുടെ അസുഖം മൂർച്ചിരുന്നു. കാലിൽ നീരു വന്നു തളർത്തുന്ന രോഗം അവളെ ബാധിച്ചിട്ട് വർഷം രണ്ടായി. രണ്ടുപേർ മാത്രമുള്ള കുടുംബം അവർക്ക് മക്കളില്ല. ഏകാന്തതയും ദുരിതങ്ങളും രോഗവും മാത്രം. ആ സ്ത്രീ ഇഷ്ടികച്ചൂളയിൽ വെന്തുരുകി ലഭിക്കുന്ന വരുമാനം. ജീവിതത്തെ എങ്ങനെയോ മുന്നോട്ട് നയിക്കുന്നു. അവരുടെ മുടിയിഴകളിലൂടെ വിയർപ്പ് അരിച്ചിറങ്ങിക്കൊണ്ടിരിക്കുന്നു. അവൻ പതുക്കെ മുൻനിരയിലേക്ക് നോക്കി. ആ കുഞ്ഞ് ഇപ്പോൾ ഉറങ്ങുകയാണ്, അവന്റെ ലാളിത്യമുള്ള മുഖം അവരെ എന്തൊക്കെയോ ഓർത്തെടുക്കാൻ പ്രേരിപ്പിച്ചു. നിരയുടെ നീളം വർദ്ധിക്കുകയാണ്. ആദ്യകാലങ്ങളിൽ വന്നിരുന്ന വെള്ളം വണ്ടി ഇപ്പോൾ വരാറില്ല. കാലപ്പഴക്കത്താൽ കേടുപാടുകൾ സംഭവിച്ച പൈപ്പിൽ നിന്നും ജലം കുറെശ്ശേയായി ഇറ്റു വീണുക്കൊണ്ടിരിക്കുന്നു. ചുമക്കുന്ന രോഗിയെപ്പോലെ, അത് ആളുകളുടെ ക്ഷമയെ പരീക്ഷിക്കുകയാണോ എന്ന് ചിലപ്പോഴൊക്കെ തോന്നിയിട്ടുണ്ട്. എന്നാൽ ഇവർക്ക് ക്ഷമയുണ്ട്. കാലം അവരെ ക്ഷമയുള്ളവരാക്കി തീർത്തിട്ടുണ്ട്.

ചൂട് കൂടി വന്നു അത് പാദങ്ങളെ വേദനിപ്പിക്കുന്നു. സമയത്തിന് ദൈർഘ്യം കൂടുന്നതായി തോന്നി. അവൾ നിശ്ചലയാണ്. ഇടക്ക് രാധ എന്തൊക്കെയോ പുലമ്പുന്നതായി കേട്ടിരുന്നു. ഇപ്പോൾ ആ കൂട്ടത്തിൽ രാധയുടെ മുഖം കാണാനില്ല. ഇനിയും നിരയുടെ നീളം കുറഞ്ഞിട്ടില്ല. വെയിലിന്റെ ക്രൂരതയും എന്തോ ഓർത്തുകൊണ്ട് അവർ ആ നിൽപ് തുടർന്നു. വെയിൽ കുറയുകയാണ്. തെരുവിലെ തിരക്കും ശ്രമിച്ചുകൊണ്ടിരുന്നു. അതെ, നേരം സന്ധ്യയായിരിക്കുന്നു. പക്ഷേ ആ മാറ്റം അവർ അറിഞ്ഞില്ല. അൽപം ബുദ്ധിമുട്ടി മുൻ നിരയിലേക്ക് ഏന്തി വലിഞ്ഞു നോക്കി. നിരയുടെ നീളം കുറഞ്ഞിട്ടുണ്ട്. അതിനൊപ്പം കാൽപാദങ്ങളും ഏറെ ദൂരം നീങ്ങിയിട്ടുണ്ട്. തനിക്കു മുന്നിൽ ഇനി 2 പേർ കൂടിയെ ഉള്ളൂ. കാത്തിരിപ്പിനൊടുവിൽ അവർ ഒഴിഞ്ഞുമാറി. ഞരമ്പു പൊന്തിയ കൈകൾ കൊണ്ട് അവർ കുടം പൈപ്പിനു താഴെ വച്ചു.

പക്ഷേ പൈപ്പിൽ നിന്നും ഒരു തുള്ളി ജലംപോലും അതിൽ വീണില്ല. കൂട്ടം തെറ്റി പിരിയുന്ന ഉറുമ്പുകളെ പോലെ ആൾകൂട്ടം ഒന്നൊന്നായി പിരിഞ്ഞു. അവൾ മാത്രം അവശേഷിച്ചു. തുരുമ്പിച്ച പൈപ്പിലേക്ക് അവൾ സൂക്ഷ്മമായി, അല്ലെങ്കിൽ ദയനീയമായി നോക്കി, അതും ഒടുങ്ങി ആ പൈപ്പും താനും ഒരു പോലെയാണെന്നവൾക്ക് തോന്നി രണ്ടും വറ്റി വരണ്ടിരിക്കുന്നു. തന്റെ കുടവും പാത്രവും പൊക്കിയെടുത്ത് കൊണ്ട് അവർ പതുക്കെ തിരിഞ്ഞുനടന്നു. വിധിയെ വെറുക്കാൻ മാത്രമേ അവർക്ക് കഴിഞ്ഞുള്ളൂ. പലപ്പോഴും ഇത് സംഭവിക്കാറുള്ളതാണ്. പക്ഷേ ഇതൽപ്പം കഠിനമായി തോന്നി. ആ സ്ത്രീ തെരുവിന്റെ അറ്റം ലക്ഷ്യമാക്കി നടന്നു. രാവിലെ കണ്ട വഴി കാഴ്ചകൾ , നല്ല ക്ഷീണമുണ്ട്. കാലുകളിൽ വേദനയും പക്ഷേ ദാഹവും അതെ അതവർക്ക് അനുഭവപ്പെടുന്നില്ലേ... കാരണം ആ വികാരം അവൾ മറന്നിട്ട് നാളുകൾ കഴിഞ്ഞിരിക്കുന്നു. അവരുടെ നെറ്റിത്തടത്തിലൂടെ അരിച്ചിറങ്ങിക്കൊണ്ടിരുന്ന ഒരു വിയർപ്പുതുള്ളി അപ്പോൾ താഴേക്ക് വീണ് മരിച്ചു.




# പെണ്ണുരുക്കം



**അഖില ആർ. കൃഷ്ണ**
രണ്ടാംവർഷം
ബി.എസ്.സി. സൈക്കോളജി

**എ**നിക്ക് നിന്നോട് അടങ്ങാത്ത പകയാണ്. എന്റെ ബാല്യവും കൗമാരവും യൗവ്വനവും പിച്ചി ചീന്തിയ നിന്നോട് എനിക്ക് വെറുപ്പാണ്. അറപ്പാണ്. മകളെ പോലെ കാണണ്ട എന്നെ നിങ്ങൾ വെറുമൊരു ശരീരമായി കണ്ടു. വാത്സല്യത്തിനു പകരം എന്നിൽ നിങ്ങൾ കണ്ടെത്തിയത് ആസക്തി ആയിരുന്നു. അടങ്ങാത്ത കാമത്തിന്റെ ദാഹമായിരുന്നു നിങ്ങൾക്ക് എന്നോട്. എന്റെ വല്ല്യച്ഛനാണ് നിങ്ങൾ. അച്ഛനാവേണ്ട ആൾ. പക്ഷേ നിങ്ങൾ ഇരുട്ടിന്റെ കാവൽക്കാരനാണ്.

മിസ്റ്റർ, ദിവാകരൻ നിങ്ങൾ ദൈവസമക്ഷം ചെയ്ത പാപം എന്താണെന്ന് അറിയാമോ? മകളെ പോലെ കാണേണ്ട ഏഴു വയസ്സുകാരിയെ ക്രൂരമായി പിച്ചിചീന്തി. അവളുടെ വസ്ത്രങ്ങൾ കീറി മുറിച്ചു. ചുണ്ടുകൾ കടിച്ചു പറിച്ചു. പക്ഷേ, നിങ്ങൾ കീറി മുറിച്ച് ചവിട്ടി കൂട്ടിയത് എന്റെ ശരീരമല്ല, മിസ്റ്റർ അതെന്റെ സ്വത്വമായിരുന്നു.

അച്ഛനും അമ്മയും ഇല്ലാത്ത സമയങ്ങളിൽ നിങ്ങൾ എന്നെ പ്രാപിച്ചു.

ഒരു ഏഴു വയസ്സുകാരിയിൽ നിങ്ങൾ എന്താണ് കണ്ടെത്തിയത് എന്ന് ഇന്നും എനിക്ക് അറിയില്ല. അതെ, നിങ്ങൾ ഒരു പാപിയാണ് മിസ്റ്റർ. എന്റെ വിരിയിൽ ഇറ്റു വീണ ചോര തുള്ളികൾ, അതെന്റെ ഹൃദയത്തിൽ നിന്നും ഉതിർന്നു വീണ കണ്ണീരായിരുന്നു. അതെന്റെ ഹൃദയമായിരുന്നു. വേദന സഹിക്കാൻ കഴിയാതെ ഞാൻ കരഞ്ഞപ്പോൾ നിങ്ങൾ എന്റെ വായിൽ പുതപ്പ് തിരുകി കയറ്റി.

നിങ്ങൾക്ക് ഓർമ്മയുണ്ടോ മിസ്റ്റർ, വീട്ടിൽ പറഞ്ഞാൽ എന്റെ അച്ഛനേയും അമ്മയേയും നിങ്ങൾ കൊന്നുകളയും എന്നു പറഞ്ഞത്. എന്റെ കുഞ്ഞു മനസ്സ് അതോർത്ത് എത്ര കരഞ്ഞിട്ട് ഉണ്ടെന്ന് അറിയുമോ? രാത്രികൾ എനിക്ക് പേടിയായിരുന്നു. ഇരുട്ട് എനിക്ക് ഭയമായിരുന്നു. നിങ്ങൾ വരുമ്പോൾ കട്ടിലിനടിയിലും, അലമാരയ്ക്കു പിന്നി ലും ഞാൻ ഒളിച്ചു നിന്നു. കൂട്ടുകാരോട് പോലും ഞാൻ ഒന്നും പറഞ്ഞില്ല.

ഞാൻ റാങ്കുകൾ വാരി കൂട്ടിയത് നിങ്ങളോട് ഉള്ള പക കാണിക്കാൻ ആയിരുന്നു. പക്ഷേ സ്വയം പിഴച്ചവൾ എന്ന് ഞാൻ മുദ്രകുത്തി. ആത്മഹത്യയെകുറിച്ച് ഓർത്ത് ഞാൻ ഉറക്കമിളച്ച് ഇരുന്ന് ആലോചിച്ചു.

രാത്രി ഉറങ്ങാൻ നേരം ഇരുട്ടിനെ പേടിച്ച്, ടോർച്ച് അടിച്ച് കിടന്നു. നിങ്ങൾ ചെകുത്താനാണ് മിസ്റ്റർ കുഞ്ഞായിരുന്നില്ലേ ഞാൻ വാത്സല്യം പുറമേ പ്രകടിപ്പിച്ചു കൊണ്ട് എന്നെ നിങ്ങൾ മടിയിലിരുത്തുന്ന നേരത്തും നിങ്ങൾ ഒരു കാമ ഭ്രാന്തനായിരുന്നു.

നിങ്ങളുടെ ശരീരത്തിൽ നിന്നും വമിക്കുന്ന ദുർഗന്ധത്തോട്

എനിക്ക് വെറുപ്പായിരുന്നു. നിങ്ങളെന്നെ ചേർത്തു കിടത്തിയപ്പോൾ ഞാൻ നിങ്ങളെ ശപിച്ചു. പാപി എന്ന് കാതിൽ ചൊല്ലി അതെ നിങ്ങളൊരു പാപിയാണ് മിസ്റ്റർ

മിസ്റ്റർ ദിവാകരൻ, ഏഴു വയസ്സു മുതലുള്ള അതിക്രൂരമായ പീഡനം അതെന്നെ ക്രൂരയാക്കിയിരിക്കുന്നു. പതിമൂന്നു വർഷം ഞാൻ കാത്തിരുന്നത് നിങ്ങളോട് ഇതെല്ലാം എണ്ണിയെണ്ണി ചോദിക്കാനായിരുന്നു. അതിനുള്ള ധൈര്യം സംഭരിക്കാൻ വേണ്ടിയാണ് ഞാൻ കാത്തിരുന്നത്. .

മിസ്റ്റർ ദിവാകരൻ, പുറത്ത് ഇരുണ്ട് മൂടിയ കാർമേഘങ്ങൾ കണ്ടുവോ? അതെന്റെ ഹൃദയമാണ് നിങ്ങളോടുള്ള പക മൂത്ത് മൂത്ത് അത് കറുത്ത് വന്നിരിക്കുന്നു. ഇരുണ്ട് ഇരുണ്ട്

നിങ്ങൾ ഒരു പാപിയാണെന്ന് ദൈവത്തിന്റെ കോടതിയിൽ ഞാൻ വാദിച്ചു ജയിച്ചിരിക്കുന്നു. അവസാന ജയം, മിസ്റ്റർ ദിവാകരൻ അതെന്റേതു മാത്രമാണ്. നിങ്ങൾ തച്ചുടച്ച് കളഞ്ഞത് എന്റെ ജീവിതമായിരുന്നു, സ്നേഹവും കരുണയും നിറഞ്ഞ എന്റെ ഹൃദയത്തിലെ രക്തവും മജ്ജയും പറിച്ച് എടുത്ത് നിങ്ങൾ ആസ്വദിച്ചു കത്തിച്ചു വെച്ചിരിക്കുന്ന മെഴുകുതിരികൾ, ഇരുട്ടു കൂടിയ ഈ മുറിയിലെ ആ വെളിച്ചം എന്റെ ഹൃദയത്തിൽ നിന്നുയരുന്ന വിജയഭേരിയാണ്. കുത്തിയിറക്കിയകത്തി വീണ്ടും വീണ്ടും ആഴത്തിൽ ഇറക്കുമ്പോൾ ഞാൻ അയാളോട് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു,

നിങ്ങൾ ഒരു പാപിയാണ്

ചെകുത്താന്റെ സ്വഭാവമുള്ള അയാളുടെ രക്തം എന്റെ വലതു കൈയ്യിലൂടെ ഒഴുകിയപ്പോൾ ഞാൻ പൊട്ടിച്ചിരിച്ചു. അവസാനമായി ഒരു തുള്ളി വെള്ളം പോലും കിട്ടാതെ അയാൾ മരിച്ചു വീണു അല്ല, ആ മൃഗം ചത്തുമലച്ചു. രക്തം പുരണ്ട കത്തിയുമായി തിരികെ നടക്കുമ്പോൾ, അങ്ങു ദൂരെ പൊട്ടി ഒലിച്ചു, തകർന്നു പോയ എന്നെ എനിക്കു കാണാമായിരുന്നു ഓർമ്മകളുടെ ബലികുടീരത്തിൽ കിടന്നു പിടഞ്ഞ ഹൃദയമായിരുന്നു അത്.

ഇന്ന് ഞാൻ ജയിച്ചിരിക്കുന്നു. നഷ്ടബാല്യത്തിലേക്ക് നടന്നുകൊണ്ട് ഞാൻ എന്നോട് തന്നെ പറഞ്ഞു.

(സമർപ്പണം: ചെറിയച്ചന്റെ ക്രൂര പീഢനത്തിനിരയായി കൊല്ലത്ത് മരണപ്പെട്ട ഏഴു വയസ്സുകാരിയായ മോൾക്ക് )

ശുഭം








**ഗായത്രി സുരേഷ് ബാബു**
മൂന്നാംവർഷം
ബി.എസ്.സി. സൈക്കോളജി


# വാൻഗോഗിനോട്

ഇതൊരു കുറ്റസമ്മതമാണ്.
നിനക്കോർമ്മയുണ്ടോ വാൻഗോഗ്?
അന്ന് നീയൊരുത്തിയുടെ ചിത്രം വരച്ചത്
അവളിലെ പെണ്ണഴകളവുകൾ,
അവളുടെ ഉടലൊടിവുകൾ ... കണിശമായി ...
മറ്റൊരിക്കലൊരുത്തിയുടെ സിലൗട്ട് നീ തെറ്റാതെ
കോറി വരച്ചത്
നീയവളെ ചുംബിച്ചതിന് ഞാൻ വഴക്കിട്ടപ്പോൾ
ചുണ്ടുകൾ ചുംബിക്കാനുള്ളതാണെന്ന് പറഞ്ഞത്,
മറ്റൊരു തണുത്ത ചുംബനം കൊണ്ടെന്നെ നിന്നിൽ തളച്ചിട്ടത്.
സുരതത്തിനൊടുവിൽ നിന്റെ നെഞ്ചിൽ ചേർന്നുകിടക്കവേ,
നീയെന്റെ, ചെവിയിൽ പറഞ്ഞതോർമ്മയുണ്ടോ?
ചിരിച്ചുകൊണ്ട്, എന്റെ കുറുനരികളെ തഴുകിക്കൊണ്ട് ...
എന്റെ പൊക്കിൾച്ചുഴി എലിസബത്തിന്റേതുപോലെയാണെന്ന്
എന്റെ ഇടുപ്പ് ആഞ്ജലീനയുടേതിന് സമമാണെന്ന്.
എന്റെയോരോന്നും ഓരോരുത്തരുടേതിനെ ഓർമ്മിപ്പിക്കുന്നെന്ന്
വാൻഗോഗ് ... നീ മികച്ച കലാകാരനാണ് ... വലിയവനാണ് ...
പക്ഷേ, ഞാനാഗ്രഹിച്ചത് ...
സാമ്യയാകാനല്ല വാൻഗോഗ് ...ഞാനാഗ്രഹിച്ചത് ,,,
അനന്യയാകാനായിരുന്നു ...
അനുപമയാകാനായിരുന്നു ...

ഉപമകൾകൊണ്ട് നീയെന്നെ മൂടിയപ്പോൾ
ഞാൻ കരയുകയായിരുന്നു
വാൻഗോഗ് ...
എന്നെപ്പോലൊരുത്തി വേറിട്ടില്ലെന്ന് കേൾക്കാൻ
കൊതിക്കുകയായിരുന്നു.
നീയെന്നെ നിരാശപ്പെടുത്തിക്കളഞ്ഞു!
ചെവി ചോദിച്ചുകൊണ്ട് ഞാൻ ദയ കാണിച്ചതാണ്.
കണ്ണായിരുന്നു ചോദിക്കേണ്ടിയിരുന്നത്.
ചരിത്രമെന്നെ പഴിക്കുമായിരിക്കും
ദയയില്ലാതെ കാമുകിയെന്ന് മുഴുത്ത തെറി വിളിക്കുമായിരിക്കും ...
ഞാനർഹിക്കുന്നില്ല ...
പ്രണയമായിരുന്നെന്റെ വാൻഗോഗ്
നിന്നോട് ... നിന്നിലെ ചിത്രകാരനോട് ...
പകയാക്കിയത് നീയാണ് ...
നീ മാത്രം !



# My solitary lover



**Neethu Jolly**
Second year
B.A English

*Yonder by the river*
*There she stands, my lover.*
*With those hazel eyes*
*Those less full lips, that luscious smile*
*There she stands*
*across me, apart miles.*
*Draped in her flawless organza*
*With that striking figure*
*Trained to perfection; full breasts*
*and sized hips*
*There she stands*
*The love of my life.*

*But those once sparkled eyes*
*Are now filled with tears*
*That once pearly smile has faded away*
*Now there is a river between us*
*A river of vast eternity*
I approached the white knight and slowly touched the white knight’s sword at the same time Sally touched the black knight’s sword. Suddenly a blinding white light filled the room. I didn’t understand anything. When I opened my eyes I saw the black knight come to life on his black horse. The black knight lifted his visor. I gasped to see Sally’s face. She had an evil smile on her face.

“Hey Zack you know what even I had the same dream last week. I was really puzzled. I did a lot of research on the two knights and finally I learned that I was the descendant of the great Randrone. I also found out another thing. The descendents of the two wizards will have the same dream of the knights.

That was when you told me about the dream you had today. Don’t you remember it was me who urged on coming here, it was me who insisted on touching the swords. You were a fool and followed what I said.

Now prepare to die. I will have my forefather’s revenge.”

That was when I realized I had become the white knight. So I’m the descendent of the ancient wizard

Grimlone. Could this day get any worse.

"Okay" I said "If it is a battle that you want it is a battle that you will get."

We got down from our horses. Sally raised her sword and jumped to me aiming at my heart. I quickly stepped back and blocked her sword with my shield and kicked her. She fell flat on the ground. I must say my fencing lessons did help me. I effortlessly blocked all her attacks. But I didn't feel like attacking her back. After all she was my best friend. What she did next was quite unexpected she picked up some dust from the ground and threw it at my face. Though my face was covered with the visor the dust got into my eyes through the slits of the visor. For a second I was blinded. I felt a kick on my chest and I fell on my back. When I could finally see Sally was standing over me her sword raised about to pierce my chest. I tried to raise my sword but she had my both hands locked under her legs. I was about to give up hope when I saw Herman hit Sally on her head with a big wooden plank. She staggered back releasing my hands. She turned to Herman and screamed

"How dare you filthy creature."

She raised her sword to behead Herman. But before she could kill Herman I jumped up and plunged my sword into her heart from her back. She let out a shrill painful scream and staggered back and finally collapsed. The blindly white light came again I closed my eyes. After a few minutes when I opened my eyes I saw Sally in a pool of blood. The knight armors and the horses were gone. I let out a scream and kneeled next to her lifeless body. I felt a hand on my shoulder it was Herman.

"You don't have to be sad my dear son. You did what had to be done. You not only saved my life but also the lives of everyone of this town. I'm really sorry for your loss."

He said with tears in his eyes. I helped Herman dig a hole to bury Sally's body.

"I'm sorry Sally you left me with no other choice."

I said with tears in my eyes as I put a handful of dust on her lifeless body. Sobs racked my body and something else. From a distance I heard my name being called.

"Zack, Zack – come on get up."

I got up from the dust but landed with a thud on the floor. I blinked furiously at the blinding sunlight streaming from my bedroom window and saw my mom standing beside the bed. I felt relieved because it was all a night mare. Or should I say a KNIGHTMARE!!!!!

# TREACHERY IN YOU



**Nina Ann Mathew**
First year
B.A English



Regret your doings
Never underestimate it
'Learn from mistakes' you say
But you never, till your grave!
You may have everything
But act as if in cipher

The holy name has left you
And your final destination to hell
You may seem right
Which I can't write
You are going to die,
And I'll dig you your grave!





**Anagha Nandakumar**
First year
B.Com

# गलती

माँ, “शायद गलती मेरी ही है”। मुझे आज भी याद है, जब पहली बार मुझे ‘सबसे अच्छे विद्यार्थी’ का पुरस्कार मिला था तब में आपके पास दौडकर आयी थी और घर में बहुत शोर भी मचायी थी । उस वक्त (समय) में सोची थी कि सब मुझे बधाई देंगी। लेकिन आज भी मुझे याद है अपकी कही हुइ वह बातें । माँ आपने मुझसे यह कही थी कि “तेरी भाई को तो इससे अच्छा नंबर मिले होंगे। “तूने कुछ ज़्यादा नहीं कहा, मगर जो भी कहा, मेरे दिल को समझ आया।

जब बड़ी हुई, तब सोचा, “पढ़के, खूब कमाके मैं अपनी माँ को भैया से ज्यादा खुश रखूँगा। “तूने तो एक बार भी यह नहीं सोचा, कि मेरी जिंदगी में मगलसूत्र की नहीं किताबों केलिए चाहत है। एक बार यह नहीं पूछा, और मैं ने एक बार भी मेरी बात कहा भी नहीं। शायद वह था मेरी सबसे बड़ा गलती। आज मैं अपनी दो साल की बेटी को लेकर इस कमरे की सन्नाटे में पड़कर यह लिख रही हूँ माँ,
मेरी जिंदगी कभी बनी ही नहीं।

मेरी बेटी, मेरी तरह ही बनेगा - आखिर उसकी पिता कभी उसे नहीं मानेगा। मैं थक गई हूँ माँ, ज़िन्दगी से, पूरी रिश्तों से जिससे मैं जुड़ गया हूँ।

मैं बेटी बनी, पत्नी बनी, बहन बनी, माँ बनी, किन्तु इन्सान नहीं बन पाया। मैं लड़की हूँ क्या यहीं मेरी गलती है?





**Eby Antony**
Second year
B.Sc Computer Science

# THE CITY MAN

Half past twelve in the night
The clock on the wall docked on right.
The city, asleep, roaring and dreaming
Me, the city man, still not breathing.

Dozens of questions still unanswered
Thousands of answers still unquestioned.
How proud was I to earn more in lakhs,
While something in the heart still lacks.

The melancholy shouted worse
I heard-the neighbour lady is a whore.
Doth the unit of smile sold somewhere?
No, the faulty fate is found every where

I know many clients abroad-but-
Doth I know the senator next door?
I learn about cities and capitals,
Doth I learn love and its principles?

No new visitors in the room.
Only the milk man gaveth a smile with gloom.
No men in the circle of friendship
But the PC owned through proprietorship.

Every day is like the other
Yet I hope for a loving brother.
Alas! The walls of plastic smile
Never let any go together past a mile.

The silence is too loud this midnight
The lights are too dark in might.
The cities, happier than ever
The laughs, too solitary forever.

There, the sun rises in the west.
Now the smoke comes in its best.
Yet another night of solitariness
Reaps my ribs with merry.

# മഴ



ജുമൈല
എം. എസ്. സി.
സൈക്കോളജി

മഴയോട് നീരസമാണോന്ന് ചോദിച്ചാൽ
എന്തോ, ഒരു ഇഷ്ടക്കേട്
പറയാതെ ഇടിച്ചു കേറി വന്ന്
വെയിൽ കായാൻ കിടന്ന
പ്രതീക്ഷകളെ നനച്ച്..
കലപില കൂട്ടി
സ്വകാര്യതകളെ നശിപ്പിച്ച്
സ്വപ്നങ്ങളിലേക്ക് ഊഞ്ഞാലാടിപ്പിച്ച്
വാ തോരാതെ കുറുകി
പിന്നെ, ഒരു നീണ്ട നിശബ്ദതയും നെഞ്ചിൽ
കോറിയിട്ട്
ആരോടും പറയാതെ ഒരൊറ്റ പോക്കാണ്
എനിക്ക് മഴവില്ലിനോടാണിഷ്ടം
അവളെ തെരഞ്ഞെത്തുന്നവരെ മാത്രം കാത്തിരുന്ന്
നിഗൂഢമായൊരു ചിരിയും സമ്മാനിച്ച്
പതിയെ മാഞ്ഞുപോകുന്ന മഴവില്ലിനെ
അവൾ ഇനിയും വരുമെന്ന പ്രതീക്ഷകളില്ലല്ലോ
അവളില്ലായ്മയുടെ വേദനയുമില്ലല്ലോ

# സ്മാരകം



അമല ജോസഫ്
രണ്ടാംവർഷം
ബി. കോം.

അവന്റെ കണ്ണുകൾ അവൾക്ക് പരിചിതമായിരുന്നു. മാറി മാറി വരുന്ന പിരീഡുകൾക്കിടയിലും അവൾ പഠിച്ചിരുന്നത് അവനെ ആയിരുന്നു. ഓരോ ദിനാന്ത്യത്തിലും കണ്ണാടികൾക്കു മുന്നിൽ നിന്നുള്ള ആ അഭ്യാസകളരികൾ നേർക്കുനേർ വരുമ്പോൾ നീണ്ടമൗനങ്ങളായ് മാറി ഓരോ നിമിഷവും അവനെ പഠിച്ച് കൊണ്ടിരുന്നപ്പോഴും തിരയടങ്ങാത്ത കടലുപോലെ അവനവൾക്ക് പരിചിതമല്ലാതായി. കോളേജ് ചുവരുകൾ മത്സരാർജ്ജവം അലയൊലിപ്പിച്ചു. കലിയളകിയ ബഞ്ചുകൾ പരീക്ഷാചൂടിൽ വിറയൊലി കൊണ്ടു പെയ്തിറങ്ങിയ പേമാരിയും കാറ്റിൽ പറന്ന കരിയിലകളും അവളുടെ കണ്ണുകളിലെ ഭയം തുടച്ചില്ല. അവഗണനയിൽ കണ്ണുകൾ നീറിയപ്പോഴും അവർക്കിടയിൽ കയ്പ് എന്ന വികാരം ശ്രമിച്ചിട്ടും കടിച്ചിറക്കാൻ അവൾ അശക്തയായിരുന്നു. കാരണമില്ലാതെ കാരണങ്ങൾ തേടിയപ്പോൾ ഒപ്പമുള്ള സഹപാഠിപോലും അവൾക്ക് ചവർപ്പായി. പറയാൻ മടിച്ച് സമയം നോക്കി നിൽക്കെ അവൾക്കു മുന്നിൽ മൂന്നുവർഷത്തെ ഘടികാരം പൂർവ്വാധികം വേഗം ചലിച്ചുകൊണ്ടിരുന്നു. ചിരിച്ച് പടിയിറങ്ങുമ്പോൾ അവളും ആ കലാലയവും മാത്രമറിഞ്ഞ ആ നീറ്റൽ അവളവിടെ തന്നെ കുഴിച്ച് മൂടി.


PRAJYOTI NIKETAN COLLEGE
in association with
DHRUVA COLLEGE UNION
presents
DAKSHA
fine arts
2018













# Artistic Kaleidoscope










# College Day




















Overall Champions



College Day

# *Hall of Fame...*


Sradha P
(Best Outgoing Student)


Sandhra Sunny
(Best Female Student)


Rohan Menon
(Best Male Student)


Anjana Ajith
(Special Jury Award)


Sreeraj Unni
(Kalaprathibha)


Aarathy S.K.
(Kalathilakam)


Gayathri Haridas
(Chitraprathibha)


Ameena Shafeer
(Sargaprathibha)


Rohan Menon
(Yoga-Ist, Calicut University)


Bhanuprasad
(Yoga-IInd, Calicut University)


Nimitha Jose
(D-Zone, Kathaprasangam-IIIrd)


Christeena Anto
(D-Zone, Western Music-IIIrd)


Deepthi P.V.
(D-Zone, Classical Music -IIIrd)


Aarathy S.K.
(D-Zone, Kuchupudi)


Sreerag M.R.
(D-Zone, Folk Dance - Ist)


Sanjith Sajayan
(Mr. University)

# Sportive Fervour...











Women Cycling Team



Men Cycling Team



Yogasana Team



Football Team

## Individual Achievements (Cycling Nationals)



Sandra P.M.



Sradha P.



Anjitha Johnson



Helna Aby



Brolin C Glanson

**മധുരം....**

ഇനി സർവ്വത്ര **മധുരം...**
ഈ ഇരുട്ടിന് പോലും വല്ലാത്ത വെളിച്ചം...
ദാ, ഈ നിശബ്ദതക്ക് പോലും ഭയങ്കര ശബ്ദം..
മധുരം, ഇനി അങ്ങോട്ട് സർവ്വതും **മധുരം...**
അതങ്ങിനെയാണ്, ഇനി ആർക്കും കയ്ക്കില്ല, എന്തെന്ന
ശങ്കയുമില്ല. ഇനി മധുരം മാത്രം പഞ്ചാര **മധുരം...**
ജീവിതമാകുന്ന കയ്പ്പിനൊടുവിൽ മരണമാകുന്ന **മധുരം...**
പ്രശ്നങ്ങളുടെ കയ്പ്പിനൊടുവിൽ പ്രശാന്തിയുടെ **മധുരം...**
അതെ ടോ, എല്ലാത്തിനും അവസാനം
ബഷീറിന്റെ കഥ പോലെ ശുഭം.
സർവ്വതും ശുഭം......





# സ്മൃതിപ്പാടുകൾ

**വ**ർഷം 2007. പത്തു വർഷങ്ങൾക്കു മുമ്പ് എന്റെ ജീവിതത്തിൽ സംഭവിച്ച ആ ഓർമ്മകൾ ഒരു പന്ത്രണ്ടു വയസ്സുകാരിയുടെ കാഴ്ചപ്പാടിൽ അന്ന് എനിക്കു തോന്നിയത് മാത്രമാണ് ഇവിടെ  പങ്കുവെയ്ക്കുന്നത്.

ഏവരും ഏറ്റവും കൂടുതൽ കാത്തിരുന്ന വേനലവധിയായി മാതാപിതാക്കൾ ഏറ്റവും അധികം പേടിക്കുന്നതും ആ വേനലവധിയാണ്. എന്തെന്നാൽ മേടമാസത്തിലെ സൂര്യന്റെ പൊൻകിരണങ്ങൾക്ക് തീക്കനലിനേക്കാൾ ചൂടാണ്. കുട്ടിത്തം വിട്ടുമാറാത്ത ഞങ്ങൾക്ക് സൗഹൃദം പുതുക്കാനും ആഹ്ലാദിച്ചാടിമറിയാനും ഉള്ള ഏക അവസരമാണ് ഈ വേനലവധി. പതിവുപോലെ തന്നെ അന്നും ഞാൻ നേരെത്തെ കളിക്കളത്തിലേക്ക് പോയി. മീനു, അമ്മു, ഗോവിന്ദ്, ജോൺ, അനൂപേട്ടൻ, നയനചേച്ചി, ഗോകുലൻ എല്ലാവരും. എനിക്ക് വേണ്ടി കാത്തു നിന്നു. നാട്ടിൻ പ്രദേശങ്ങളിൽ അന്ന് കുട്ടികളുടെ ഇഷ്ട വിനോദമായിരുന്ന കുഴിപന്ത് ആയിരുന്നു അന്നത്തെ ഞങ്ങളുടെ പ്രധാനകളി. ഓരോരുത്തർക്കും അവരുടേതായ കളി ഏർപ്പെടുത്തും. കടലാസ്സും പ്ലാസ്റ്റിക്ക് കവറുകളും നിറച്ച ഒരു പന്ത് ഉരുട്ടി വിടുന്നു. ആരുടെ കുഴിയിലാണോ പന്ത് വീഴുന്നത്, അവർ പന്ത് എടുത്ത് എറിയണം. അന്ന് ആരുടെ കുഴിയിലാണ് പന്തു വീണത് എന്നെനിക്ക് ഓർമ്മയില്ല. പക്ഷേ അവരെടുത്തെറിഞ്ഞ പന്ത് വന്നു വീണത് എന്റെ നെറ്റിയിലാണ്. തലയിൽ പൊന്നീച്ച പറക്കുന്ന രംഗങ്ങൾ കാർട്ടൂണിലും സിനിമകളിലും മാത്രം കണ്ടിരുന്ന ഞാൻ അന്ന് അത് അനുഭവിച്ചു. പന്ത് വീണതിന്റെ ആഘാതത്തിൽ ഞാൻ മറിഞ്ഞു വീണത് ഒരു കരിങ്കൽ കൂട്ടത്തിലേക്കാണ്. നെറ്റിയിൽ നിന്നും വാർന്നൊഴുകിയ രക്തം തടഞ്ഞു നിർത്താൻ ശ്രമിക്കുന്ന കൂട്ടുകാർ, അതായിരുന്നു എനിക്ക് അവസാനം ഓർമ്മയുള്ളത്. ബോധം തെളിയുമ്പോൾ ഞാൻ എവിടെയോ കിടക്കുകയാണ്. മൂന്നു ചിറകുകൾ ഉള്ള ഒരു കാറ്റാടി. (ഫാൻ) വേണോ എന്ന മട്ടിൽ കറങ്ങുന്നു. സ്ഥലമറിയാൻ ഒന്ന് എഴുന്നേറ്റു നോക്കി. പക്ഷേ സാധിക്കുന്നില്ല. പുറകിൽ നിന്ന് എന്തോ വലിക്കുന്നു. ഡോക്ടർ നൽകിയ മരുന്നിന്റെ ഫലമാകാം. ഒരു പക്ഷേ എനിക്ക് എഴുന്നേൽക്കാൻ സാധിക്കാതിരുന്നത് ഞാനിപ്പോൾ ഒരു ആസ്പത്രിയിലാണ് എന്ന് മനസ്സിലാക്കിയത് മുറിയിൽ തിങ്ങിനിറഞ്ഞിരുന്ന ആ രൂക്ഷ ഗന്ധത്തിന്റെ വാടയാണ്. ആന്റിബയോട്ടിക്കുകളുടെ ആ വാട എന്നെ വീണ്ടും മത്ത് പിടിപ്പിച്ചു.

സംസാരത്തിൽ തല്പരയായതുകൊണ്ട് ഞാൻ അതിവേഗം  ആസ്പത്രിയിലെ ജോലിക്കാരെ കീഴടക്കി നെറ്റിയിലെ അഞ്ചു തുന്നൽ കെട്ടിന്റെ വേദന ഞാൻ മറന്നത് ഈ  സൗഹൃദ സംസാരത്തിലൂടെയാണ്. പ്രധാന ഡോക്ടർ ഒരു പക്ഷേ അദ്ദേഹത്തിന് ഡോക്ടർ അങ്കിൾ എന്നു വിളിക്കുന്നതാണ്  ഇഷ്ടം. അദ്ദേഹമാണ് ഈ നേഴ്സിംഗ് ഹോമിന്റെ തലവൻ. ഒരു ഡോക്ടറുടെ ശബ്ദം ഉച്ചത്തിലും

ഗാംഭീര്യത്തിലും ആയിരിക്കണമെന്ന് എനിക്ക് മനസ്സിലായത് അദ്ദേഹത്തിന്റെ സംസാരത്തിലൂടെയാണ്. എന്തെന്നാൽ സ്വയം നഷ്ടപ്പെട്ടവരാണ് രോഗികൾ. രോഗം പരിശോധിക്കുന്നവന്റെ വാക്കുകൾ രോഗികൾക്ക് ആത്മവിശ്വാസം നൽകുന്നതാവണം എന്നാണ് അദ്ദേഹത്തിന്റെ വാദം. ഒരു പരിധിവരെ അത് ശരിയാണ്.

നെറ്റിയിലെ തുന്നൽക്കെട്ടിന്റെ വേദന ഞാൻ മറന്നു തുടങ്ങിയിരുന്നു. ആസ്പത്രിയിലെ ഒരു അംഗം ആയി എന്നെ ദത്തെടുത്തു കഴിഞ്ഞിരുന്നു അപ്പോഴേക്കും. അന്നാണ് ഞാൻ കീമോ തെറാപ്പി വാർഡ് ശ്രദ്ധിച്ചത്. സാധാരണ വാർഡ് പോലെയല്ല അത്. ഒരു ശ്മശാനമൂകത.

വാർഡ് നിറയെ രോഗികളാണ്. അങ്ങോട്ട് ആർക്കും പ്രവേശനമില്ല. മുടികൊഴിഞ്ഞ്, കൺപോളകൾ വിയർത്ത്, ചുണ്ടു വലിഞ്ഞ്, കൈകളിൽ സൂചി കുത്തിയതിന്റെ അടയാളങ്ങളും എല്ലാത്തിനുപരി ഒരു സങ്കടക്കടൽ ഉള്ളിലൊതുക്കി വീൽ ചെയറിൽ ഇരിക്കുന്ന ഒരു മധ്യവയസ്കൻ പെട്ടെന്ന് എന്റെ ശ്രദ്ധയാകർഷിച്ചു. അദ്ദേഹത്തിന്റെ ഭാര്യയായിരിക്കണം, ഒരു പാത്രത്തിൽ കഞ്ഞിയും പപ്പടവുമായി അരികിൽ ഇരിക്കുന്നു. ഭക്ഷണം കഴിക്കാൻ അദ്ദേഹം സമ്മതിക്കുന്നില്ല എന്ന് ഒറ്റനോട്ടത്തിൽ എനിക്ക് മനസ്സിലായി. പ്രവേശനമില്ല എന്ന നിയമം ലംഘിച്ച് ഞാൻ അകത്തേക്ക് കടന്നു. അവരുടെ അരികിലേക്ക് നടന്നു. എന്നെ കണ്ടതും അദ്ദഹത്തിന്റെ ഭാര്യ എഴുന്നേറ്റു നിന്നുകൊണ്ട് പറഞ്ഞു. മോളെ അകലേക്കു പൊക്കോളൂ. ഇങ്ങോട്ടു വരണ്ട എന്ന് 12 വയസ്സിന്റെ ബുദ്ധിയിൽ അന്ന് എനിക്ക് അറിയില്ലായിരുന്നു. കാൻസർ എന്നത് അടുത്തു നിന്നാൽ പകരാത്ത ഒരു രോഗം ആണെന്ന്. ഞാൻ ആ വാർഡിന്റെ മുൻപിലേക്ക് വരും. ആ അമ്മാവനേയും ഭാര്യയേയും നോക്കി നിൽക്കും. പിന്നീട് ഞാൻ അവരെ പറ്റിയറിഞ്ഞു. കുടലിൽ കാൻസർ ആണ്. കുടലിലും കാൻസർ ഞാൻ അന്നു ആശ്ചര്യപ്പെട്ടു. മനുഷ്യശരീരത്തിൽ കാൻസർ വരാത്ത അവയവം ഏതാണെന്ന് ആർക്കും ഉറപ്പിച്ച് പറയാൻ സാധിക്കുകയില്ല.

വളരെ ദരിദ്രകുടുംബത്തിൽ നിന്നാണ് അവർ വരുന്നത്. ഒരു മകനുണ്ടായിരുന്നു. ഏതോ വാഹനപകടത്തിൽ മരണപ്പെട്ടു. അതിന്റെ വേദനയിൽ കഴിയുമ്പോഴാണ് കുടലിലും കാൻസർ കണ്ടുപിടിക്കപ്പെടുന്നത്. നാട്ടുകാരുടെയും വീട്ടുകാരുടെയും സഹായം കൊണ്ടാണ് ഇവിടെ ചികിത്സക്കു വന്നിരിക്കുന്നത്. ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ അരി കിലേക്ക് പോയി. അദ്ദേഹത്തിന്റെ ഭാര്യ അവിടെ ഉണ്ടായിരുന്നില്ല. എന്നെ കണ്ടതും അദ്ദേഹം വീൽ ചെയറിൽ നിന്ന് എഴുന്നേറ്റു എന്റെ ഉള്ളിൽ ഭയം ഉണ്ടായിരുന്നു. ഇയാൾ എന്നെ ഉപദ്രവിച്ചാലോ എന്ന ഭയം.

എന്റെ മുന്നിൽ മുട്ടുകുത്തി നിന്ന് അദ്ദേഹം ചോദിച്ചു. നെറ്റിക്കെന്താ പറ്റിയത്? അപ്പോൾ എന്റെ മനസ്സിൽ മഞ്ഞുമഴ പെയ്യുന്നതു പോലെ തോന്നി. ഭയം എന്ന് ചൂട് അലിഞ്ഞില്ലാതെയായി. പക്ഷെ എനിക്ക് ഉത്തരം നൽകാനായില്ല. അദ്ദേഹം എന്നെ എടുത്തു. നെറ്റിയിൽ മുറിവിന്റെ അരികിൽ ഒരു മുത്തം തന്നു. അദ്ദേഹം എന്തിനാണ് കരഞ്ഞതെന്ന് എനിക്ക് അറിയില്ലായിരുന്നു.

പിറ്റേന്ന് ഞാൻ വാർഡിലേക്ക് പോയി. ഡോക്ടർമാരെല്ലാം അവിടെ കൂടി നിൽക്കുന്നുണ്ടായിരുന്നു. പെട്ടെന്നാണ് ഒരു കൂട്ടകരച്ചിൽ. അദ്ദേഹത്തിന്റെ ഭാര്യയുടെ കരച്ചിൽ ആയിരുന്നു ഏറ്റവും ഉയർന്നു നിന്നിരുന്നത്. എന്താണ് സംഭവിച്ചത് എന്നു നോക്കുന്നതിനു മുൻപ് എന്റെ കൈയ്യിൽ ആരോ വലിച്ചു. അമ്മയായിരുന്നു. എന്നെയും കൊണ്ട് അമ്മ മുറിയിലേക്ക് തിരിച്ചു നടന്നു. അന്നു തന്നെ ഞങ്ങൾ വീട്ടിലേക്ക് പോയി. അദ്ദേഹത്തിന് എന്തു പറ്റിയെന്ന ചിന്ത രണ്ടു ദിവസത്തേക്ക് എന്നെ വിട്ടുപിരിഞ്ഞില്ല. അതിനു ശേഷം ഞാൻ അതിനെ പറ്റി ചിന്തിച്ചിട്ടില്ല. പിന്നീടൊരിക്കൽ ഞാൻ കണ്ടു അദ്ദേഹത്തിന്റെ ഭാര്യയെ. വെളുത്തവസ്ത്രം ധരിച്ച് ഒരു ബസ് യാത്രക്കിടയിൽ. വിധവകളാണ് വെളുത്തവസ്ത്രം ധരിക്കുക എന്ന് അറിവ് എന്നിൽ ഉണ്ടായിരുന്നത്കൊണ്ട് ഞാൻ ഊഹിച്ചു അന്ന് എന്താണ് സംഭവിച്ചു എന്നത്.

ഒരുപക്ഷേ നിങ്ങൾക്കിത് ഒരു വേദന സഹജമായ അനുഭവമായി തോന്നുകയില്ല. പക്ഷേ എനിക്ക് എന്റെ ജീവിതത്തിൽ അനുഭവിച്ച ഏറ്റവും വലിയ വേദനയുണ്ടാക്കുന്ന അനുഭവമാണ്. കാരണം ആ സ്ത്രീ ഇനി മുതൽ ഒറ്റക്കാണ്. അവൾ എങ്ങനെ ജീവിക്കും എന്നത് എന്നിൽ വളരെയധികം ഉത്കണ്ഠ ഉയർത്തി. അവർ ഇപ്പോൾ എവിടെയുണ്ടെന്ന് അറിയില്ല. എവിടെയാണെങ്കിലും കഷ്ടപ്പാടില്ലാതെ ജീവിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.





**ശ്രീരാഗ് എം. ആർ**
ഒന്നാംവർഷം
ബി. കോം.

# വിധിക്കാത്ത മരണം നാം വിധിക്കരുതേ...

**ജീ**വിതം നമ്മുടെ ഇഷ്ടപ്രകാരമല്ല ആരംഭിക്കുന്നത്, പക്ഷേ മരണം എപ്രകാരമാണ് വിധിക്കപ്പെടുന്നത് എന്ന സത്യാവസ്ഥ മാനവരാശി, ഒരിക്കൽ പോലും ചിന്തിച്ചിട്ടുണ്ടോ! ഒരുപക്ഷേ അപ്രകാരം ചിന്തിച്ചിട്ടുണ്ടെങ്കിൽ തന്നെ, അവർ അവർക്കു തന്നെ വിധി ഓതിയവർ ആയിരിക്കും. അതെ ആത്മഹത്യാ സ്വയമേവ വിധിയോ നിനക്കു വിധിച്ചതു ഞാനല്ല മർത്യ എന്ന് മഹാഭാരതത്തിൽ പരാമർശിച്ചിട്ടുണ്ട്. ആധുനികസംഭവങ്ങളെ മുൻകൂട്ടി വീക്ഷിക്കുന്നതിൽ ഇവിടെ ഈ വരികളിലൂടെ മഹാഭാരതം എന്ന ഗ്രന്ഥത്തിനും പ്രസക്തി ഏറുകയാണ്. മനുഷ്യരാശിയുടെ ജീവിത സംഘർഷങ്ങളെ ഉയർത്തിപിടിക്കുന്നതിൽ ആത്മഹത്യ എന്ന വൃത്തി ഹീനമായ പ്രവണത ഒട്ടും പുറകോട്ടു പിൻമാറുന്നില്ല. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർ ദ്ധക്യം എന്ന അഞ്ചു ഘട്ടങ്ങളിലൂടെ ജീവിതമെന്ന തോണി തുഴയുന്നവരാണ്, മനുഷ്യൻ. ഇടക്കെവിടെയോ വെച്ച് അവ ചില ഘട്ടങ്ങളിൽ വെച്ച് മുങ്ങിപോകുന്നത് നമുക്ക് ദൃശ്യമാണ്, ഒരു പക്ഷേ ആ തോണിക്കുവന്ന കേടു പാടുകൾ, മാറ്റി ശരിയാക്കിയാൽ, ഒരു കുഴപ്പവും കൂടാതെ തന്നെ ജലാശയത്തിലൂടെ എത്ര വേണമെങ്കിലും അതിനു മുന്നോട്ട് യാത്രചെയ്യാൻ സാധിക്കുന്നതാണ്, അപ്രകാരമെങ്കിൽ ജീവിതത്തിലെ - ഓരോ പ്രശ്നങ്ങളെയും, അത്, വലുതോ, ചെറുതോ ഏതുവിധത്തിലാണെങ്കിലും അത് തിരിച്ചറിഞ്ഞ് തക്കതായ പരിഹാരം കണ്ടെത്തിയാൽ ആത്മഹത്യ എന്ന വിധിക്കാത്ത വിധിയെ ക്ഷണിക്കേണ്ട ആവശ്യകത തന്നെ ഇല്ല

സമകാലിക സംഭവങ്ങൾ നമുക്ക് നൽകുന്ന സൂചനകൾ - എന്നു പറയുന്നതിലുപരി, തെളിവുകൾ, ഞെട്ടിപ്പിക്കുന്നതു തന്നെയാണ്. ദുർബലമായ മനസ്സുതന്നെയാണ് ആത്മഹത്യ എന്ന വിധിക്കു - പ്രധാന കാരണമാകുന്നത്. ഈ കാലഘട്ടത്തിൽ, മാതാപിതാക്കൾ, കുട്ടികളെ, ജീവിതപ്രശ്നങ്ങൾ - എപ്രകാരം നേരിടണം എന്നതു പറഞ്ഞുകൊടുക്കുന്നതു തന്നെയാണ്, ചുരുങ്ങിയ കാലയളവുകളിലെ ആത്മഹത്യ മരണസൂചന നമുക്കു നൽകുന്ന മറുപടി

സങ്കീർണ്ണമായ സംഭവങ്ങളെ നേരിടുന്നതിനുപകരം ഒരു കയറിൽ അല്ലെങ്കിൽ ഒരു വിഷകുപ്പിയിൽ ജീവനൊടുക്കുന്ന ഒരു യുവകാലഘട്ടം ഭാവി തലമുറയെയും നശിപ്പിക്കും എന്ന കാര്യം നിസംശയം ഉറപ്പിക്കാവുന്നതാണ്. കാരണം ദുർബലമായ ഒരു മനസ്സാണ് വർത്തമാനകാലം ഭാവിയിലേക്ക് വെച്ചു നീട്ടുന്നത്. മനുഷ്യരാശിയുടെ ആദർശങ്ങളും, സംസ്ക്കാരവും, മൂല്യവും ഈ പ്രവണത നശിപ്പിക്കുമെന്നത് സത്യമാണ്. എങ്ങനെയാണ് ഇതിനുപരിഹാരം നിർദ്ദേശിക്കുക - ഒരുപാടു പരിഹാരങ്ങൾ നിർദ്ദേശിച്ചാലും, ആത്മഹത്യ എന്ന ദുഷ്പ്രവണതയ്ക്കു പരിഹാരം ഉപകാരപ്രദമാണോ എന്ന സത്യം തിരിച്ചറിയേണ്ടത് ഓരോ മാനവനും ആണ്, സ്വയം തന്നെ അവനവനു വിധി കൽപ്പിക്കുന്ന മനുഷ്യന്റെ മരണം ഒന്നിനും ഒരു പരിഹാരമല്ല എന്ന സത്യം തിരിച്ചറിയൂ, മനസ്സു ബലപ്പെടുത്താൻ ശ്രമം നടത്തൂ. ഏതു സങ്കീർണ്ണ സന്ദർഭങ്ങളെയും നേരിടാനുള്ള ധൈര്യം നേടിയെടുക്കൂ. അപ്പോൾ മാത്രമാണ് നീ വിജയിക്കുന്നത്. ഇനിയെങ്കിലും തിരിച്ചറിയൂ വിധിക്കാത്തതു ഒരിക്കലും കയ്യെത്തിപിടിക്കരുത്. വിധിച്ചതേ നിനക്കു ലഭിക്കൂ, അത് മരണമാണെങ്കിൽ പോലും. ഈ ലോകത്ത് അതായത് മനുഷ്യജീവിതത്തിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ ഒരുപാടുണ്ട്, അതിനു പരിഹാരമായി ആത്മഹത്യ എന്ന ഒന്നിനെ കൂട്ടുപിടിക്കാതിരിക്കൂ. ബലമേറിയ മനസ്സു ഭാവിയിലേക്ക് വെച്ചുനീട്ടൂ... അതാവട്ടെ ഒരു മുദ്രാവാക്യം.





**ശിൽപ സി.വി.**
ഒന്നാംവർഷം
ബി.കോം.

# കഴിവുകൾ കഥ പറയട്ടെ..

**ത**ന്റെ ഛായാ ചിത്രം വരപ്പിച്ചു കൊട്ടാരത്തിൽ പ്രദർശിപ്പിക്കാൻ രാജാവ് തീരുമാനിച്ചു. ഇല്ലെങ്കിൽ, ഒരു കാലും ഒരു കണ്ണും മാത്രമുള്ള തന്റെ ചിത്രം വരും തലമുറ വരച്ചു വികൃതമാക്കും എന്ന് അദ്ദേഹം ഭയന്നിരുന്നു. ഏറ്റവും നന്നായി വരയ്ക്കുന്നയാൾക്കും സമ്മാനവും പ്രഖ്യാപിച്ചു. സത്യസന്ധമായി വരച്ചാൽ രാജാവിന്റെ വൈകല്യം പുറത്തു കാണുകയും തങ്ങൾ ശിക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് ഭയന്ന് ആരും മുന്നോട്ട് വന്നില്ല. ഒരാൾ മാത്രം ആ വെല്ലുവിളി ഏറ്റെടുത്തു. അയാൾ വരച്ച ചിത്രം കണ്ട് രാജാവും ജനങ്ങളും അദ്ഭുതപ്പെട്ടു. കുതിരപ്പുറത്തിരുന്ന് ഒരു കണ്ണടച്ചു വില്ലുകുലയ്ക്കുന്ന രാജാവിന്റെ ഒരു വശം മാത്രം കാണുന്ന ചിത്രം അയാൾ രാജ്യത്തെ ആസ്ഥാന ചിത്രകാരനായി.

മറ്റുള്ളവരുടെ കുറവുകൾ വിറ്റ് ജീവിക്കുന്നവർക്കിടയിൽ അപരന്റെ മേന്മകളും നന്മകളും പ്രതിഫലിപ്പിക്കുന്നവർ അപൂർവ്വ കാഴ്ചയായിരിക്കും. സംഭാഷണങ്ങളിലും ചർച്ചകളിലും മറ്റുള്ളവരെ വിമർശിക്കാനും വിലയിരുത്താനുമാണ് എല്ലാവർക്കും താല്പര്യം. അന്യന്റെ തെറ്റുകളുടെ പ്രദർശനം നിരോധിച്ചാൽ തൊഴിൽ നഷ്ടപ്പെടുന്ന ആളുകളും ഉണ്ടാകും. കുറവുകൾ തേടി നടക്കാതെ അധികമായുള്ളവയെ അഭിനന്ദിച്ചിരുന്നെങ്കിൽ, ആത്മവിശ്വാസത്താൽ തളിരിടുമായിരുന്ന ഒട്ടേറെ ജീവിതങ്ങളാണ് കുറവുകളെ ഒളിപ്പിക്കാതെ ശേഷികളെ വെളിപ്പെടുത്തിയാൽ മതി. എന്തിനാണോ പ്രസിദ്ധി കിട്ടുന്നത് അത് പടർന്നു പന്തലിക്കും. കഴിവുകൾ കൊണ്ട് ലോകം കീഴടക്കിയവർ കുറവും ഇല്ലാത്തവരായിരുന്നില്ല. അതിനുള്ള ഉദാഹരണങ്ങൾ നമ്മുടെ സമൂഹത്തിലേക്ക് എത്തിനോക്കിയാൽ കാണാൻ സാധിക്കും. സ്വയം അംഗീകരിക്കാത്ത ഒരാൾക്കും നിലനിൽപ്പുണ്ടാകില്ല. ആർജിക്കാനാകാതെ പോയ കഴിവുകളെക്കുറിച്ചു നിരാശപ്പെടുന്നവർക്കു മുന്നിൽ ലഭിക്കാൻ സാധ്യതയുള്ള നേട്ടങ്ങളുടെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെടും. കഴിവുകൾക്കു കഥപറയാനുണ്ടെങ്കിൽ കുറവുകൾ ആരും ശ്രദ്ധിക്കില്ല.



# കൂട്ടുകാരി



**അനന്തു**
ഒന്നാംവർഷം
ബി.എസ്.സി. കംപ്യൂട്ടർ
സയൻസ്

**അ**കലങ്ങളിലെ കൂട്ടുകാരീ
പെയ്തൊഴിഞ്ഞു നീ
ഒരു മഴ പോലെങ്കിലും
തോർന്നതില്ലെൻ ഹൃദയത്തിലെ
ഓർമ്മകൾതൻ നീർകണങ്ങൾ
ആകാശമാകെ നിൻ മുഖം മാത്രം
തെളിയുമ്പൊഴീ ഉൾത്തണ്ടിൽ
ഉലയുന്നിതാ ഒരു ചെറുദീപനാളം
അറിയുന്നൂ ഞാൻ കൂട്ടുകാരീ
നിന്നുള്ളിലെ നൊമ്പരമായ്
വീണുടഞ്ഞുപോയ എൻ മൊഴികൾ
കുളിരുന്നൊരീ കാറ്റിലും ഞാൻ
എരിയുന്നു. നിൻ വിരഹത്താൽ
അറിയുന്നുവോ നീ നിൻ നിഴൽ മാത്രം
തേടി അലയും എൻ മനസ്സിൽ കൗതുകത്തിൽ
അരികത്തു നീ കൂട്ടുകാരി
ചേർന്നിരുന്ന നാളുകളാണെൻ
കനവുകളിലാകെ
നിൻ ചിരിയാൽ ചിറകു വിരിച്ച
ഈ മോഹങ്ങൾ വിങ്ങി തേങ്ങി......





**ആതിര വിജയൻ**
മൂന്നാംവർഷം
ബി.കോം.

# പാഠങ്ങൾ

പാഠം 1 ധൈര്യം

അമ്മേ പേടിയാവുന്നു. ഘോരമായ ഇടിയുടെ ഒച്ചയും മിന്നലിന്റെ ചിത്രപണികളും, അന്നു രാത്രി എന്റെ ഉറക്കം കെടുത്തി. കണ്ണടച്ചപ്പാൾ കണ്ട സ്വപ്നം ഭീകരമായിരുന്നു. കുറെ കറുത്ത വസ്ത്രമണിഞ്ഞ സ്ത്രീകൾ അമ്മയെ കിണറ്റിലേക്ക് തള്ളിയിടുന്നു. പുറകെ കരഞ്ഞോണ്ട് ഓടുന്ന ഞാനും. കിണറിന്റെ അരികിൽ ഓടിയെത്തുമ്പോഴേക്കും വൈകിയിരുന്നു. അമ്മൂ എന്ന് ഉറക്കെ വിളിക്കുന്ന എന്റെ അമ്മയുടെ ശബ്ദം കേട്ടാണ് ഞാൻ ഞെട്ടിയെഴുന്നേറ്റത്. രാത്രി പ്രാർത്ഥിച്ചിട്ട് കിടക്കണ്ടേ കുഞ്ഞേ എന്റെ നെറുകയിൽ തലോടികൊണ്ട് അമ്മ പറഞ്ഞു. അന്നെനിക്ക് നാലോ, അഞ്ചോ വയസ്സേ ഉണ്ടായിരുന്നുള്ളൂ. അന്നെത്ര ശ്രമിച്ചിട്ടും നിദ്ര എന്നെ തഴുകി യില്ല. അവസാനം എന്റെ കഷ്ടപ്പാട് കണ്ട അമ്മ പറഞ്ഞു. ഉറക്കം വരുന്നില്ലെങ്കിൽ മൂന്ന് അടവുകൾ പയറ്റണം.

ഒന്ന് : കണ്ണുകൾ മെല്ലെയടച്ച് ക്ലോക്കിന്റെ ടിക് ടോക് ശബ്ദം ശ്രദ്ധിക്കണം. പതുക്കെ ഉറങ്ങി ക്കോളും.

രണ്ട് : ഒന്ന് തൊട്ട് നൂറ് വരെ എണ്ണണം. ഒരു എഴുപത് ആവു മ്പോഴേക്കും ഉറങ്ങും.

മൂന്ന് : പുതപ്പിനകത്ത് കയറിയിട്ട് അമ്മയെ കെട്ടിപ്പിടിച്ച് കിടന്നാൽ മതി. അപ്പൊ അമ്മൂനെ ആരും ഉറക്കത്തിൽ പേടിപ്പിക്കില്ല. പേടിപ്പിച്ചാൽ അമ്മ അറിയും.

മൂന്നാമത്തെ അടവാണ് എനിക്ക് സൗകര്യമായി തോന്നിയത്. കാരണം അമ്മയുടെ കൈപിടിച്ച് കിടന്നാൽ അമ്മയെ ആരെങ്കിലും കൊണ്ടു പോവാൻ നോക്കിയാൽ ഞാനറിയുമല്ലോ. ഇന്നും രാത്രി പേടിയാകു മ്പോൾ അഞ്ജുവിന്റെ പെരുവിരൽ മുറുകെ പിടിച്ച് കിടക്കുമ്പോൾ വല്ലാത്തൊരു ധൈര്യമാണ്.

പാഠം 2 : വ്യക്തിത്വം. അമ്മേ അമ്മക്ക് എന്നെ ആണോ അഞ് ജൂനെ ആണോ കൂടുതലിഷ്ടം. ഒരിക്കൽ ക്വാർട്ടേഴ്സിന്റെ മുറ്റത്തിരുന്ന് കളിക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു. അമ്മ ചിരിച്ചു. അഞ്ജു അപ്പോൾ ഉറുമ്പിൻ കൂട്ടത്തെ നിരീക്ഷിക്കുകയായിരുന്നു. എനിക്കെന്റെ രണ്ടു കണ്ണുകളും പോലെയാണ് എന്റെ രണ്ടു മക്ക ളും. പെട്ടന്ന് അമ്മക്ക് ഒരു കുസൃതി തോന്നി. അമ്മൂനെ കാട്ടിൽ നിന്ന്

കിട്ടിയതാണെങ്കിലും അമ്മക്കൊരു പോലെയാട്ടോ. പെട്ടന്ന് മനസ്സിൽ തെളിഞ്ഞത് മൗഗ്ലിയുടെ കഥയാ. ശരിയാണ് കാട്ടിൽ നിന്ന് കുട്ടയിൽ കള ഞ്ഞ് കിട്ടിയതാണ് മൗഗ്ലിയെ. ഉള്ളിൽ ആധി കൂടിയെങ്കിലും ഞാൻ വിട്ടു കൊടുത്തില്ല. അപ്പോൾ ഞാനും അഞ്ജും എന്താ ഒരു പോലെ ഇരിക്കു ന്നത്. ഒന്നു പതറി യെങ്കിലും അമ്മ മറുപടി തന്നു. ഒരേ വീട്ടിൽ വളർത്തി യതുകൊണ്ട്. മൃഗസ്നേഹി അഞ്ജു സന്തോഷത്തോടെ തുള്ളിച്ചാടി. ഞാൻ കിടന്നു മോങ്ങി. അവസാനം അമ്മ കുറ്റസമ്മതം നടത്തിയപ്പോഴാണ് കര ച്ചിൽ അടങ്ങിയത്.

പാഠം 2 : കരുണ. ഞങ്ങളുടെ വീട്ടിൽ എല്ലാ ആഴ്ചയും പപ്പടം വിൽക്കാൻ ഒരു അമ്മൂമ്മ വരുമായിരുന്നു. പപ്പടം വേണമെങ്കിലും വേണ്ടെങ്കിലും അമ്മ എല്ലാ ആഴ്ചയും അവരുടെ കൈ യ്യിൽ നിന്നും പപ്പടം വാങ്ങുമായിരുന്നു. അവരുടെ ചുളിവുകൾ നിറഞ്ഞ നെറ്റിയും ക്ഷീണിച്ച കണ്ണുകളും ഇന്നും എന്നെ വിഷമിപ്പിക്കാറുണ്ട്. ആ അമ്മൂമ്മ ഈ പ്രായത്തിലും എന്തു കൊണ്ടാവും പപ്പടം വിൽക്കുന്നത്. മക്കൾ നോക്കാഞ്ഞിട്ടാവും. വയസ്സ് മൂത്തവരെ ഒരിക്കലും വിഷമിപ്പിക്ക രുത്. അമ്മക്ക് കുറെ കാശുണ്ടാവു മ്പോൾ ആ അമ്മൂമ്മയുടെ കൈയ്യിൽ ഒരു സ്വർണ്ണവള ഇട്ട് കൊടുക്കണം. സഹജീവിയോട് കാണിക്കേണ്ട കരു ണയെപ്പറ്റി പഠിപ്പിച്ചതും അമ്മതന്നെ.

പാഠം 2 : ത്യാഗം. എന്നും വീട്ടിൽ സ്പെഷ്യൽ ആയി എന്തെങ്കിലും വാങ്ങിക്കുമ്പോൾ

മൂന്ന് എണ്ണമേ മേടിക്കാറുള്ളൂ. എനി ക്കും അഞ്ജൂനും അച്ഛനും. അമ്മ യോട് ചോദിച്ചാൽ വിശപ്പില്ലന്നേ പറയൂ. ആദ്യമൊക്കെ ഞങ്ങളും വിശ്വ സിച്ചിരുന്നു. അമ്മക്ക് ഇതൊന്നും ഇഷ് ടമല്ലെന്നും വിശപ്പില്ലെന്നും വലുതായ പ്പോൾ സ്നേഹത്തിൽ നിന്നും ജനിച്ച ത്യാഗമാണതെന്ന് മനസ്സിലായി.

അവസാനപാഠം : ആത്മവിശ്വാസം. ബാലജനസഖ്യം മിമിക്രി ചെസ്റ്റ് നമ്പർ വൺ ആതിര വിജയൻ. വിറച്ചുകൊ ണ്ടാണ് ഞാൻ സ്റ്റേജിൽ കയറിയത്. എന്നേക്കാൾ മുതിർന്ന എതിരാളികൾ, എല്ലാവരും എന്നെത്തന്നെ നോക്കു ന്നു. കണ്ണിൽ ഇരുട്ട് കയറി. അഞ്ജൂ ന്റെ കൂടെ തകർത്ത് പ്രാക്ടീസ് ചെ യ്ത രാഷ്ട്രീയ നേതാക്കളുടെ അന്താ ക്ഷരി കുളമായി. ഇന്നസെന്റ് എന്ന് പറഞ്ഞപ്പോൾ വന്നത് പ്രേം നസീറി ന്റെ ശബ്ദം. നന്ദി പറഞ്ഞിറങ്ങു മ്പോഴും അമ്മയുടെ കൂടെ വീട്ടിലേക്ക് നടക്കുമ്പോഴും തല കുനിഞ്ഞാണിരു ന്നത്. അന്ന് രാത്രി അമ്മ എന്നെ പറ ഞ്ഞോർമ്മിപ്പിച്ചു. നക്ഷത്രം വരക്കാൻ കഴിയാതെ വിഷമിച്ച ഞാൻ അമ്മ വരച്ചു കാണിച്ച് നക്ഷത്രം വരച്ചത്, ആൺകുട്ടികൾക്കൊപ്പം ഫുട് ബോൾ കളിച്ചത്. പിന്നീട് 12-ാം ക്ലാസ്സിൽ ജില്ലാ കലോത്സവത്തിൽ മിമിക്രി സ്റ്റേജിൽ ഞാൻ നക്ഷത്രം വരച്ചു. അന്നത്തെ കടം വീട്ടി.

ദൈവത്തിന്റെ പ്രതിരൂപമാണ് അമ്മ. അമ്മയെ മനസ്സുകൊണ്ട് പോ ലും നോവിക്കരുത്. കാരണം കണ്ണ്, അതുള്ളപ്പോൾ മാത്രമേ അതിന്റെ വില മനസ്സിലാവൂ.




**അതുൽ വിപിൻ**
രണ്ടാംവർഷം
ബിഎ. ഇംഗ്ലീഷ്


# ഗന്ധം

**നി**ന്നോളം ഞാൻ മറ്റൊന്നിനെയും
ഇഷ്ടപ്പെട്ടിട്ടില്ല... എന്നത് പച്ച കള്ളമാണ്
നിന്നെക്കാളേറെ ഞാൻ ഇഷ്ടപ്പെട്ടതും,
ഇഷ്ടപ്പെടുന്നതും..
ഒരു പക്ഷെ നീ ഇഷ്ടപ്പെടാത്ത
നിന്റെ വിയർപ്പിന്റെ ഗന്ധത്തെയാണ്!







**Antony Jaison**
First BA English

# TRAIN TO PAKISTAN- A JOURNEY ONE SHOULD NEVER MISS

After a very long time, I found time to read a book yesterday. It was the classic 'Train to Pakistan' written by Khushwant Singh. I had heard of him and read quite a few articles of his in TOI, but I hadn't given him much thought.

So, it was utmost irreverence that I took up this book. Even the opening para didn't impress me. I haughtily dismissed it as being a rip-off from the 'Midnight's Children'. Little did my pea-brain realize that at the time this book was written, Salman Rushdie was probably a small boy.

As the pages turned, my indifference towards the author turned to awe. The horrors of partition were described, yet not described in totality. This kind of a chilling subtlety prodded me to keep reading further. Within no time I had completed the book – the story is just 190 pages. The purport, however, is enormous.

By the time I completed the book, I was fully with admiration for Singh. Never before have I read an author who was so sincere in his storytelling, so nuanced in his portrayals, and very objective in perspective. The most interesting part of the story was that the author remained completely neutral – and objectively pointed out the bad of both sides. Nowadays, we are living in an age where even the history textbooks are written according to the whims and fancies of political masters, so this was a sweet shock of sorts for me.

The whole message of the book, as sung by one of the main characters of the story, is this:

Not forever does the bulbul sing
In balmy shades of bowers,
Not forever lasts the spring
Nor ever blossom flowers.
Not forever reigneth joy,
Sets the sun on days of bliss,
Friendships not forever last,
They know not life, who know not this.

This books makes us think again, after seventy long years – has the two nation theory worked ? This debate is an endless one, but the fact remains that the Partition was unnecessary and uncalled for. No wonder India opposed the creation of Israel on religious grounds a few years later.

Also, this book has deepened my belief that any country which has a theocratic government at the helm of affairs is bound to fail (Read Pakistan). As much as the believers claim their holy book as 'divinely revealed' and 'beyond doubt', it is evident that they were created by power hungry individuals to oppress, subjugate and dominate the weak, poor and illiterate and consolidate more power for themselves.

Signing off in hope that both India and Pakistan learn from their past mistakes and prevent yet another organized killing of people. " The only thing a sane person can do in a lunatic system is to pretend that he is as mad as the others and at the first opportunity scale the walls and get out."



**ആഷ്‌ലിൻ ജോയ്**
രണ്ടാംവർഷം
ബി.കോം.

# കൽക്കത്ത ഇന്ത്യയുടെ സംസ്കാരം

**കൊ**ൽക്കത്ത, കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക അടിത്തറ പടുത്തുയുർത്തുവാൻ ചോര നീരാക്കുന്ന ബംഗാളികളുടെ നാട്. ഇന്ത്യയിൽ വിവിധ സംസ്കാരങ്ങൾ സ്വരചേർച്ചയോടെ ഭരണം നടത്തുന്നുണ്ടെങ്കിലും ഒരേ സംസ്ഥാനത്തു തന്നെ രണ്ട് സംസ്കാരങ്ങളുടെ സമന്വയം കൽക്കട്ടയ്ക്ക് സ്വന്തം.ഇന്ത്യൻ ജനസംഖ്യയുടെ ഏറിയ ഭാരവും സ്വയം ചുമക്കുന്ന ഈ മഹാനഗരത്തിന് വിശ്വാസങ്ങളാലും, ഭക്ഷ്യസംസ്കാരത്താലും വാസ്തു വൈഭവങ്ങളാലും പടുത്തുയർത്തപ്പെട്ട തനതായ വ്യക്തിത്വമുണ്ട്. നഗരനിരത്തുകളിലും ഗ്രാമപ്രദേശങ്ങളിലും ഓടിയെത്തുന്ന മഞ്ഞനിറമുള്ള അംബാസഡറുകളാണ് കൊൽക്കത്തയെ വ്യത്യസ്തമാക്കുന്നത്. കൊൽക്കത്ത, ഹൂഗ്ലി, ഭട്ടപാറ, ബാരാനഗർ എന്നിവയാണ്. പ്രധാന പട്ടണങ്ങൾ ഇടുങ്ങിക്കൂടിയ കെട്ടിടങ്ങൾക്കിടയിൽ ഈ ഓരോ പട്ടണങ്ങളിലും നിരവധി ജീവിതങ്ങളാണ് ദിവസേന പടുത്തുയർത്തപ്പെടുന്നത്. ബംഗ്ലാദേശിന്റേയും ഇന്ത്യയുടേയും സംസ്കാരം എങ്ങിനെ ഊടും പാവുമായി ഇഴചേർന്നിരിക്കുന്നുവെന്ന് ഈ മഹാനഗരം നമുക്കു കാണിച്ചുതരും. ജനസംഖ്യയെന്നപോലെത്തന്നെ സമ്പത്താലും സമ്പന്നമാണിവിടം. ഇന്ത്യയുടെ ത്തന്നെ ആഗോള ഓഹരിയിൽ കൽക്കത്തയുടെ പങ്ക് നിർണ്ണായകമാണ്.

കൽക്കത്തയുടെ സംസ്കാരം പടുത്തയർത്തിയത് ഹൂഗ്ലി നദിയാണ്. സമ്പന്നരുടെ വിജയത്തിന്റെ മധുരം മുതൽ ദരിദ്രന്റെ കണ്ണീർ ഉപ്പുവരെ അലിയിച്ചുച്ചേർക്കുന്നത് ഗംഗയുടെ കൊൽക്കത്താരൂപമായ ഈ നദിയിലാണ്. കൽക്കത്തായാത്രകൾ പൂർണ്ണമാകുന്നത്. സാത്വികശാന്തമായ ഹൂഗ്ലി നദിയിലെ നൗകകളിൽ കൽക്കട്ട നഗരത്തെ കാണുമ്പോൾ മാത്രമാണ്. ഇന്ത്യയുടെ സാസ്കാരിക തലസ്ഥാനമായ കൽക്കട്ട കിഴക്കേ ഇന്ത്യയുടെ വിദ്യാഭ്യാസ കേന്ദ്രം കൂടിയാണ്. ഇന്ത്യയിലെ തന്നെ ഒരു പക്ഷേ ഏറ്റവും പുരാതനമായ തുറമുഖം കൽക്കട്ടയിലേതാണ്. പ്രായത്തോടൊപ്പം തന്നെ കൽക്കത്തയുടെ ഞരമ്പുകളിൽ നിരവധി ഓർമ്മകളും നിഴലിച്ചു കിടക്കുന്നുണ്ട്. നവാബ് ഭരണം മുതൽ മുഗൾ ഭരണം വരെ നീണ്ടു നിൽക്കുന്ന രാജഭരണ പഴമയുണ്ട്. ഈ നഗരത്തിന് ഇന്നത്തെ ഈ നിലയിൽ കൽക്കത്ത വളരുന്നത് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ വരവോട് കൂടിയാണ്. ആജ്ഞാപനങ്ങൾക്കു മുന്നിൽ തല കുനിച്ച സമൂഹത്തെ വാണിജ്യവണിക്കുകളാക്കിയത് വെള്ളക്കാരായിരുന്നു. ന്യൂഡൽഹിക്കും മുമ്പ് ഇന്ത്യാക്കാരായിരുന്നു. ന്യൂഡൽഹിക്കും മുമ്പ് ഇന്ത്യയുടെ തലസ്ഥാനമായത് കൽക്കത്തയായിരുന്നു. പിന്നീടങ്ങ് സ്വാതന്ത്ര്യത്തിനായി ഇന്ത്യൻ ജനത മുറവിളി കൂട്ടിയപ്പോഴും ആ അലയൊലികൾ ആരംഭിച്ചത് ഇതേ മണ്ണിൽ നിന്നായിരുന്നു. ഇന്ത്യൻ സിനിമയുമായി വേർപെടാത്ത ബന്ധമായിരുന്നു കൽക്കത്തയുടേത്. ഗ്രാമീണ ബാലെകളിൽ നിന്നും, കല, സാഹിത്യം, സിനിമ ഇവയിൽ ഇത്രമാത്രം ജീവസർപ്പിച്ച മറ്റൊരു നഗരം ഇന്ത്യൻ ചരിത്രത്തിലില്ല. ബംഗാളി ഫിലിം ഇൻഡസ്ട്രി എന്നത് മഹത്തായ കലയുടെ മൂർത്തരൂപമാണ്. നിരവധി



നോബേൽ ജേതാക്കൾ ഈ മണ്ണിൽ നിന്നും ഉരുത്തിരിഞ്ഞവരായിരുന്നു. ലോകം കണ്ടതിൽ വച്ചേറ്റവും ദൈവീകമായ കവിതയുടെ ഉറവിടം, ശ്രീ. രവീന്ദ്രനാഥ ടാഗോർ തന്റെ രക്തവും മാംസവും കൽക്കത്തയുടെ ഗ്രാമങ്ങൾക്കൊണ്ടാണെന്ന് വിശ്വസിച്ചവനാണ്. അദ്ദേഹത്തിന്റെ ഓരോ വരികളിലും ഗ്രാമത്തിന്റെ വിശുദ്ധിയും ഹൂഗ്ലി നദിയുടെ ഈർപ്പവും കാണാം. ബ്രിട്ടീഷ് കാലഘട്ടത്തിന്റെ പഴയമുഖം നമുക്ക് മുന്നിൽ വരച്ചിടുന്ന അനേകം പാശ്ചാത്യ സമുച്ചയങ്ങൾ ഇന്നും കൽക്കട്ടയ്ക്ക് മുകളിലുണ്ട്.

കാളിയുടെ മണ്ണ് എന്നർ ത്ഥം വരുന്ന കാളീഘട്ട് ആണ് പിന്നീട് കൽക്കട്ട ആയത് കൽക്കട്ട എന്നു മാത്രമല്ല കൊൽക്കത്ത എന്നൊരു മറു നാമവും ഇതിന് സ്വന്തമായുണ്ട്. കാളിയുടെ മണ്ണാകയാൽ തന്നെ ദുർഗാപൂജ അവരെ സംബന്ധിച്ചിടത്തോളം മഹാ ഉത്സവമായതിൽ യാതൊരു സംശയവും ഇല്ല. കൊൽക്കത്തയിലുടനീളമുള്ള കാളീക്ഷേത്രങ്ങൾ അവരുടെ വിശ്വാസത്തിന്റെ നേർരൂപമാണ്. ബ്രിട്ടിഷ് ഹിസ്റ്ററി ആന്റ് ഇന്ത്യൻ ആർട്ട്, മാർബിൾ പാലസ്, വിക്ടോറിയ മെമ്മോറിയൽ എന്നിവ കൽക്കത്തയുടെ സമ്പന്നതയുടെ അടയാളങ്ങളാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഏറ്റവും മഹത്തായ ശാസ് ത്ര നഗരവും പ്രമുഖലൈബ്രറികളിലൊന്നായ നാഷണൽ ലൈബ്രറി ഓഫ് ഇന്ത്യയും ഇവിടെതന്നെയാണ്.

നാടകത്തോടുള്ള കൊൽ ക്കത്തയുടെ അഭിനിവേശത്തിന് കൊല്ലങ്ങളുടെ പഴക്കമുണ്ട്. 1940 കളിൽ പരീക്ഷണാർത്ഥത്തിൽ നിലവിൽ വന്ന തിയ്യറ്റേറുകൾ ഇന്ന് കൽക്കട്ടയുടെ നാഴികക്കല്ലുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. പത്തൊൻപത് ഇരുപത് നൂറ്റാണ്ടുകളിൽ കൊൽക്കത്തയുടെ സാഹിത്യം അതിന്റെ പാരമ്യത്തിലായിരുന്നു. ബങ്കിം ചന്ദ്ര ചഡോപാദ്ധ്യ രവീന്ദ്രനാഥ ടാഗോർ, ശരത്ചന്ദ്ര പഡോപാദ്ധ്യമിഷേൽ മധുസൂദനൻ ദത്ത് ഇവരായിരുന്നു ബംഗാളി സാഹിത്യത്തിന്റെ കാരണവന്മാർ.

കാളിപൂജ, ദീപാവലി, ഹോളി, മഹാശിവരാത്രി എന്നിങ്ങനെ ആഘോഷങ്ങൾ നീളുമ്പോൾ കൊൽക്കത്തയെ അടയാളപ്പെടുത്തുന്നത്. കാളി പൂജയാണ് പുതിയ ചന്ദ്രമാസത്തിൽ കാർത്തികനാളിൽ വെസ്റ്റ് ബംഗാൾ, ബീ ഹാർ, ഒഡീസ, അസാം, ത്രിപുര, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ ആഘോഷിക്കുന്ന ഒന്നാണ് കാളീപൂജ. പതിനെട്ടാം നൂറ്റാണ്ടിനു മുമ്പേ ഇത് കൊൽക്കത്തയോട് ഇഴചേർന്നിരിക്കുന്നു. കാളീരൂപത്തെ സ്വന്തം വീടുകളിലേക്ക് ആനയിച്ച് ചെമ്പരത്തിയാൽ അലങ്കരിച്ച്, മത്സ്യവും, മാംസവും നേദിക്കുന്നു. ദിവസാവസാനം അടുത്ത പകൽ കാളീരൂപത്തെ നദിയിൽ നിർമ്മാ ർജ്ജനം ചെയ്യുന്നു. വളരെ വൈ കാരികമാണ് കൽക്കത്ത നിവാസികളെ സംബന്ധിച്ചാസമയം. തെക്ക് -കിഴക്ക് ഇന്ത്യയിലെ വ്യവസായ കേന്ദ്രമാണ് കൽക്കട്ട. സ്വാതന്ത്രാനന്തരം ഉണ്ടായ സാമ്പത്തിക വീഴ്ചയിൽ നിന്നും കൽക്കട്ടയുടെ തിരിച്ചുവരവ് ഉന്നതിയിലേക്കായിരുന്നു. തെരു

വോര കച്ചവടം മുതൽ ഇന്ത്യൻ സാമ്പത്തിക അടിത്തറയുടെ കരുനീക്കങ്ങൾ നടക്കുന്ന തുവരെ ഈ മഹാനഗരത്തിലാണ്. ഈ വൈവിധ്യങ്ങൾ ഉള്ളതിനാലാവും മഹാനഗരത്തെ സന്തോഷത്തിന്റെ നാട് വിശേഷിപ്പിക്കുന്നത്. വാസ്തുശില്പങ്ങളാൽ സമ്പന്നമാകയാൽ കിഴക്കിന്റെ സെയിന്റ് എന്ന് കൽക്കത്തയെ വിശേഷിപ്പിക്കുന്നു.19-ാം നൂറ്റാണ്ടിൽ ഏറ്റവും പ്രതാപമായിരുന്നു. കൽക്കട്ട അതിനാൽത്തന്നെ കൊട്ടാരങ്ങളുടെ നഗരം എന്നും അത് വിളിച്ചുപോന്നു. വാണിജ്യ-വ്യവസായങ്ങളേയും, സമയത്തിരക്കിനേയും ഒരു കോണിൽ നിന്നും മറ്റൊരു കോണിലേക്ക് മുട്ടിക്കുന്നത് വിഖ്യാതമായ ഹൗറ പാലമാണ്. രവീന്ദ്രസേതു എന്നറിയപ്പെടുന്ന ഈ പാലം കൽക്കട്ടയുടെ നട്ടെല്ലാണ്. നഗരം ഇരുട്ടിലാകുമ്പോളും തിരക്കൊഴിയാത്ത മഹാനഗരത്തിന്റെ കാഴ്ച ഹൗറ പാലത്തിൽ നിന്നും കമനീയമാണ്. കൽക്കട്ടയുടെ വിശാലമായ വാണിജ്യകേന്ദ്രം ഹൗറയാണ്. മഹാനഗരത്തിന്റെ ആവശ്യങ്ങളെയത്രയും തൃപ്തിപ്പെടുത്തി വരുന്നത്. ചണവ്യവസായത്തിന് പേരുകേട്ട ഇവിടം ഇരുമ്പുരുക്ക്, പഞ്ചസാര നിർമ്മാണം, രാസവ്യവസായം, പരുത്തി-കടലാസ് വ്യവസായം എന്നിങ്ങനെ വഴിപിരിഞ്ഞിരിക്കുന്നു. 22-ാം നൂറ്റാണ്ടിലും പഴമയിലേക്ക് മടങ്ങിയെന്ന മതിഭ്രമം ഉളവാക്കുന്നവയാണ്. ട്രാം എന്ന സഞ്ചാരമാർഗം. റെയിൽപാളം പോലുള്ള നിരത്തിലെ ഉരുക്കുപാതയിൽ വേഗമില്ലാതെ ഓടുന്ന ഈ ചെറുതീവണ്ടികൾ ബ്രീട്ടീഷ് ഇന്ത്യയുടെ അടയാളങ്ങളാണ്.

മാനുഷിക ബന്ധങ്ങൾക്കിത്രമേൽ ഊന്നൽ നൽകുന്ന ഇടങ്ങൾ വളരെ ചുരുക്കമാണ്. പര എന്നാൽ സമുദായങ്ങൾക്കിടയിലുള്ള കൂട്ടം ചേരലാണ്. അയൽവാസികളും മറ്റു ശൃംഖലകളിലുള്ളവരും ഒത്തുചേരുന്ന സമ്പ്രദായമാണിത്. അതുപോലെ തന്നെ മറ്റൊരു പ്രത്യേകതയാണ്. അധ ഒത്തുചേർന്നുള്ള സംഭാഷണങ്ങളാണിവ. തിരക്കിൽ സ്വയം നഷ്ടമാകുന്ന ലോകത്ത് ഇത്രയും തിരക്കുപിടിച്ച നഗരത്തിൽ മാനുഷികബന്ധങ്ങൾ ഹരിതാഭമാകുന്നത്, കുളിരേറുന്ന കാഴ്ചയാണ്. സാംസ്കാരിക സമുച്ചയങ്ങളായി മാറപ്പെട്ട നിരവധി വാസ്തുവൈവിധ്യങ്ങളുടെ കലവറയാണിവിടം. ഇന്ത്യയിലെത്തന്നെ ഏറ്റവും പഴക്കം ചെന്ന ഇന്ത്യൻ മ്യൂസിയം, ഇന്ത്യയുടെ ജീവിതത്തിന്റെ പൊരുൾ ഇഴുകി ചേർന്ന ഇന്ത്യൻ നാച്ചറൽ മ്യൂസിയം. അങ്ങനെ അങ്ങനെ പലതും...





# है आँसुओं से जुनून

तुझे ढूँढते रहे हम
हर दिन हर लम्हा
था तुम एक खोफ कभी
पर दे अब दिल को मरहम तू।
खुदा की कुदरत है
जो जुनून है अब तुझसे
तुझमें है एक अलग सुकून
जो जान पाए हम ज़ख्मी।
गले लग जाऊ अब हम
खो जाऊ इन रंगरलियों में
जो मिल हम रूह से रूह
कि मोहब्बत हो जाऊ जुनून।
ज़िन्दगी है ही क्या
जिसमें न हो तू
कि ये कायनात जाने
तेरे सिवा न होगा कोई।
तेरे कमी जो बनी सुख
तेरे आने पे है नरक किसी को
पर वे न जाने तेरे दिल को
जिस में हो जो सुख जो सुख में न हो।
सदियाँ बीती तुजे पुकारते
अब जो मिली तो खो न दूँ तुझे
सोने दो अब इन पलकों में
सोया नहीं तेरी इंतज़ार में कभी
जो सोने न दिया ये पलके कभी



**Gayathri Haridas**
Second BA English



# നടനം മോഹനം

ഒരു ഇടിമിന്നലിന്റെ വേഗതയിലായിരുന്നു ഒരുമിച്ചുള്ള ആ തീരുമാനം... ഈ വർഷം ഒരു ഡാൻസ് പെർഫോമൻസ് ചെയ്യുക എന്നത്... മാർച്ച് മാസം തീരുമാനം എടുക്കുമ്പോൾ ടീച്ചേഴ്സ് ഡാൻസ് ഫോറം എന്ന ചെറിയ ഗ്രൂപ്പിലെ അംഗങ്ങളായ ഞങ്ങൾക്ക് ഒന്നും ആലോചിക്കേണ്ടി വന്നില്ല. ഞങ്ങളുടെ പ്രിയ അദ്ധ്യാപികയും പ്രസിദ്ധമായ മോഹിനിയാട്ടം നർത്തകി കൂടിയായ ഡോ. സന്ധ്യ സന്തോഷത്തോടെ ഈ തീരുമാനത്തെ പിൻതാങ്ങിയപ്പോൾ ആവേശത്തിന് അതിരുകളില്ലാതായി. ഈ പ്രാവശ്യം മോഹിനിയാട്ടം ക്ലാസിക്കൽ പെർഫോൻസ് തന്നെ എന്നും തീരുമാനിച്ചു. ഞാനും, സൗമ്യയും, ദീപ്തിയും ചെറുപ്പകാലത്തെ അരങ്ങേറ്റവും അമ്മമാരുടെ നിർബന്ധത്തിനു വഴങ്ങി മനസ്സില്ലാമനസ്സോടെ ഡാൻസ് ക്ലാസ്സുകളിൽ പോയിരുന്നതും ഓർത്ത് ചിരിച്ചു. സുകന്യ ആ സമയം നെഞ്ചിടിപ്പോടെ ഓർത്തത്. ഇതുവരെ ഇത്തരം ഒരു സഹാസത്തിന് താൻ മുതിർന്നിട്ടില്ലല്ലോ എന്നായിരുന്നു. എന്താ എല്ലാവരും പ്രായം മറന്നു, ചുറ്റുപാടുകൾ മറന്നു. മോഹിനികളാകാൻ തീരുമാനിച്ചു. തീരുമാനം എടുത്തതുപോലെ സുഖകരമല്ലായിരുന്നു. അതിനുള്ള ഒരുക്കങ്ങൾ ഒഴിവുസമയങ്ങൾ ഉപകാരപ്രദമായി ഉപയോഗിക്കാൻ തീരുമാനിച്ചെങ്കിലും സൈക്കോളജി, കംപ്യൂട്ടർ സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് സമയങ്ങൾ തമ്മിൽ പലപ്പോഴും ചേരാതെ മുഖം തിരിഞ്ഞ് നിന്നു. ഒരുമിച്ച് ഒത്തുചേർന്ന് പഠിക്കാനും പ്രാക്ടീസ് ചെയ്യാനും കഴിയാത്ത അവസ്ഥകൾ. ശ്രീകൃഷ്ണന്റെ ജിവിതത്തിലെ പ്രധാനസംഭവങ്ങൾ മുദ്രകളും ഭാവങ്ങളും ആകുമ്പോൾ വഴങ്ങാത്ത ശരീരത്തിന്റെ അവസ്ഥാഭേദങ്ങൾ ഓർത്ത് ഞങ്ങൾ ഇതികർത്തവ്യതാമൂഢരായി നിന്നു പോയി. 52-ാം വയസ്സിലും മുകളിൽ നിന്നു ഒഴുകി വീഴുന്ന ഉറവപോലെ വഴങ്ങുന്ന ശരീരവും ക്ഷണനേരത്തിൽ മാറി മറയുന്ന ഭാവങ്ങളുമായി അപ്സരസ്സിനെപ്പോലെ മുന്നിൽ നിൽക്കുന്ന നൃത്താദ്ധ്യാപികയുടെ നടനപാടവം കണ്ട് അല്പനേരം അന്തംവിട്ടിരുന്നു പോയി.

അത്ര തന്നെയെങ്കിലും ഗുരുവായൂരിൽ തുറന്നുകിട്ടിയ അവസരം യഥാവിധം ഉപയുക്തമാകുമെന്ന് ഞങ്ങൾ ഉറച്ചു. മണ്ണുതിന്നുന്ന കണ്ണനും, വാത്സല്യം തുളുമ്പുന്ന യശോദയും, പൂതനയും, കാളിയനും പരിശീലന വേളകളിൽ അതുതന്നെയാണോ ഇത് എന്ന സംശയം ഉളവാകുന്ന രീതിയിലായിരുന്നു. (അതുതാനല്ലയോ ഇത് എന്ന ഉത്പ്രേക്ഷാ അലങ്കാരമല്ല കേട്ടോ..) സന്ധ്യ ടീച്ചർ പക്ഷേ ഒരിക്കലും ദേഷ്യപ്പെട്ടില്ല.

അവനവന്റെ സ്വകാര്യതയിൽ പലരും കണ്ണാടിയുടെ മുമ്പിലും കുളിമുറിയിലും നൃത്താഭ്യാസം തുടർന്നു. ഉറക്കത്തിൽ പിച്ചും പേയും പറഞ്ഞു. കാറോടിക്കുമ്പോൾ തനിയെ ഉറക്കെപ്പാടി. അടുക്കളയിലെ പാചകം ഡാൻസിന്റെ പാട്ട് ഉറക്കെ വച്ചു. അടുത്ത വീട്ടിലെ ത്രേസ്യാമ്മ ചേച്ചിയ്ക്കുപോലും പാട്ടുവച്ചു കൊടുത്താൽ നൃത്തം ചെയ്യുന്ന അവസ്ഥയാ

യി.

മദ്ധ്യവേനലവധി വലിയൊരു വില്ലനായി അവതരിച്ചു. ഒരുമിച്ചു കൂട്ടാൻ പറ്റാത്ത വസ്ഥ. അവസാനം വീട്ടിലെ ഉത്തരവാദിത്തങ്ങൾ വിലങ്ങുതടിയായി. ഇനി ഇതവസാനിപ്പിച്ചേക്കാം എന്നു പറയേണ്ട അവസ്ഥ. വീട്ടുകാരെ ബോദ്ധ്യപ്പെടുത്താൻ എല്ലാവരും തന്നെ പാടുപെടുകയായിരുന്നു. അവസാനം മെയ് പകുതിയോടെ വീണുകിട്ടിയ നാലു ദിവസങ്ങൾ. അപ്പോഴും നാലുപേർക്കും പൂർണ്ണമായും യോജിച്ച് പരിശീലിക്കാൻ പറ്റുന്നില്ല. സന്ധ്യ ടീച്ചറുടെ വീട്ടിലേയ്ക്ക് പരിശീലനം മാറ്റി. കലയും സാഹിത്യവും വിജ്ഞാനവും വഴിഞ്ഞൊഴുകുന്ന ശാന്തസുന്ദരമായ അന്തരീക്ഷം. ആ ഭവനം അവിടത്തെ ഓരോരുത്തരും ഞങ്ങളെ സ്നേഹത്തോടെ സ്വീകരിച്ചത്. ഞങ്ങളിലെ ആവേശത്തെ ആളിക്കത്തിച്ചു. അങ്ങളവിടെ കൊച്ചു കുട്ടികളായി. അവിടെ ഞങ്ങളെ സ്വീകരിച്ച രണ്ട് അമ്മമാരുടെ സ്നേഹത്തിനു മുമ്പിൽ ഞങ്ങൾ അലിഞ്ഞില്ലാതായി. തങ്ങളുടെ സ്നേഹവായ്പിനാൽ ഞങ്ങളുടെ മനസ്സും ഭക്ഷണത്താൽ ഉദരവും നിറച്ചു. സതീഷ് സാറിന്റെ മധുരതരമായ ലൈം ജ്യൂസ് ഇടവേളകളെ ഉന്മേഷഭരിതമാക്കി. നാലാം ദിവസം അമ്മമാരുടെ കാൽതൊട്ടു വന്ദിച്ചിറങ്ങുമ്പോൾ കഴിഞ്ഞുപോയ ദിനങ്ങളുടെ ഓർമ്മകൾ നഷ്ടബോധങ്ങൾ ഉണർത്തി.

പരിശീലനത്തിനിടെ പലരുടെയും മാംസപേശികളും അസ്ഥികളും മറ്റുപലകഥകളും പറയുന്ന അവസ്ഥയായിരുന്നു. വേദനമൂലം ചവിട്ടുപടികൾ കയറുമ്പോൾ ചിക്കൻഗുനിയ രോഗം ബാധിച്ചവരെ ഓർമ്മപ്പെടുത്തി വോളിനി ഓയിൽമെന്റും ചുടൂവെള്ളവും ആരെയും കാണിക്കാതെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മറ്റുള്ളവരുടെ മുമ്പിൽ എല്ലാത്തിനേയും അവഗണിച്ച് ആരോഗ്യവതികളായി. വാട്ട്സാപ്പിൽ വേദനയുടെ പയ്യാരങ്ങൾ നിറഞ്ഞു. ഈ സ്ത്രീകൾ ക്കൊന്നും വേറെ പണിയില്ലേ എന്നു മറ്റുള്ളവർ പറയാതിരിക്കാൻ ഉല്ലാസവതികളായി. എങ്കിലും കൊച്ചു കൊച്ചു കാര്യങ്ങളിൽ ഞങ്ങൾ സന്തോഷം കണ്ടെത്താൻ പഠിച്ചു. മാല, വള, കമ്മൽ, പാദസരം തുടങ്ങിയവ വാങ്ങാൻ സ്കൂൾ കുട്ടികളെപ്പോലെ കലപില കൂട്ടി നടന്നു.

അങ്ങനെ ജൂൺ 7-ാം തീയതിയായി. ഇനി അടുത്ത ദിവസത്തെ സ്റ്റേജ് മനസ്സിൽ ധ്യാനിച്ചു കൊണ്ടിരുന്നപ്പോഴാണ് തീരുമാനമെടുത്ത ഇടിമിന്നൽ മിന്നൽപ്പിണരായി അവതരിച്ചത്. ദീപ്തിയ്ക്ക് വരാൻ കഴിയാത്ത അവസ്ഥ. അന്നു രാത്രി ആരും ശരിക്ക് ഉറങ്ങിയിട്ടില്ല. മനസ്സാന്നിദ്ധ്യം കളയേണ്ടെന്ന് സന്ധ്യടീച്ചർ.

ജൂൺ 8... ഉദ്വേഗഭരിതമായ നിമിഷങ്ങൾ പിന്നിട്ട് ഞങ്ങൾ ഗുരുവായൂർ എത്തി വേഷവിധാനങ്ങൾ... ആൾക്കാർ തന്നെ മാറിപ്പോയി. ഒടുവിൽ സ്റ്റേജിൽ കർട്ടൻ പൊങ്ങുന്നതിനുമുമ്പ് മിടിക്കുന്ന ഹൃദയവുമായി ഗുരുവിനെ വന്ദനം ചെയ്ത്... 20 വർഷങ്ങൾക്കപ്പുറം ചിലങ്ക കെട്ടി നടനം തുടങ്ങി. ഞങ്ങളെത്തന്നെ മറന്ന പ്രകടനം. കൃഷ്ണ സന്നിധിയിൽ ചുവടുകൾ പിഴയ്ക്കാതെ ഉണർവ്വോടെ... സദസ്സിൽ നിർവൃതിയോടെ ഞങ്ങളുടെ സന്ധ്യ ടീച്ചർ.. അന്നു രാത്രി ഏവരും സ്വപ്നം കണ്ടുറങ്ങി ഏഴ് സ്വർഗ്ഗങ്ങൾക്ക മുകളിൽ കലയുടെ പൂർത്തീകരണത്തിന്റെ നിറവിൽ..കൂട്ടായ്മയുടെ, കരുതലിന്റെ സ്നേഹത്തണലിൽ.. കൂടുതൽ ആഗ്രഹ നിവർത്തീകരണം മോഹിച്ച് .. സ്വപ്നം കണ്ട്...





# സഖീ



**റോബിൻ ഷാജ്**
രണ്ടാംവർഷം
ബി.കോം.

**രാ**ഗമാം നിൻ ചിരി തഴുകുമെൻ
പ്രഭാതം എത്ര സുന്ദരമായിരുന്നു സഖീ
നാളുകളേറെയായി നിൻ ചിരി
കാണുവാൻ എൻ മിഴികൾ ദാഹിക്കുന്നു
എൻ മനസ്സിൻ മാന്ത്രിക ചെപ്പിൽ
നിൻ ചിരിയായൊരു കവിതയുണ്ട്
നിന്റെ വരികളാൽ മായുന്ന ദുഖമേ
എനിക്കുള്ളതോ സഖീ
സ്വരങ്ങളിൽ എൻ ശ്രുതി
ചേരുമ്പോൾ മഞ്ഞുതുള്ളി
പോൽ കുളിരുമെൻ മനം
നിൻ മണിച്ചുണ്ടാൽ പൊഴിയുമനുരാഗം
എങ്ങുപോയി
നിൻ അജ്ഞാത മിഴികളാൽ
പറയും പരിഭവം എങ്ങോ മറഞ്ഞു പോയ് സഖീ നിൻ
മൗനമേ സഖീ എൻ മനം
എരിയുന്ന കനൽ പോലെ
ഇനി എന്തുവേണം പ്രിയേ നീ
എൻ സഖിയാകുവാൻ
ഓർക്കാതെ വയ്യ ആ പഴയകാലം
വർണ്ണങ്ങളാൽ നിറഞ്ഞ വസന്തകാലം
എന്റെ പ്രിയപ്പെട്ടവളാൽ നെയ്ത
മധുര നൊമ്പരക്കാലം





**ഗായത്രി സുരേഷ് ബാബു**
മൂന്നാംവർഷം
ബി.എസ്.സി. സൈക്കോളജി

# ആ അപഗ്രഥനവും തെറ്റായിരുന്നത്രേ...

**പ്ര**ണയത്തിലും യുദ്ധത്തിലും നിയമങ്ങളൊന്നുമില്ല എന്നാണ് വെയ്പ്. പ്രണയത്തിലാവുമ്പോൾ ഒരാൾ മുഴുവനായി മറ്റൊരാൾക്ക് സമർപ്പിക്കുകയാണ്. ഒരിക്കലും ചെയ്യില്ല എന്നു തീരുമാനിച്ച ചില കാര്യങ്ങൾ ചെയ്യാനുള്ള ധൈര്യം തരാനും പ്രണയത്തിന് കഴിയും. നല്ലതായാലും ചീത്തയായാലും ഒരുവന്റെ കാമുകിയാകുമ്പോൾ നിങ്ങൾ സ്വയം മറക്കുന്നു. കയറുപോലെ പിരിഞ്ഞൊറ്റയാവുന്നു. സ്വപ്നങ്ങൾ പരസ്പരം ആലിംഗനം ചെയ്യുന്നു. പരിണയി ക്കുന്ന സ്വപ്നങ്ങൾക്ക് കുഞ്ഞുങ്ങൾ പിറക്കുന്നു. കാല്പനികതക്ക് ചിറകുകൾ മുളക്കുന്നു. തെളിഞ്ഞ ആകാശത്ത് അങ്ങനെ ചിറകുകൾ വിരിച്ച് പറക്കാൻ തുടങ്ങുമ്പോഴാണ് കുഞ്ഞുകുഞ്ഞു പിണക്കങ്ങൾ തുടങ്ങുന്നത്. ആദ്യമൊക്കെ ഒരു കരച്ചിലിൽ മാറുന്ന പിണക്കങ്ങൾ പിന്നീട് മണിക്കൂറുകളോളം മിണ്ടാതിരിക്കുന്നതിലേക്കും വഴിയേ ഫേസ്ബുക്ക്, വാട്സ്ആപ്പ് സ്റ്റാറ്റസ് അപ്ഡേറ്റുകളിലേക്കും വലുതാവുന്നു. കുറ്റം പറയാനൊക്കില്ല. ഫേസ്ബുക്ക് തുറന്നാൽ കാണുന്ന ഒരു വലിയ ചതുരക്കള്ളിക്കുള്ളിൽ എന്തെങ്കിലും എഴുതു എന്ന് സുക്കർബർഗ് ടൈപ്പ് ചെയ്തു വച്ചിരിക്കുന്നത് കണ്ടാൽ ആരും അറിയാതെല്ലാം തുറന്നു പറഞ്ഞു പോകും. അങ്ങനെ ഒരു തുറന്നു പറച്ചിൽ സത്യത്തിൽ കൂടുതൽ വലിയ പിണക്കത്തിലേക്കാണ് നയിച്ചത്. കാമുകനോട് പിണങ്ങി ഞാൻ സ്റ്റാറ്റസ് അപ്ഡേറ്റു ചെയ്തു. വാക്കുകൾ കുറച്ച് കടുത്തു പോയി. ടിയാൻ കട്ട കലിപ്പായി. ഫോൺ കോളുകൾക്ക് മറുപടിയില്ല. മെസേജുകൾ വായിച്ചിട്ടും പ്രതികരിക്കുന്നില്ല. പറഞ്ഞു നോക്കി. വാദിച്ചുനോക്കി. കാലുപിടിക്കുന്ന തരത്തിൽ കെഞ്ചിനോക്കി. കരഞ്ഞുകൊണ്ട് ശബ്ദശകലം അയച്ചു. സ്നേഹം കൊണ്ട് പൊതിയാൻ നോക്കി. രക്ഷയില്ല. അവസാനം വേറെ വഴിയില്ല എന്നായപ്പോൾ ഞാൻ പറഞ്ഞുപോയി പിരിയാം എന്ന്. എന്റെ കർത്താവേ... പിടി വിട്ടുപോയി സംഭവം. അതിനു

മാത്രം ശരി.. പിരിയാം. എന്ന് മറുപടി സന്ദേശം. ഇയാൾക്കീ മറുപടി ഒരു പത്ത് മിനിട്ട് അയക്കാൻ തോന്നിയിരുന്നെങ്കിൽ ഞാനങ്ങനെ പറയുമായിരുന്നോ? എന്ത് പറയാൻ...വന്ന ദേഷ്യത്തിന് വാട്സാപ്പും ഫേസ്ബുക്കും അൺ ഇൻസ്റ്റാൾ ചെയ്തു. സുക്കർബർഗിനെ കുറെ ചീത്തയും വിളിച്ചു. ഓരോ വാചകങ്ങൾ എഴുതിവെച്ച് മനുഷ്യനെ പ്രലോഭിപ്പിച്ചിട്ട്!!!

അങ്ങനെ പ്രണയം പൊളിഞ്ഞു എന്ന് ഉറപ്പിച്ചു. ഞാനീ ലോലമനസ്സിന്റെ ഉടമയായതു കാരണം അധികം വേദനകളൊന്നും സഹിക്കാൻ പറ്റാറില്ല. ടിയാനില്ലാത്ത ജീവിതമൊട്ട് സങ്കല്പിക്കാനും വയ്യ. മരിക്കുക തന്നെ.. അങ്ങനെ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. കണ്ടിട്ടുള്ള പല സിനിമകളും ഓർത്തെടുത്തു. വേദനിക്കാതെ മരിക്കണം. ഉറക്കഗുളിക വീട്ടിൽ ഇരിപ്പില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ ഇന്നീ അനുഭവകുറിപ്പെഴുതാൻ ആളുണ്ടാവില്ലായിരുന്നു. ഞായറാഴ്ച തൂങ്ങിമരിക്കാനുള്ള ധൈര്യമില്ല, അല്ലെങ്കിലും തൂങ്ങിമരണം വല്ലാത്ത വൃത്തികേടാണ്. മരിക്കുന്ന വെപ്രാളത്തിൽ മലമൂത്രവിസർജ്ജനമൊക്കെ ചെയ്യും എന്നാണറിവ്. അത് എന്റെ ശവത്തിന് അപമാനമാണ്. മഞ്ചാടികുരുക്കളുടെയും കുപ്പിവളകളുടെയും നിറമുള്ള സ്വപ്നങ്ങളുള്ളവർക്ക് അത്രഭംഗിയില്ലാത്ത മരണം ചിന്തിക്കാൻ പോലും വയ്യ..

അങ്ങനെ കൂലംകഷമായ ചിന്ത. മസ്തിഷ്കപ്രഷാളനം. ഒന്നും തെളിയുന്നില്ല. പെട്ടന്നാണ് അത് സംഭവിച്ചത്. ഏതോ ഒരു പുസ്തകത്തിൽ പണ്ട് വായിച്ചൊരു കാര്യം. അതെ..അതുതന്നെ.. വേഗം ചെന്ന് മഞ്ചാടികുരുക്കളും വളപ്പൊട്ടുകളും എടുത്തുവെച്ചിട്ടുള്ള പാത്രം തുറന്നു. പ്രണയം തുടങ്ങിയതിനു ശേഷമുള്ള സമ്പാദ്യമാണ്. ഒരുപാടുണ്ട്. കൂട്ടത്തിൽ ഏറ്റവും താഴെ നാലഞ്ച് കുന്നിക്കുരുക്കളും. കുന്നിക്കുരു തിന്നാൽ മരിക്കും എന്നതാണ് നമ്മുടെ അപഗ്രഥനം. എടുത്തു വായിലിട്ടു. ഹോ എന്തൊരു കയ്പ്പായിരുന്നു. സഹിക്കാൻ വയ്യ. എന്നാലും പിന്നോട്ട് പോയില്ല. ജീവിതം തന്നെ കയ്പ്പായി തോന്നുന്നവർക്ക് ഈ കുന്നിക്കുരുവിന്റെ കയ്പ്പാണോ.. അഞ്ചും കഴിച്ചു. ചവച്ചരച്ചു തന്നെ. കയ്പ്പ് പോകാൻ കുറെ വെള്ളവും കുടിച്ചു. അപ്പോൾ, ദേഹമാസകലം തളരുന്നതുപോലെ തോന്നി. പോയി കിടന്നു. ഒരു മൂന്നു മണിക്കൂർ നല്ല ഉറക്കം. വീട്ടുകാരൊക്കെ എവിടെ എന്ന ചോദ്യം വന്നേക്കാം. ഏതോ ബന്ധുവിന്റെ കല്ല്യാണത്തിനു പോയതായിരുന്നു അമ്മയും അനിയത്തിയും. അച്ഛൻ ബാംഗ്ളൂരിലും. ഞാൻ പണ്ടേ ബന്ധു വീട്ടിലെ സൽക്കാരങ്ങളിൽ തൽപരകക്ഷിയല്ല.

ഏകദേശം മൂന്നുമണിക്കൂർ കഴിഞ്ഞുണർന്നപ്പോൾ വല്ലാത്ത വയറുവേദന. കക്കൂസിൽ പോയിരുന്നു. അതേ..പണികിട്ടി. വയറിളക്കം. കുറച്ചു സമയം അതിനുള്ളിലിരുന്നു കാര്യം സാധിച്ചപ്പോൾ ആശ്വാസം തോന്നി. ക്ഷീണിച്ചു പുറത്തിറങ്ങിയപ്പോൾ ഛർദ്ദിക്കാൻ വന്നു. അങ്ങനെയതും. വായിലൂടെയും താഴെക്കൂടെയും. മൊത്തത്തിൽ നല്ല രസം. എന്റമ്മോ. മറക്കാൻ പറ്റില്ല. അഞ്ച് കുന്നിക്കുരുക്കൾ തന്ന പണി. വൈകീട്ടൊരു അഞ്ചായപ്പോൾ നമ്മുടെ സഖാവ് വിളിച്ചു. പിണക്കം വേണ്ടാട്ടോ... പോട്ടെ എന്ന്.. ഉവ്വ. എനിക്കറിയാമല്ലോ.. ഞാനനുഭവിച്ചത്... ഒരക്ഷരം മിണ്ടിയില്ല..വയ്യ ഛർദ്ദിയാണെന്ന് മാത്രം പറഞ്ഞു. വീട്ടിലും..അമ്മയും അനിയത്തിയും തിരികെ വന്നപ്പോൾ ഞാൻ കക്കൂസിൽ തന്നെയായിരുന്നു. കട്ടൻ ചായയിൽ ചെറുനാരങ്ങ പിഴിഞ്ഞൊഴിച്ച് കുടിച്ചു നോക്കി. കുറച്ച് സമാധാനം കിട്ടി. രാത്രി പിന്നെയും ഛർദ്ദി. പുലർച്ചെ നാലുമണിവരെ മണിക്കൂർ ഇടവിട്ട് ഛർദ്ദിയും വയറിളക്കവും. പിറ്റേന്ന് കോളേജിൽ വന്നില്ല. രാവിലെ തന്നെ ഡോക്ടറെ കാണാൻ പ്രൈമറി ഹെൽത്ത് സെന്ററിൽ പോയി. തലേ ന്നത്തെ കാബേജ് തോരൻ പണി തന്നതാണെന്ന് അറിയിച്ചു. മരുന്നു വാങ്ങി കഴിച്ചു. അങ്ങനെയങ്ങു മാറി.

പറഞ്ഞിട്ടെന്താ..രണ്ടു ദിവസം കൊണ്ട് എന്നെ ഓവിലിട്ടു വലിച്ച പോലെയായി. ശരിക്കുമങ്ങ് കോലം കെട്ടു. വായൊക്കെ കയ്ച്ചിട്ടും വയ്യ. എന്നിട്ടും കുന്നിക്കുരുവിന്റെ കാര്യം ഒരാളോട് പോലും പറഞ്ഞില്ല. ഞാനാ രാ കക്ഷി. വയ്യായ്കയൊക്കെ മാറി. ഒരു ദിവസം സഖാവെന്നെ കാണാൻ വന്നപ്പോൾ പറഞ്ഞു. ചെറിയൊരാത്മ ഹത്യാ ശ്രമത്തിന്റെ കഥ. തലക്കിട്ട് കിഴുക്ക് കിട്ടി. ഇനി കഷ്ടപ്പെടണ്ട. അയാളായിട്ട് കൊന്നു തരാം എന്നാണ് തന്നിരിക്കുന്ന ഉറപ്പ്.





**അഖില റോബസ്**
രണ്ടാംവർഷം
ബി.എസ്.സി. കംപ്യൂട്ടർ
സയൻസ്

# ഉയിർത്തെഴുന്നേൽപ്പ്

മനസിലാക്കിയിരുന്നു.. അന്നെല്ലാം
എടുത്ത പാഠങ്ങളും
എഴുതി തീർത്ത വിഷയങ്ങളും
എന്നു നീ നിന്നെ പെരുക്കാൻ
എന്നെ പഠിപ്പിച്ചുവോ..
അന്ന് ഞാൻ മറന്നത്
ഞാൻ മനസിലാക്കിയ കാര്യങ്ങളാർന്നു
ചിന്തിക്കാനുള്ള എന്റെ ശേഷിയെ
നീ ഇല്ലാതാക്കി
മനസിലാക്കുവാനും ഓർത്തെടുക്കുവാനും
ഞാൻ മറന്നു.

അന്നു ഞാൻ എഴുതി തീർന്ന
അറിവുകൾ നിറഞ്ഞ ഒരു പുസ്തകമായിരുന്നു
എന്നാലിന്നോ.. ശൂന്യം
ഇനി???
തുടങ്ങണം.. ഒന്നിൽ നിന്ന് തുടങ്ങണം
ഒന്നിന് വേണ്ടി ശുന്യമായി ജീവിക്കുവാൻ
ഞാൻ തയ്യാറല്ല
എന്റെ ലക്ഷ്യസാഫല്യത്തിന് വേണ്ടി
പറക്കുന്നു ഞാൻ ചിറകുവിരിച്ച്
പാറി പറക്കുന്നു -



# ഉൾക്കടൽ



**അഖില ആർ. കൃഷ്ണ**
രണ്ടാംവർഷം
ബി.എസ്.സി. സൈക്കോളജി

**അ**തേയ് എന്താ വിചാരം എങ്ങോ ട്ടാ ഈ ബെഡ് ഒക്കെ അടുപ്പിച്ച് ഇടണേ? മര്യാദക്ക് ഇതൊക്കെ പഴയപോലെ അറ്റത്തേക്ക് നീക്കി ഇട്ടോ. ആണും പെണ്ണും കെട്ട ഒരു അസത്ത് അറപ്പ് തോന്നിയിട്ട് വയ്യ. അവിടെയെങ്ങാനും പോയി കിടക്ക്.

എന്റെ വാക്കുകളിൽ യാ തൊരു വിധത്തിലുള്ള ദാക്ഷിണ്യവും ഉണ്ടായിരുന്നില്ല. അറപ്പും വെറുപ്പും നിറഞ്ഞ വാക്കുകൾ മാത്രമേ എനിക്ക് പറയാൻ ഉണ്ടായിരുന്നുള്ളൂ. എന്നോട് മറുത്തൊന്നും പറയാതെ മുറിയുടെ അറ്റത്തേക്ക് ബെഡ് നീക്കിയിട്ട് അവൾ കിടന്നു.

ഒരുപാട് പേരുടെ സ്വപ്നങ്ങളുടെ ഭാരവും പേറിയാണ് ഈ നഗരത്തിലേക്ക് ഞാൻ വന്നത്. ഒത്തിരി ദൂരെ ആയിട്ടുകൂടി ആദ്യത്തെ ജോലി യല്ലേ എന്ന് പറഞ്ഞ് സന്തോഷത്തോടെ എന്നെ പറഞ്ഞയച്ച അച്ഛനും അമ്മയും ഹോസ്റ്റലും നഗരവും എല്ലാം എനിക്ക് പുതിയ അനുഭവങ്ങൾ തരും എന്ന് പറഞ്ഞ് അനുഗ്രഹിച്ചാണ് എന്നെ അവർ യാത്രയയച്ചത്. വീട്ടിൽ നിന്നു വന്നതിന്റെ വിഷമവും ഉള്ളിൽ ഒതുക്കി പുതിയ റൂമിൽ കയറിയപ്പോഴാണ് ചുരിദാറൊക്കെ ഇട്ട ഒരു ആൺ രൂപം കാണുന്നത്. പിന്നെ ഒരു അലർച്ച ആയിരുന്നു. ഹോസ്റ്റൽ വാർഡൻ അടക്കം എല്ലാവരും എന്താണാവോ എന്നു വിചാരിച്ചു ഓടി വന്നു. എന്തിനാണ് അലറിയതെന്ന് എന്നോട് ചോദിച്ചപ്പോ ഉത്തരം പറയാനാകാതെ എന്റെ ചുണ്ടുകൾ വിറയാർന്നു. കൈ ചൂണ്ടി ആ രൂപം കാണിച്ചു കൊടുത്തപ്പോൾ അവളൊരു ട്രാൻസ്ജെൻഡർ ആണെന്ന് പറഞ്ഞു എന്നെ നോക്കി ഒരു ചിരിയും ചിരിച്ച് കവിളത്തൊരു തട്ടും തന്ന് അവരങ്ങ് പോയി.

എവിടെയൊക്കെയോ കേട്ടിട്ടുണ്ട് എന്നതല്ലാതെ ഞാൻ ആദ്യമായിട്ട് അപ്പോഴാണ് ഒരു ട്രാൻസ് ജെൻഡറെ നേരിട്ട് കാണുന്നത്. എന്റെ ഇടുങ്ങിയ ചിന്താഗതി കൊണ്ടോ മറ്റൊ എനിക്കതു ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. റൂം മാറാൻ ശ്രമിച്ചതും പാഴായി പോയതോടെ ഞാൻ പെട്ടു. പിന്നെ അഡ്ജസ്റ്റ് ചെയ്കയല്ലാതെ നിവർത്തി ഇല്ല്യാലോ.

പലപ്പോഴും എന്നോട് മിണ്ടാനും സംസാരിക്കാനും അടുത്തു വന്നെങ്കിലും ഞാൻ ആട്ടി ഓടിച്ചു. ഒരു മൃഗത്തേപ്പോലെ. എല്ലാം കഴിഞ്ഞു രാത്രി ബെഡ് അടുപ്പിച്ചു ഇടണത് കണ്ടപ്പോൾ എനിക്ക് കലി കയറി. ഭ്രാന്ത് പിടിച്ച നായയെ പോലെ എന്തൊക്കെയോ ഞാൻ പറഞ്ഞു. അവളുടെ കണ്ണീർ കണ്ടപ്പോൾ അട്ടഹസിച്ചു. അവളുടെ കണ്ണീരിൽ സന്തോഷം കണ്ടെത്തി. ഞാൻ ഇത്രയും വല്യേ ദുഷ്ടയാണോ എന്ന് വെറുതെയെങ്കിലും ഇടക്ക് ഓർത്തിരുന്നു.

ഒരിക്കൽ പോലും ഞാനവളോട് മിണ്ടിയില്ല. പനിച്ചു വിറച്ച് കൺമുന്നിൽ കിടന്നപ്പോഴും ഒരല്പം പോലും സഹതാപം തോന്നിയില്ല. സ്വയം എഴുന്നേറ്റ് ഒരു ഗ്ലാസ്സ് വെള്ളം പോലും കുടിക്കാൻ വയ്യാ തെ അവൾ എന്റെ കൺമുന്നിൽ കിടന്നു നരകിച്ചു. എന്റെ മനസ്സ് ഒരല്പം പോലും അനങ്ങിയില്ല. ശത്രുവിനോട് പോലും ക്ഷമിക്കണം എന്ന് എന്നോട് പറഞ്ഞിരുന്ന ഞാൻ എന്നോട് ഒരു തെറ്റും ചെയ്യാത്ത അവളോട് കൊടും ക്രൂരത കാണിച്ചു. അവളിടുന്ന ലിപ്സ്റ്റിക്കും പൊട്ടും വളകളും ഞാൻ നശിപ്പിച്ചു. ഇങ്ങനെ വേഷം കെട്ടി നടക്കാൻ നാണമില്ലേ എന്ന് ആവർത്തിച്ച് ചോദിച്ചു. മറുപടി കേൾക്കാൻ നിൽക്കാതെ ഒഴിഞ്ഞുമാറി. സൂക്ഷിക്കണംട്ടോ മോളേ, കുളിക്കുമ്പോഴും വസ്ത്രം മാറുമ്പോഴും എല്ലാം സൂക്ഷിക്കണം. എത്തിവലിഞ്ഞു ഒളിഞ്ഞു നോക്കുന്നുണ്ടോ എന്ന് അറിയില്ല്യാലോ.. രാത്രി കിടക്കുമ്പോഴും അവനിലൊരു കണ്ണു വേണം കേട്ടോ മോളെ . സൂക്ഷിക്കണം. എന്ന് അമ്മ ആവർത്തിച്ച് പറഞ്ഞു

കൊണ്ടേയിരുന്നു. ഒരേ മുറിയിൽ രണ്ട് ധ്രുവങ്ങളിലായി ഞങ്ങൾ ദിവസങ്ങൾ തള്ളിനീക്കി. വെറുപ്പ് അതിന്റെ പാരമ്യത്തിൽ എത്തിയിരുന്നു. പക്ഷേ ഇടക്കെപ്പോഴോ അവളോട് ഒന്നു സംസാരിക്കണം എന്ന് തോന്നി. വേണ്ടാ, വേണ്ടാ എന്ന്. സംസാരിക്കണം എന്നും തോന്നി. വൈകുന്നേരം ജോലി കഴിഞ്ഞു വന്നു പുസ്തകം വായിച്ചു കൊണ്ടിരുന്ന അവളോട് ഞാൻ സംസാരിച്ചു.

അതേയ് നിന്റെ പേര് ഗൗരി എന്നല്ലേ... ഉം...നീ എന്തിനാ ഇങ്ങനെ നടക്കണെ? മറുപടിയൊന്നും പറയാതെ അവൾ ചിരിച്ചു. പുസ്തകത്തിൽ നിന്നും കണ്ണെടുക്കാതെ വീണ്ടും വായന തുടർന്നു. പറ എനിക്കറിയണം.

ഒരു കഥ പറയട്ടെ?

കഥയെങ്കിൽ കഥ. നീട്ടി വലിക്കാതെ പറഞ്ഞാൽ മതി. അവൾ പറഞ്ഞു തുടങ്ങി. അവളുടെ വാക്കുകൾക്കായി എന്റെ ഇരു കാതുകളും കൂർപ്പിച്ചു ഞാൻ കാത്തിരുന്നു.

വില്ലാളി വീരനായ അർജ്ജുനൻ, ഒരു വർഷക്കാലം ബൃഹന്ദള എന്ന നപുംസകമായി കഴിഞ്ഞി രുന്നു. അജ്ഞാതവാസക്കാലത്ത് വിരാട മഹാരാജാവിന്റെ കൊട്ടാരത്തിൽ കുമാരി ഉത്തരയെ ആട്ടവും പാട്ടും പഠിപ്പിച്ച് കഴിഞ്ഞ ഒരു വർഷക്കാലം. ഇക്കാര്യം കേൾക്കുമ്പോൾ അർജ്ജുനനെ നാം വെറുക്കാറില്ല. മറിച്ച് ആ മഹാമനസ് കതയോർത്ത് അഭിമാനിക്കും. പക്ഷെ എന്നെ പോലുള്ളവരെ കണ്ടാൽ....പക്ഷേ ശരിക്കും അങ്ങനെയാണോ? നീ തന്നെ ഇത്രയും ദിവസം എന്നോട് ഒരു വാക്ക് പോലും ഉരിയാടാതെ അല്ലേ ഈ മുറിയിൽ.

അവളുടെ വാക്കുകളിൽ ഞാൻ നിശബ്ദയായിപ്പോയി മറുപടി പറയാൻ വാക്കുകൾക്കായി ഞാൻ പരതി. ഉള്ളിൽ എവിടെയോ അവളുടെ വാക്കുകൾ കുത്തിത്തറച്ചു.

ചെറുപ്പം മുതലേ പെൺകുട്ടിയായി നടക്കാൻ ആയിരുന്നു ഇഷ്ടം. കണ്ണെഴുതി പൊട്ടൊക്കെ തൊട്ട് കുപ്പിവളകൾ അണിഞ്ഞ് നടക്കാൻ ഞാൻ ഒരുപാട് ഇഷ്ടപ്പെട്ടിരുന്നു. പേര് അക്ഷയ് എന്നായിരുന്നു. അഛനും അമ്മയും ഏട്ടനും അടങ്ങുന്ന കുടുംബമാണ്. പെൺകുട്ടികൾക്കൊപ്പം കളിക്കാൻ ആയിരുന്നു ഇഷ്ടം. ഞാനൊരു ആണാണെന്ന് എനിക്ക് തോന്നിയിരുന്നില്ല. പക്ഷേ ശരീരം.. മനസ്സും ശരീരവും എതിർദിശയിലേക്ക് വളർന്നു കൊണ്ടേയിരുന്നു. ആണും പെണ്ണും കെട്ടതെന്നു നിങ്ങളൊക്കെ വിളിക്കുമ്പോൾ ഒരു ജന്മത്തിൽ ആണും പെണ്ണും അനുഭവിക്കേണ്ടതെല്ലാം അനുഭവിച്ചു. കോലം കെട്ടി നടക്കുന്ന മകൻ വീട്ടുകാർക്കും ഭാരമായപ്പോൾ ജീവിതത്തോട് വെറുപ്പ് തോന്നി. ഇതിനു പിന്നിലുള്ള ജനിതക ഹോർമോൺ കാരണങ്ങൾ ആർക്കും അറിയില്ല. പെൺ വേഷം കെട്ടിയതിന്റെ പേരിൽ എന്റെ ശരീരം ഏറ്റു വാങ്ങിയ അടിക്കും വഴക്കിനും ഒന്നും കണക്കില്ല. അത്രയേറെയുണ്ട്. കെട്ടിയിട്ടു തല്ലും. ദിവസങ്ങളോളം പട്ടിണിക്കിടും.

സഹിക്കെടുമ്പോൾ ഞാൻ ഇനി നേരെയായിക്കോളാം എന്ന് പറയും. പക്ഷേ വീണ്ടും.. വീട്ടിൽ നിന്ന് ഒരു രാത്രി അടിച്ചിറക്കപ്പെടുമ്പോൾ മുന്നിൽ ഉണ്ടായിരുന്ന വഴി ശൂന്യമായിരുന്നു. ആ ശൂന്യതയിൽ നിന്ന് ഒറ്റക്ക് പഠിച്ചും ചെറിയ ജോലി സമ്പാദിച്ചു. ആയിടക്ക് ഞാൻ കാതുകുത്തി കണ്ണെഴുതി, ലിപ്സ്റ്റിക്കും പൊട്ടും വെച്ചു നടക്കാൻ തുടങ്ങി. ഇതൊന്നും ആരേയും കാണിക്കാൻ വേണ്ടിയല്ല. എന്റെയുള്ളിലെ സ്ത്രീയുടെ ആഗ്രഹങ്ങൾ പുറത്തേക്ക് വന്നതാണ്. അതൊക്കെ ഞാനെങ്ങിനെ തളച്ചിടും. വീട്ടിൽ കയറ്റാത്തതു കൊണ്ട് ഇപ്പോഴും ആരോരുമറിയാതെ എല്ലാരേം ഒന്ന് പോയി കണ്ടുകൊണ്ട് വരും. അതൊക്കെയാണ് നീ പരിഹസിക്കുന്ന ഞാൻ. എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നിതുടങ്ങി. ഞാൻ എന്നെ തന്നെ ശപിച്ചു. ഇത്രയധികം വിദ്യാഭ്യാസം ഉണ്ടായിരുന്നിട്ടും അധ:പതിച്ചു പോയതിന്. അവളുടെ ഉള്ളിൽ ഇത്രയും വലിയൊരു കനൽ എരിയുന്നുണ്ടെന്ന് എനിക്കറിയില്ലായിരുന്നു. ഞാൻ ഒരിക്കൽ പോലും അതിനെകുറിച്ച് ഓർത്തില്ലെന്ന് പറയാം. എന്നോട് ക്ഷമിക്കണം ഗൗരി, ഞാൻ...എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു. അവളുടെ വേദന എനിക്ക് മനസ്സിലാകുന്നുണ്ടായി രുന്നു. ഒരു സഹതാപം എന്നതിലും അപ്പുറത്തേക്ക് അവളിലൂടെ സമൂ ഹത്തെ കാണാൻ എനിക്ക് കഴിഞ്ഞിരുന്നു. ഒരു നെരിപ്പോടിനെ എന്നപോലെ അവളെ കുറിച്ചോർത്തെന്റെ ഉള്ള് കത്തി എരിഞ്ഞു. സാരല്ല്യ എനിക്കതിലൊന്നും പരാതിയില്ലടോ..ഒരു ടോയ്‌ലറ്റിൽ കയറുമ്പോൾ പോലും ഉള്ളൊന്നു പിടയും. പെൺമനസ്സുമായി ജീവിക്കുന്ന ആൺശരീരം. ഏത് തിരഞ്ഞെടുക്കും. അങ്ങനെയെത്രയേറെ കാര്യങ്ങൾ.. നിന്നിൽ നിന്നുണ്ടായ തിരസ്കാരത്തിലും വലുത് ഞാനനുഭവിക്കുന്നുണ്ട്. പലപ്പോഴും ഒന്നു കെട്ടിപ്പിടിച്ച് കരയാൻ ആരുമില്ലാതെ.. ഞങ്ങൾ രണ്ടുപേരും കരയുകയായിരുന്നു.

ഗൗരി ബെഡ് അടുപ്പിച്ചിട്ടേക്ക്.. എന്റെ വാക്കുകൾ കേൾ ക്കാൻ കാത്തിരുന്ന പോലെയായിരുന്നു അവൾ. അന്നുമുതൽ ഞാനവൾക്കൊപ്പമുണ്ട്. ഒരു പൂർണ്ണ സ്ത്രീയായി അവളെ ലോകം അംഗീകരിക്കുന്നത് കാണാൻ.. അവൾക്കൊപ്പം....



# SHE



**Sandra Sasi**
Second Year
B.Com

She, the only light
That I could see,
Among many.
She, not a little one,
A heroic blood,
But, not of my kind.
She unlike others,
Whose eyes,
were deeply lost in thoughts,
It, convey her life.
Unlike passivity,
It burns out,
To give away
A flash of light.
That turns the midnight sky
Into morning clouds.
Making the stars
Jealous of her.
She, of her own kind
Having, her own way.
She grows by
Every inch,
Each day.
She knew the
Depth of night
She knew the
Morning sky.
For now,
She knows everything.
A little girl (by size)
Who knows the world
Her eyes as fearless
As possible,
Not stuck in between
Light nor darkness.
Instead, in progression
Of rapid movement.





**Aparna V.**
First BA English

# Woman with grit and glamour

Ayisha , born at Nilambur and tagged with the same in her name was a theatre artist before becoming a cine artist. She was born on 1937 when society was ruled by landlords and all sorts of caste systems and inequality were present. Even after being a member of an orthodox Muslim family she came up to acting which was a taboo to Muslim girls. She is a woman who showed exceptional courage to appear in a drama at a time when society discouraged women from acting. She was a fire band on stage . She is a living example of the fact that people have much to thank her. A part of more than 80 films, a state award winner for second best actress, Premji award winner, S.L Puram award winner and she is much more.

I was expecting an 82 year old tired lady and entered her house doubting whether she will be able to talk to me, but she left me shocking us , though that face shown traces of aging the sound was still bolder and stronger than most of us. Nilambur Ayisha , a part of most of the dramas that took place in 1960 and 70s and cine artist who won a award stood in front of me readly to unfold the dark past she went through.

**Entering drama**

After the death of her father, her famly had to go through utter poverty and that was why she in her age of 13 was compelled to get married to a 47 year old leaving all her opposition in vain. That didn't survive for more than 5 days, the revolutionery mind had awakened by then. She came back to her house but later realised she was pregnent, this made her weak and she attempted to suicide, from which her brother saved her but even she was confused regarding her life but after giving birth to the child she was determined and these occurrences made her strong. It was in 1952, a group called 'Yuvajana kala samithi' was formed in Nilambur to fight against the inequalities and discriminations, they started performing dramas in various stages,this turned out to be a very effective way to create awareness among people. It was a time when men used to portray female roles on stage. After seeing one of their performances EMS Namboothiripad suggested that it would be better if females came forward to do those roles. Her brother being a

part of this, one day seeing her singing a song the writer E.K Ayamu asked her "why not her?", being a victim of various problems she didn't want to even think but was ready to be a part of such a social reform movement but her mother opposed worrying about the problems that was going to rise from their religion as well as the society. But she questioned her mother asking if there were no one to help them during struggles then they are not supposed to punish them too, her mother agreed. She added with an advice to me that at every critical situation we should be ready with such questions that turn others silent. She practiced her first drama during nights hiding from the society. Her first performance on stage was a huge success in front of a large audience.

Response from religion and society through the first performance ended peacefully, that didn't last for long, after a few performances along with praises flowing towards her from many famous personalities many protests started arising nearby her stages and people started reacting violently agaist a muslim girl performing on stage. Someone hurled a stone that caught her right between the eyebrows while she was acting, but that didn't even stop her from completing that act, it was after furnishing the Olay she cared about it. She had to face an air gun shot while performing which missed as she was moving. All these took place but she continued. The society curtailed her family, they were restricted from even going to shops. She remembers various personalities who helped her survive such situations and overcome all such opposers and pave way for other girls too. All revolutionary movements she took part in still comes in front of her very clearly while she explains them.

**Moving to cinema**

In cinema she had acted with actors of different gnerations including actors like Sathyan, Madhu and also with present actors like Dileep, Mammootty and Mohanlal. She has won a Kerala state film Award for second best actress for the film Oomakuyil padumbol (2012). Though she had been part of various films she personally prefers acting in dramas than cinemas. At present she is acting for a film directed by Anjali Menon.

**Message**

The only message she had to share was to keep art close to hearts and never let the fire down. She considers her dedication to be the reason of her success and asks to be completely committed and dedicated towards art, whatever it may be.

Her age, health, any of these could not let her fire down and stop her from explaining the social reforms she led.Those eyes and words still carries the history of a huge change and inspires us even now. It's not just the recorded achievements but she holds much more for creating such social change and for marking the beginning and the remaining in the same simple life.



# Through Them...



## Sibi Malayil

After my movie Akashadoothu was released one dayI received a letter from a total stranger in fact a chronic alcoholic he had pretended that the feelings had influenced him so much that he decided to give up alcoholic consumption and had strongly decided to take care of his family. I consider this as the greatest award that I can ever receive." If I could influence a person so much through my film that's my greatest achievement."



## R. L. V Ramakrishnan

Then exists a clear caste discrimination on dance. Those who respond against this will face challenges. I faced a lot.... still facing ......some others will choose to remain silent.



## Ouseppachan

If I have never tasted the glory of a musician I would not have known its sweetness. Even after completing 585 songs keeping up the spirit he says, 'I never admitted that it's my ultimate success. I am still working for it.'

## Aparna Balamurali



Till now I have done good roles that are close to real life and bold as well. I have been really lucky on that front. Opportunities came my way before I knew it. I was not really nervous about facing the camera , rather I was not conscious about it maybe because I didn't think a lot what I was doing.



## Vishak Nair

I totally agree with the point that every cinema has to make some social responsibilities. Even if you make a short film also you have to produce some message through the film. Whatever you do first we have to make commitment .Otherwise we could not get good results.

## P.C Thomas



It was God who persuaded me to embark upon His endeavours. "If God had not motivated me I would not have started this institution". He describes his first classes that "there was not any kind of study material".



## Sundar Das

I used to stand in front of the mirror just making silly actions and was just testing if I am fit for a movie. I anxiously began to open up to a fantasy world.

# Psychology

1. **ആരതി–** ഞങ്ങടെ ക്ലാസിലെ മലയാളി മങ്കി. തലയിൽ ഒരു പൂങ്കാവനം തന്നെ ചൂടി വരുന്ന നർത്തകി. പാട്ടും നൃത്തവും ഒരുപോലെ കയ്യിൽ അമ്മാനമാടുന്ന പ്രതിഭ.
2 **അഖില–** നിലമ്പൂരിന്റെ സ്വന്തം ഗുണ്ടുമുളക്. തൂലിക പടവാളാക്കിയ പ്രജ്യോതിയുടെ മാധവിക്കുട്ടി.
3 **അമ്മിണി** – സൈക്കോളജിയുടെ കവിഹൃദയം. ഞങ്ങളുടെ മാത്രം കാവ്യാ മാധവൻ. പക്വതയുള്ള ഉണ്ടക്കണ്ണി.
4 **ആൻഡ്രിയ–** പ്രണയം ഭക്ഷണത്തോട് മാത്രം. കണ്ടാൽ പാവം. പക്ഷേ ഒരിക്കലുമല്ല. And also cake maker.
5 **അഞ്ജലി കൃഷ്ണ–** ഞങ്ങളുടെ സ്വന്തം കുറുനരി. തൂക്കണാം കുരുവിയുടെ ശബ്ദ കാഹളം. സമാധാനത്തിന്റെ വെള്ളരിപ്രാവ്.
6 **അഞ്ജലി വർഗീസ്–** സൈക്കോളജിയിലെ ആദ്യ ഭാര്യ. ഞങ്ങളുടെ സ്വന്തം ബാലഭാസ്ക്കർ.
7 **ആർദ്ര** – ചൈനീസ്, ഡാർലിങ്ങ് കുഞ്ഞികണ്ണുകളും താനൊരു കുഗ്രാമത്തിലെ ആദിവാസിയാണെന്ന് വിളിച്ചോതുന്ന ഗ്രാമീണത.
8 **കാതറീൻ** – തേനീച്ചകൂടിന്റെ ഉടമസ്ഥ. പാട്ടും ഡാൻസും വഴങ്ങുന്ന കാദറിക്ക.
9. **ക്രിസ്റ്റീന ഡെയ്സൺ** – ഭാവി ഐ.എ.എസ്. ഒരു പാവം അര ടൺ ബുക്കും ചുമന്ന് കുന്നുകയറി വരുന്ന ഒല്ലൂർക്കാരി
10. **ക്രീസ്റ്റീന ആന്റോ** – വെസ്റ്റേൺ സിംഗർ ഓഫ് പി.എൻ.സി. പുള്ളിക്ക് എല്ലാം കൂൾ ആണ്. സുനാമി വന്നാലും പ്രളയം സീസൺ വന്നാലും ഒരേ ഭാവം
11 **ഡെൽന** – മെഡിസിൻ സ്വപ്നം കണ്ട് നടന്ന് അവസാനം നമ്മുടെ പ്രജ്യോതിയിൽ തന്നെ വന്നതാണ്. അവളുടെ വീട് അത് അവളുടെ മാത്രമല്ല പ്രജ്യോതിയുടെ വീടാണ്.
12. **ഇവാന** – ക്ലാസിലെ ഇളയകുട്ടി എങ്കിലും രണ്ടാം ഭാര്യ. കട്ടൻ ചായയിൽ കട്ടുറുമ്പ് വീണാൽ പോലും കരയുന്ന കലാകാരി ഡാൻസർ.
13. **ദിൽഷ** – തൊട്ടാൽ ഇടിപൊട്ടും പ്രൊഫഷണൽ അല്ലെങ്കിലും അതിന്റെ അഹങ്കാരം ഒന്നും ഇല്ലാതെ ഒരു മയവും ഇല്ലാതെ ഇടിച്ചു കൊല്ലുന്ന ബോക്സർ.
14. **ഗോപിക ജയരാജ്** – സൈക്കോളജിയുടെ സച്ചിൻ. ഒരു യോഗി. ഒറ്റപ്പാലത്തിന്റെ പരോപകാരി. പിന്നെ ആ ചിരി കേട്ട വേറെ ഒന്നും കേൾക്കാൻ തോന്നില്ല.
15. **ഗോപിക രമേഷ്** – മുഖത്തിനേക്കാൾ അഴക് ആ സ്വർണം പൂശിയ പല്ലുകൾക്കാണ്.
16. **ഹസ്ന** – തട്ടമിട്ട വവ്വാൽ ശരീരം കണ്ട് കഴിഞ്ഞാൽ തോന്നില്ല ഇത്രേം അകത്തേക്ക് പോവുന്നുണ്ടെന്ന്. ഒരു മിനി കുംഭകർണ്ണൻ.

17. **ജോ** – കണ്ണൂരിന്റെ മഹർഷി. ഫുട്ബോൾ എന്നും ഒരു വീക്ക്നസ് ആണ്. ആ വലിയ ശരീരത്തിൽ നിന്നും വരുന്ന ചളികളിൽ പ്രതീക്ഷകൾക്കപ്പുറം വിരിഞ്ഞ താമര.

18. **ജോനാ** – ഖത്തറിന്റെ വേദനിക്കുന്ന കോടീശ്വരൻ. ഫിലോസഫി കുറെ ഉണ്ട് കയ്യിൽ. തള്ളലിന്റെ ആശാൻ. ചലിക്കുന്ന തീവണ്ടിയിൽ സൈക്കോളജിയുടെ ടോവീനോ.

19. **ജൂഡി** – കട്ടപ്പനയുടെ കുറുപ്പ്, മെയിൻ ഹോബി ആൾക്കാരെ വെറുതെ കടിക്കുക. ജീസസ് യൂത്തിന്റെ വല്യപുള്ളിയാ.

20. **കാവ്യ** – ഈ കൊച്ചിന്റെ humour sense സിനെ വെല്ലാൻ ആർക്കും കഴിയില്ല. ഫുൾടൈം ഹാപ്പി & ഫൺ ആണ്. നീളൻ മുടിയുള്ള കുളിക്കാത്ത കൊച്ച്.

21. **മനീഷ** – ഗുണ്ട തള്ള. ചളിയടിയിൽ ഡോക്ടറേറ്റ് എടുത്ത മണ്ണംപേട്ട മണി. മണിയില്ലെങ്കിൽ ക്ലാസ്സ് ഒരു ശ്മശാനം ആയി പോയേനെ എന്ന് മനീഷ തന്നെ വിലപിക്കാറുണ്ട്. Psycho സിന്റെ സ്വന്തം പിടക്കോഴി.

22. **ലിറ്റീഷ** – ഒരു ചൗക്കക്കാരി. പട്ടീഷ്യ എന്ന വിളിപേരുള്ളവർ. മൈക്കിൾ ജാക്സൺ പോലും ഇനി നിന്ന് സ്റ്റേജ് ഒഴിഞ്ഞ് കൊടുക്കാൻ ചാൻസ് ഉള്ള വ്യക്തിത്വം.

23. **മരിയ** – നല്ല അടിപൊളി അച്ചായത്തി. കൊച്ച് നിഷ്കളങ്കത്വം നിറഞ്ഞ് തുളുമ്പുന്ന പഞ്ചപാവം.

24. **മറിയം** – ബഹ്റിൻ ചളികൾ എല്ലാം കേരളത്തിലേക്ക് ഇംപോർട്ട് ചെയ്യുന്ന പ്രവർത്തനം. ഡാൻസർ+സിംഗർ.

25. **മേഘ്ന** – International chalu union president Buji... അച്ഛന്റെ ചളിയും കൊണ്ട് ട്രെയിനുകളും പിടിച്ച് വരുന്ന വെസ്റ്റേൺ ഗായിക

26. **മേഘ്ന പോത്തൻ** – പാലക്കാട് ഒരു കഞ്ചാവിന്റെ എസ്റ്റേറ്റ് കുളത്തിൽ മൂന്ന് മുതലകൾ സ്വന്തമായിട്ടുണ്ടെങ്കിലും അതിന്റെ അഹങ്കാരമൊന്നും ഇല്ലാത്ത ഞങ്ങടെ സ്വന്തം ബ്രോ.

27. **ജംഷീർ** - ലക്ഷദ്വീപ് കടഞ്ഞെടുത്തപ്പോൾ തെറിച്ചുവീണ അപൂർവ്വ ജീവി. അറബികടലിന്റെ രാജാവ് എങ്കിലും ജാഡ ഇല്ല.

28. **നദാ** - അസ്സല് കോയിക്കോടൻ മൊഞ്ചത്തി. അലുവ തരാം തരാം എന്ന് പറഞ്ഞ് മൂന്ന് വർഷം ആയിട്ടും തരാത്ത പറ്റിക്കൽസ് Hardworking തട്ടം.

29. **റീമ** - വളരെ സൈലന്റ്. നന്നായി വരയ്ക്കും. കോളേജ് വീട്ടാൽ വീട്, വീട് വിട്ടാൽ കോളേജ് ഇത് മാത്രമായി ഒതുങ്ങിയ ജീവചര്യ.

30. **രേവതി** – ഡബ്സ്മാഷ് രാജകുമാരി. അവസാന കാലത്തെ ലാബിന്റെ സൂക്ഷിപ്പുകാരി. വേഗം സന്തോഷവതിയാക്കും എല്ലാവരെയും.

31. **റിതിൻ** – സൈക്കോളജിയുടെ പാക്കരൻ. കുറെ ഐഡിയാസ് ഒക്കെ ഉള്ള cinematographer. Mr. Prajyoti. പെൺകുട്ടികളുടെ രോമാഞ്ചകഞ്ചുകം. കാട്ടുകോഴി.

32. **റോസ്‌ലിൻ** - BA English - ഉപേക്ഷിച്ച് സൈക്കോളജിയോടുള്ള സ്നേഹം കൊണ്ട് വലിഞ്ഞ് കേറി വന്ന ചാലക്കുടിക്കാരി കോഴിക്കുട്ടി.

33. **സായി കൃഷ്ണ** - പുഞ്ചിരി കുമാരി Stress+anxiety+tension ഇവരുടെ ടെൻഷൻ കണ്ടാൽ കാണുന്നവർക്കും ടെൻഷൻ വരും. ഒരു പാവം.

34. **ശിൽപ -** ക്ലാസ് ഏറ്റവും കൂടുതൽ ഉറങ്ങി ആസ്വദിച്ച കുട്ടി ഇവളായിരിക്കും ഡാൻസർ. ഒപ്പം Make Up artist. Decision Maker.

35. **ഷിയോന -** Best muser Musically കണ്ടുപിടിച്ചത് തന്നെ ഈ കൊലാകാരിയ്ക്ക് വേണ്ടിയാണ്. കുന്നംകുളത്ത് നിന്ന് എല്ലാ Dupli Items കൊണ്ടുവരുന്ന ബെസ്റ്റ് സ്പീക്കർ.

36. **ശ്രുതി** - ഒരു പഠിപ്പി. അച്ചടിച്ച Hand writing... ഉള്ള ഒരു നാടൻ മണ്ണുത്തിക്കാരി... എല്ലാത്തിനും ഉപരി പീച്ചി ഡാമിന്റെ കോ- പാർട്ട്ണർ ഒരു ചെറിയ പാചകക്കാരി.

37. **സുപ്രിയ** - മൂക്കത്ത് ശുണ്ഠി മാത്രമുള്ള Perfectionist അത്യാവശ്യം നല്ല രീതിയിൽ ക്രിയേറ്റീവ് ഒക്കെ ആണ്. ദേഷ്യം വന്നാൽ പിന്നെ പിടിച്ചാൽ കിട്ടില്ല.



# English

1. **അന്ന :** ക്ലാസിലെ യോഗികളിൽ ഒരാൾ. മഞ്ഞപ്ര എന്ന കൊച്ചുഗ്രാമത്തെ ലോകപ്രസിദ്ധമാക്കിയത് ഇവൾ ഒരാളാണ്. അങ്കമാലിയുടെ സ്വന്തം അന്നമ്മ.
2. **ആർദ്ര :** പൊതുവെ ഒരു നിശബ്ദജീവി ആണെങ്കിലും പറയേണ്ടത് പറയേണ്ടിടത്ത് പറയേണ്ട പോലെ പറയാൻ അറിയാം കുട്ടിക്ക്. ക്ലാസിലെ കരിയർ ഗുരു.
3. **അരുണിമ:** ക്ലാസിലെ കുഞ്ഞു ഫോട്ടോഗ്രാഫർ. വായനയും ഫോട്ടോപിടുത്തവുമാണ് ഇഷ്ട വിനോദങ്ങൾ.
4. **അശ്വതി :** കൃത്യനിഷ്ഠതയുടെ മറ്റൊരു പര്യായം. കുട്ടിയെ കാണുമ്പോൾ തന്നെ പഠിക്കാനുള്ള ത്വര കൂടും എനിക്ക്. അൽ-പഠിപ്പി.
5. **അയിഷ :** തട്ടത്തിൽ മറയത്തിലെ അയിഷേടെ വകയിലെ ബന്ധുവാണെന്ന് തോന്നുന്നു. ഹൃദയത്തിലൊളിപ്പിച്ച ആ കുഞ്ഞുകവിയെ ആരും കാണാതെ പോകരുത് ട്ടോ.
6. **അതുൽ :** ഇത് ഒരു ബാലന്റെ കഥയാണ്. കേവലം ഒരു ഷോർട്ട് ഫിലിം കൊണ്ട് നമ്മളെല്ലാം നെഞ്ചിലേറ്റിയ ഒരു ബാലന്റെ കഥ. ചന്ദ്രവർണ്ണനയാണ് ഇഷ്ടമേഖല. ചിത്രരചനയും കൈമുതലാണ് ട്ടോ.
7. **ആതിര :** നങ്ങ്യാർകൂത്ത് എന്ന കലയെ അനശ്വരമായ ആവിഷ്ക്കാരത്തിലൂടെ ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്ന ചങ്ക്. വേഷം കൊണ്ടുള്ള ഗമയും ഗാംഭീര്യവും മാത്രമേ ഉള്ളൂ, ഉള്ളിലിരിപ്പ് എന്താണെന്ന് നമുക്ക് മാത്രമല്ലേ അറിയൂ...
8. **ബ്യൂല :** പേര് പോലെ തന്നെ ആളും നല്ല വെറൈറ്റി കഥാപാത്രമാണ്. ആവശ്യപ്പെടാതെ തന്നെ ഭക്ഷണം വാങ്ങി തന്ന് ഞങ്ങളെ പോറ്റി വളർത്തുന്ന കൂട്ടുകാരി.
9. **ക്രിസ്റ്റി :** നാട്യാവിഷ്ക്കാരത്തിന്റെ പദപര്യായം. ഈയടുത്ത് ചെറിയ രീതിയിൽ പ്രസിദ്ധയായി. നമ്മുടെ തിലുമോൾ കുട്ടി വെറുതേ വാ തുറന്നാലും നമുക്ക് ചിരി വരും. അൽ- കോമേഡിയൻ
10. **ഡാനിയേൽ :** മൂന്ന് വർഷമായി ഞങ്ങളെ നയിക്കുന്ന ഞങ്ങളുടെ നല്ലിടയൻ ചെയർമാൻ വല്യ താരമായ പുള്ളിയാണ് 3rd BA യുടെ ആദർശപുരുഷു (സോറി പുരുഷൻ).
11. **ഗായത്രി :** കലയുടെ കുളിർക്കാറ്റ്. പെൻസിൽ ഡ്രോയിംഗ് മുതൽ തുടങ്ങുന്നു. ഭഗവതിയുടെ കലാജീവിതം. നല്ലൊരു കവയിത്രി കൂടെയാണ് ട്ടോ. സ്വന്തമായൊരു പരസ്യകമ്പനിയും ഉണ്ട് ആൾക്ക്.
12. **ഗോപിക:** പട്ടാളത്തിൽ ജോലി വാങ്ങുക എന്നതാണ് ജീവിത ലക്ഷ്യം. കുണ്ടുകാടിന്റെ മണി മുത്ത്. അൽ – നർത്തകി.
13. **ഹന്നത്ത് :** 3rd BA യുടെ സ്വന്തം യോഗി. ഡി.ജെ. എന്ന കേട്ടാൽ പിന്നെ ചുറ്റും ഉള്ളതൊന്നും കാണൂല ഈ ഉമ്മച്ചിക്കുട്ടിക്ക്. ആ ചിരി നിർവചിക്കാൻ വാക്കുകളില്ല മുത്തേ..
14. **ജീസ്മ :** ഭാവിയിലെ ടീച്ചറാണ്. പഠിക്കാനും പഠിപ്പിക്കാനും ഒരു പോലെ ഒരു പ്രത്യേക കഥാപാത്രം. ബുദ്ധിജീവി ആണെങ്കിലും അതിന്റെ അഹങ്കാരമൊന്നുമില്ലാട്ടോ.
15. **ജോമോൾ :** ഞങ്ങളുടെ ഫോട്ടോ സ്റ്റാറ്റ് മെഷീൻ. ഫോട്ടോ സ്റ്റാറ്റ് എടുക്കാത്തവർക്ക് വാട്ട്സ് ആപ്പിൽ ഫോട്ടോയും അയച്ചുകൊടുക്കുന്ന അൽ – ദാനശീല.
16. **കൃഷ്ണവേണി :** ഞങ്ങളുടെ സ്വന്തം തള്ളുയന്ത്രം. കാശിന്റെ കാര്യത്തിൽ വീട്ടുവീഴ്ച പ്രതീക്ഷിക്കണ്ട. ബാങ്കിൽ ജോലി നോക്കാം. ക്ലാസിലെ ട്രഷറർ അഥവാ നിധി കാക്കുന്ന ഭൂതം.

17. **കൃഷ്ണപ്രസാദ് :** അസ്സൽ സാഹിത്യകാരൻ. സിനിമയോടും പുസ്തകങ്ങളോടും ക്യാമറയോടും ഒരു പോലെ പ്രണയം. ഭാഷാ പരിജ്ഞാനത്തിന്റെ ശശിതരൂർ - വേർഷൻ.

18. **മാളവിക :** ക്ലാസിലെ ഗാനകോകിലം. കർണാടകയിൽ ഒക്കെ പോയി സംഗീതം പഠിച്ച കുട്ടിയാണ്. കാഴ ചയിൽ ചെറുതാണെങ്കിലും ഉള്ളിലെ ഭീകരത ഇടയ്ക്കിടെ പുറത്തുചാടാറുണ്ട്. പഠിത്തം കഴിഞ്ഞിട്ടേ ഉള്ളൂ. മറ്റെന്തും.. പഠിപ്പി.

19. **മനു :** ആറുവർഷത്തെ സംഗീത പഠനത്തിനുശേഷം സാഹിത്യം പഠിക്കാൻ എത്തിയ ഡോ.പത്മശ്രീ സരോജ്കുമാർ. സംഗീത പാണ്ഡിത്യത്തിൽ കൊടുങ്കാറ്റാണിവൻ. ഇപ്പോൾ യു.യു.സി ആയി. യുണിവേ ഴ്സിറ്റിയിൽ ആണ് കച്ചേരി.

20. **നാൻസി :** ആണ് എന്ന വിളിപ്പേരുള്ള ആ ചങ്ക് ശരിക്കും ഒരു സകല കലാവല്ലഭയാണ്. പാടാൻ അറിയാം പക്ഷേ പാടില്ല. ഡാൻസ് കളിക്കാനറിയാം. കളിക്കില്ല. സിനിമയും സാഹിത്യവുമാണ് ഇഷ്ടലോകം.

21. **നീതു :** 3rd BA യുടെ സ്വന്തം കുട്ടി പ്രാവ്.സാഹിത്യത്തോടുള്ള പ്രണയം മൂത്ത് ചാലക്കുടിയിൽ നിന്ന് പറന്നുവന്നതാണ്. ഇപ്പോൾ ഇവിടെയൊക്കെ തന്നെ കൊത്തിപെറുക്കി ജീവിക്കുന്നു.

22. **റാഹില :** പ്രത്യക്ഷത്തിൽ ഒരു കുഞ്ഞുക്കുട്ടിയുടെ നിഷ്ക്കളങ്കതയൊക്കെ ഉണ്ടെങ്കിലും അങ്ങനെയാ ണെന്ന് തെറ്റിദ്ധരിക്കരുത് ട്ടോ ആരും. അടുത്ത് ചെന്ന് ഒന്ന് പരിചയപ്പെട്ടാൽ തീരുന്ന പ്രശ്നമെയുള്ളൂ. ഞങ്ങളുടെ മൊഞ്ചത്തിക്കുട്ടി.

23. **റീനു:** ജോക്കർ ആണ് ഇഷ്ടതാരം. കവിതയോടുള്ള ഇഷ്ടവും ചെറുതല്ല. രാജ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഇവൾ നല്ലൊരു ഗായിക കൂടിയാണ്.

24. **റിനു :** ആദ്യദർശനത്തിൽ ഒരു പാവം കുട്ടിയാണന്നൊക്കം തോന്നുമെങ്കിലും പിന്നീടത് മാറിക്കിട്ടും. ബൈക്ക് റൈഡിങ്ങ് ഒരു പാട് ഇഷ്ടമാണ് കുട്ടിക്ക്.

25. **റോണി :** മുട്ട റോണി എന്ന് പറഞ്ഞാലേ ആളെ മനസ്സിലാവൂ. മലയാള ഭാഷയെ മനസ്സോടു ചേർക്കുന്ന കുട്ടി. (ഓർമ്മശക്തികൂട്ടാൻ സന്തോഷ് ബ്രഹ്മി കഴിക്കുന്നുണ്ട്) എന്നൊരു സംശയം ഇല്ലാതില്ല.

26. **ശരത് :** ഫുട്ബോളിനോടുള്ള പ്രണയം വിശ്വവിഖ്യാതമാണ്. ക്ലാസിലെ ട്രോളർ ചങ്ക്. ചിത്രരചനയും വശമുണ്ട്.

27. **സിയ :** കാണുന്നവർക്കെല്ലാം വളരെ പാവമാണെങ്കിലും എന്നാൽ അടുത്തറിയുന്നവർക്കു മാത്രം ഭയങ്ക രിയാണെന്ന് മനസ്സിലാവുന്ന ഒരു പഠിപ്പിക്കുട്ടി. പാഠപുസ്തക വായനതന്നെയാണ് ഇഷ്ടവിനോദം. കൃത്യ നിഷ്ഠയുടെ കാര്യത്തിൽ ഒട്ടും പിന്നിലല്ലാട്ടോ കുട്ടി.

28. **സ്നേഹ:** ക്ലാസിലെ മൂന്നു യോഗികളിൽ ഒരാൾ. ഡ്രൈവിങ്ങ് ഇഷ്ടമുള്ള കുട്ടിക്ക് ജീവന്റെ സുരക്ഷയെ മാനിച്ച് വീട്ടുകാർ വണ്ടി നൽകാറില്ല എന്നാണ് കേട്ടുകേൾവി.

29. **ശ്രീലക്ഷ്മി എം. :** കളരിയിലാണ് കുട്ടിയുടെ കളികളെല്ലാം. ഈ കട്ട ചളി വീരത്തി എന്നൊക്കെ പറ യുന്ന ഒരു ചങ്ക് എല്ലാ ക്ലാസിലും ഉണ്ടാവില്ലേ. ഇത് അത് ഇവളാണ്. ഞങ്ഹളുടെ സ്വന്തം കളരി.

30. **ശ്രീലക്ഷ്മി എൻ. :** അപൂർവ്വങ്ങളിൽ അപൂർവ്വമായി മാത്രം സംസാരിക്കുന്ന ഒരു കൂട്ടുകാരി. ഗായികയാ വാനുള്ള ഭാവി ഉള്ളതായി തോന്നുന്നു.

31. **സുകന്യ :** പഠിക്കുന്നത് ഇംഗ്ലീഷ് ലിറ്ററേച്ചർ ആണെങ്കിലും ഇഷ്ടമേഖല സൈക്കോളജിയാണ്. ഞങ്ങ ളുടെ അസോസിയേഷൻ സെക്രട്ടറികൂടിയാണ് ഈ കുട്ടി.

32. **വന്ദന:** 3rd BA ഇംഗ്ലീഷിലെ ഹിന്ദി പണ്ഡിറ്റ്. നർത്തകി എന്ന നിലയിൽ ഒരു പാട് പ്രശസ്തയാണ്. സപസു എന്ന അപരനാമത്തിനുടമയായ ഈ കുട്ടി.

33. **അക്ഷയ് കെ. എസ് :** ക്ലാസിലെ 'നിഷ്കു' കാടും പ്രകൃതിയും എന്നും നെഞ്ചിലേറ്റി നടക്കുന്ന ഒരു ഭൂമിസനേഹി. ഫുട്ബോൾ ആണ് ഇഷ്ടവിനോദം. ഞങ്ങളുടെ സ്വന്തം 'ഗ്രാന്റ്മാസ്റ്റർ' കൂടിയാണിവൻ.

34. **അക്ഷയ് കുമാർ :** ഫേസ്ബുക്കിലൂടെയും ഇൻസ്റ്റഗ്രാമിലൂടെയും വൈറലായി മാറിയ ഒരു താരം. മോഡലിംഗ് രംഗത്തെ ഭാവി വാഗ്ദാനമാണിവൻ. ഫുട്ബോളിനോടുള്ള പ്രേമം കുറച്ചധികം തന്നെയാണ്. ഈയിടെ ഒരു മോട്ടിവേഷൻ സ്പീക്കറുടെ റോളിലും ആള് പ്രശസ്തനായി.

35. **അനഘ :** കൈയ്യക്ഷരം കൊണ്ട് ക്ലാസിനെ കയ്യിലെടുത്ത കുട്ടി. കാറുകളോടാണ് പ്രിയം.

36. **ഏയ്ഞ്ചൽ :** 3rd BA English ലെ ബുദ്ധിജീവി. കണ്ടാൽ പാവമാണെന്നൊക്കെ തോന്നുമെങ്കിലും ബുദ്ധിയുടെയും പഠനത്തിന്റെയും കാര്യത്തിൽ ഭീകരിയാണിവൾ; ഞങ്ങളുടെ പേടിസ്വപ്നം.

37. **അനില :** ക്ലാസിലെ 'ചിരിക്കുടുക്ക' വളർന്നുവരുന്ന ഒരു ഗായികകൂടിയാണ് ഈ മുത്തുമണി. സബ്സ് മാഷും ചിത്രരചനയും കൂടെത്തന്നെയുണ്ട് ട്ടോ. ക്ലാസിലെ സർവ്വവ്യാപി.

38. **അഞ്ചിത :** അത്ര ചെറിയ പുള്ളിയൊന്നുമല്ലാട്ടോ. മിസ്സ് പ്രജ്യോതി കോംപറ്റീഷൻ ഫസ്റ്റ് റണ്ണർ അപ് ആണ് ആൾ. പറന്ന് പറന്ന് ക്ലാസിലെത്തിപ്പെട്ട കുട്ടി. ഞങ്ങളുടെയൊക്കെ 'മേക്കപ്പ് ആർട്ടിസ്റ്റ്.'

39. **റോഷ്ണി :** കൂടെയുള്ളവരിൽ കുട്ടിത്തം മാറാത്ത ചങ്ക്. ഷൈജു ദാമോദരന്റെ വകയിലെ പെങ്ങളായിട്ടു വരും കക്ഷി. കാണാനുള്ള ലുക്കൊക്കെ തന്നെയുള്ളൂ.... വാ തുറന്നാൽ തീർന്നു.

40. **സോബിന :** സൈക്കോളജി പഠിക്കാനുള്ള മോഹവുമായി മലപ്പുറത്തുനിന്ന് വണ്ടി കയറിയതാണ്. ഇപ്പോൾ ബി എ ഇംഗ്ലീഷിലെ നാലു ചുവരുകൾക്കുള്ളിൽ അല്ലലില്ലാതെ കഴിഞ്ഞു കൂടുന്നു.

41. **വൃന്ദ :** 'കിളിജാനു' 'ഊസല' എന്നൊക്കെ അറിയപ്പെടുന്ന ഈ ചങ്ക് കലയുടെ ഒരു കുളിർക്കാറ്റ് തന്നെയാണ്. ക്ലാസിലെ പ്രധാന നർത്തകിമാരിൽ ഒരാളായ ഇവൾ നല്ലൊരു ചിത്രകാരി കൂടിയാണ്.



## പ്രജ്യോതിയിലെ വസന്തം (ഇലക്ട്രോണിക്സ്)

ഞങ്ങളുടെ ജീവിതത്തിലെ ജ്യോതി, ഒരിക്കലും ഒഴിച്ചുനിർത്താനാവാത്ത ഒരു ഭാഗം, ഒരു ക്യാമ്പസ് ഫിലിമിനും സൃഷ്ടിക്കാനാവാത്ത വൈബ് "that is Prajyoti" ഒരു പാട് വിമർശനങ്ങൾക്കും തിരുത്തലിനും വഴി പാകി, അതിജീവിച്ച് വന്നതിന്റെ പുഞ്ചിരി ഞങ്ങൾ ഏവരുടെയും മുഖത്ത് പ്രകടമാകും. 2016–2019 വർഷത്തെ ബാച്ച്. 37 പേരടങ്ങുന്ന കുടുംബം. അധ്യാപകർ ഞങ്ങൾക്ക് പ്രിയപ്പെട്ടവരാണ്. എല്ലാ ആഘോഷങ്ങളിലും ഓരോ പ്രതിസന്ധിയിലും ഞങ്ങളുടെ ഒരുമ വിളിച്ചോതുന്നവർ. ഞങ്ങളുടെ HOD എന്നതിനുപ്പുറം നല്ലൊരു സുഹൃത്ത്, തമാശക്കാരൻ, ലോക ജാലകം, ഹിസ്റ്ററിയെ സ്നേഹിച്ച ഒരു വ്യക്തിത്വം-ജോസഫ് സർ, ഇനി ഞങ്ങളുടെ പ്രിയപ്പെട്ട ക്ലാസ്സ്, ഒരു പാലാക്കാരന്റെ സ്വന്തം ജീവിതത്തെ ഞങ്ങൾക്ക് പാഠ്യവിഷയമാക്കി, നെല്ലും പതിരും വേർതിരിച്ചറിയാൻ സഹായിച്ച് ഞങ്ങളിൽ ഓരാളായി ഞങ്ങളെ വഴി നടത്തുന്ന, പ്രൊജക്ടുകൾക്ക് മേൽനോട്ടം വഹിക്കുന്ന ജിബീഷ് സർ, കുട്ടിത്തം നിറഞ്ഞ ചിരിയുമായി ഞങ്ങളെ കൈയിലെടുത്ത ഞങ്ങളുടെ അമ്മ ഉമ മിസ്സ്, ലാബ് hour വർത്തമാനത്തിൽ മുഴുകുമ്പോൾ നിശ്ബദത കൊണ്ടുവരുന്ന , ടെൻഷൻ അടിച്ച് വടിയാക്കുന്ന പ്രാക്ടിക്കൽ എക്സാമിൽ ഒരു പുഞ്ചിരി സമ്മാനിക്കുന്ന - സുസ്മി മിസ്സ്. ഭാഷയുടെ തനിമയും മാധുര്യവും ആവോളം നുകർന്ന് തരുന്ന രണ്ട് അമ്മമാർ, ഷിജി മിസ്സ്, ഷിന്റ മിസ്സ്. കണക്കിലെ ജാലകങ്ങൾ കൈയിലൊതുക്കി, ഏതൊരു സാഹചര്യത്തിലും സമീപിക്കാവുന്ന പ്രിയപ്പെട്ട പാട്ടുക്കാരൻ ജോജുസാർ. ഒരുപാട് inspirations തന്ന ജിഷ മിസ്സ്, ഇതുവരെ പഠിപ്പിച്ച പ്രിയപ്പെട്ട അധ്യാപകർ. ഞങ്ങളുടെ പ്രിൻസിപ്പാൾ, മാനേജർ റവ.ഫാ. ഹർഷജൻ പഴയാറ്റിൽ ഇവരോടാണ് കൂടുതൽ നന്ദി. ഇവിടുത്തെ ഒരു വിദ്യാർത്ഥി ആകാൻ തിരഞ്ഞെടുത്തതിന്. പുഞ്ചിരി മാത്രം സമ്മാനിക്കുന്ന Non Teaching Staff.

ഇനി എല്ലാവരുടേയും കണ്ണിലുണ്ണികളായ ഞങ്ങളുടെ ജൈത്രയാത്ര, തുടങ്ങീട്ട് ഇത് അവസാന വർഷം. മാസ്മരികമായ അവസാന വർഷകലാലയ ജീവിതം... ഓരോ ശ്വാസമിടിപ്പും ഞങ്ങൾ ആസ്വദിച്ചു. കായികമേള കുത്തകയാക്കി മാറ്റിയതാണ് ഞങ്ങൾ. കൂടാതെ കോളേജ്ഡേയും, യൂണിയൻ ഉദ്ഘാടനവും, സെക്കന്റ് ഇയറിലെ ഓണാഘോഷവും ഞങ്ങൾ ഏറ്റവും വലിയ ആഘോഷമാക്കി മാറ്റി.

ഏതൊരു സന്ദർഭത്തെയും പുഞ്ചിരിയോടെ നേരിടാൻ പഠിച്ചവർ. ഇലക്ട്രോണിക്സിലെ ആൺപടകൾ. സർഗ്ഗാത്മകമായ ഭാവത്തോടും വളരെ നിസ്വാർത്ഥമായും മുന്നേറുന്നവർ. സഖാവ് കെവിൻ പ്രകടമായ രീതിയിൽ അഭിപ്രായം പ്രകടിപ്പിക്കുന്ന ഒരു കൂട്ടം സുഹൃത്തുക്കൾ അവനു കൂട്ടായി. വളച്ചൊടിക്കാതെ, വേർതിരിവ് കാണിക്കാതെ വൃത്തിക്ക് ഏതൊരു കാര്യത്തിനും മുഖവുര നൽകുന്നവർ അജിത്ത് സെഞ്ചുറികളുടെ പുത്രൻ "Thatthu Kada"(Jesnil) നിഷ്കളങ്കമായി ചിരി സമ്മാനിക്കുന്ന പാലുണ്ണി ( മെറിൻ) ഭാവിയിലെ ഫുട്ബോൾ വാഗ്ദാനം ഒലിമോൻ ( അതുൽ) സൈക്കിളിലെ സുവർണ്ണനേട്ടം, Physical Trainer കലിപ്പ്ടാവ് അഥർവ്, ഏതൊരു നിമിഷത്തേയും ആകാരഭംഗിയോടെ ഒപ്പിയെടുത്ത് ക്യാമറക്കുള്ളിലാക്കുന്നവർ, നല്ലൊരു വരക്കാരൻ ഉണ്ണിമോൻ (Abhin) ഷാജി പാപ്പനെ വെല്ലുന്ന ഫിഗർ ഉള്ള ആട് ബെഞ്ചി (ബെഞ്ചമിൻ) ഒരു തികഞ്ഞ ബാഡ്മിന്റൺ രാജകുമാരൻ. ഇനി ഒരു കിടിലൻ പുള്ളി ഷമ്മിക്കുട്ടൻ ഞങ്ങളുടെ വൈഷ്ണവ് റൊമാന്റിക് പേഴ്സൺ. ബാഹുബലിയേക്കാൾ കരുത്തനായ മൊഞ്ചൻ മി. അക്ഷയ്. പഠനത്തിന് വഴികാട്ടി. അടുത്തത് ഒരു പച്ചയായ ചെണ്ടക്കാരൻ ഒരസ്സ് (അമൽ) അതിശയോക്തിയോടെ നോക്കി നിൽക്കുവാൻ തോന്നിക്കുന്ന കലാകാരൻ. എന്നും ഉച്ചയ്ക്കുശേഷം നുഴഞ്ഞ് വരുന്ന 2 പുത്രന്മാർ കബാലി, മലയാറ്റി (അമർജിത്ത്, ഫെബിൻ) യോനയുടെ വാഗ്ദാനങ്ങൾ അപ്രസക്തമല്ലാത്ത ഒരു പേരുള്ള രണ്ട് ഉടമകൾ എഡ്വു എന്ന Edwinton & Edwin David സ്റ്റേജിൽ കയറിയാൽ ജീവിക്കുന്നവൻ വടക്കൻ അലക്സ്. ഒരു Silent Person വെടി (Shobhin) ഏതു നേരത്തും busy ആയ ഒരു മാവേലി മരോക്കി (ജെസ്റ്റിൻ), സിനിമക്കുപോലും നേരം വൈകി എത്തുന്ന വികലാംഗൻ വിനു Mr. Perfect Rahul അധികം ശ്രദ്ധിക്കപ്പെടാത്ത വ്യക്തി ക്ലിന്റൺ

ഇനി ഏതൊരു ആഘോഷത്തിലും സ്റ്റേജ് കൈയ്യാളുന്ന പുലികൾ Yes!!! Elecronics Girls, പലരുടെയും അഭിപ്രായത്തെ മാറ്റിക്കുറിച്ച് തേരോടിക്കുന്നവർ. ചിരിക്കുമ്പോൾ നുണക്കുഴി തനിക്കൊരു ശാപമാണെന്ന് കാട്ടുവാനായി ആവോളം പുഞ്ചിരി നൽകുന്നവർ, dancer, cuteness overloaded person " തൊറവ് റാണി (വാണി) ഫോട്ടോകളിൽ ജഗതി ചേട്ടനെക്കാളും നന്നായി അവസരങ്ങൾ സമന്വയിപ്പിക്കുന്ന നർത്തകി- ഒലിമോൾ (ആര്യ). കൂൾ ആയി എന്നും ഏറ്റെടുത്ത് enjoy ചെയ്യുന്നവൾ കോക്കാച്ചി (ഫെസി) താൻ ഒരു ചിക്കൻ പ്രേമിയാണെന്ന് തുറന്ന് പറയുന്ന, another student teacher my otherhalf, photostat agent- Nivil- Nivya. സത്യസന്ധമായ പുഞ്ചിരിയുടെ ഉടമ. കോൾഗേറ്റ് പരസ്യത്തിന്റെ ഇവിടുത്തെ അംബാസിഡർ - അയ്യന്തോൾ ഗ്രൗണ്ട് റാണി - അലീന. Ms.Maveli 3 times നേടിയ Singer Name (Namitha). Expression Queen, food lover, my favourite singer- "Our tubelight" Elsu ( Sneha) വരും പോരായ്മകൾ തുറന്ന് കാണിച്ച് അവലോകനം നടത്തുന്ന, Open Mind person കക്കൂസ് ബന്യസ് - ശ്രീലക്ഷ്മി - ഒരിക്കലും വർണ്ണിക്കാനാവാത്ത ഒരു മാണിക്യം എനിക്ക് ഇന്റിമസി തോന്നിയ കൂട്ടി ഞങ്ങളുടെ ബാഹു (ദീപ്തി) സൂപ്പർ ഡാൻസർ ഞാനും ഉൾപ്പെട്ടാൽ ഞങ്ങളുടെ ഡാൻസ് ടീം. ആരുടേയും സ്വകാര്യതയിലേക്ക് ഒളിഞ്ഞ് നോക്കാത്ത, എല്ലാവരേയും തന്റെ presence അറിയിക്കുന്ന കുട്ടി ആതി (ആതിര). തിരുവാതിരയുടെ പൊന്നോമന രണ്ട് തട്ടമിട്ട മൊഞ്ചത്തികൾ, താത്തമ്മാർ പുതുമണവാട്ടി ഞാലി എന്ന സോലിഹ, ഷു എന്ന ഷാഹിബ. One & Only പഠിപ്പി of electronics department പൂക്കാരിയായി നിശ്ചയച്ചിവൾ ആക്ടറസ് അന്നമ്മ (അന്ന അറിയപ്പെടാത്ത കാലം തിരിച്ചറിയാത്ത പോലെ ഒരു പാട്ടിന്റെ തോഴി Aisuu" ഐശ്വര്യ സ്വീറ്റീ ഡ്രീംസ് നേരാതെ ഉറുമ്പിൻ കടയിൽ നിന്നും ഞങ്ങളെ സേവ് ചെയ്യുന്ന ചളിമോൾ ആച്ചു. (ആശ)

ഇതാണ് എന്റെ ലോകം. ഒരു ലോഹത്തെ സംസ്കരിച്ചെടുക്കുന്നതുപോലെ എന്നെ രൂപപ്പെടുത്തിയെടുത്ത എന്റെ ലോകം. ഒരു കണ്ണാടിക്കുമുന്നിലും തല കുനിക്കാതെ നിൽക്കാൻ പഠിപ്പിച്ചവർ ഈ കൂട്ടത്തിൽ എന്റെ പ്രിയപ്പെട്ട ചേച്ചിമാരും ഉൾപ്പെടും. അഞ്ജന അജിത്ത്, ഒപ്പം ഫിദ, , ശ്രദ്ധ, ആഷിൻ മരിയ. ഒപ്പം ഞാൻ പ്രാർത്ഥിക്കുന്ന എന്റെ ദൈവത്തിന് കീഴിൽ എന്റെ അപ്പനോട് തോൾ ചേർന്നിരിക്കുന്ന പ്രിയപ്പെട്ട മെന്റർ Dr. Paul Chacko. അഞ്ചു എന്ന ചെല്ലപ്പേര് എനിക്ക് പ്രിയപ്പെട്ടതായി തോന്നിയത് ഇവർ മൂലം. പിന്നെ കടപ്പാട് എന്റെ അപ്പൻ, അമ്മ, അനിയൻ ഇതുവരെ കൂടെ നിന്നവർക്കും നയിച്ചവർക്കും, വരും കാലത്തിനും നന്ദി അർപ്പിച്ചുകൊണ്ട്, ഒരു പിടി നല്ല ഓർമ്മകൾ സമ്മാനിക്കുവാൻ പ്രജ്യോതിക്ക് കഴിയട്ടെ.



# ടോണിസാറും 58 കള്ളന്മാരും

## കൊമേഴ്സ്

158 (അക്ഷയ്) - മൂന്നാം വർഷ ബി.കോം ക്ലാസിലെ നല്ല അടക്കവും ഒതുക്കവുമുള്ള ആൺകുട്ടി.

159 (ആൽബിൻ) - ദൈവമാർഗ്ഗത്തിൽ നിന്നും വ്യതിചലിക്കാത്ത വ്യക്തി. സന്മാർഗ പാത കൈവിടാത്ത കുഞ്ഞാട്.

160 (അമൽ) - മരോട്ടിച്ചാലിന്റെ ടൂറിസ്റ്റ് ഗൈഡ്. ബികോം മൂന്നാം വർഷത്തെ സ്വർണ്ണകച്ചവടക്കാരൻ

161 (അമല) - IIIrd Year B.com ന്റെ presentation വിദഗ്ദ്ധ. സ്വയം കുഴികുഴിച്ച് അതിലേക്ക് കാലും നീട്ടി ഇരിക്കുന്ന മഹതി.

162 (അനശ്വർ) - പ്രജ്യോതിയുടെ അപമാനവും എല്ലാ ഡിപ്പാർട്ട്മെന്റുകളിലും വേരുകളുള്ള കുപ്രസിദ്ധ പയ്യൻ. കോടീശ്വരനാണെന്ന അഹംഭാവം ഒട്ടുമില്ലാത്ത ഒരു പാവം പയ്യൻ.

163 (അനീഷ) - ക്ലാസ്സ് ചുമരുകളിൽ മാറ്റൊലി കൊള്ളുന്ന കൊലച്ചിരിയുടെ ഉടമ. പൊട്ടിന്റെ വട്ടം കുറയാതെ പരിപാലിക്കുന്ന പെൺകുട്ടി.

164 (അനുമോൾ) ബി.കോം ക്ലാസ്സിലെ വർണ്ണശമ്പളമായ വസ്ത്രങ്ങൾ അവതരിപ്പിക്കുന്ന പെൺകുട്ടി.നാല് പെണ്ണുങ്ങളിൽ മുക്കാൽ കഷ്ണം.

165 (അപർണ) ചിരിക്കേണ്ടിടത്ത് ഗൗരവമായി ഇരിക്കുകയും ഗൗരവമാകേണ്ടിടത്ത് 32 പല്ലും കാണിച്ച് ചിരിക്കുകയും ചെയ്യുന്ന നാടൻപാട്ട് കൊലാകാരി.

166 (ആരതി) - ക്ലാസ്സിൽ ഏറ്റവും നേരത്തെ എത്താൻ സൂപ്പർഫാസ്റ്റ് പിടിച്ച് വന്ന് അറ്റന്റൻസിന് വേണ്ടി അലയുന്ന വരപ്പിസ്റ്റ്. ക്ലാസ്സിലെ കുമ്മനം.

167 (അർച്ചന)- മൂന്നുപേരടങ്ങുന്ന പഞ്ചായത്തിലെ മെമ്പർ. ആരും അറിയാതെ വാതോരാതെ സംസാരിക്കുന്ന കലയിൽ മാസ്റ്റർ ബിരുദധാരി.

168 (ആര്യ കെ.ബി) - പാറക്കല്ലുമ്മേ ചിരട്ട ഉരയ്ക്കുന്ന ശബ്ദവും സൈക്കോസിസ്റ്റിന്റെ ചാള മേരീടെ സ്ട്രെക്ച്ചറും ചേർന്ന ഒരു ജീവി.

169 (ആര്യ ഷാജി) - കാവിലെ ഭഗവതി നേരിട്ടു പ്രത്യക്ഷപ്പെട്ട പോലെ ഐശ്വര്യം വഴിഞ്ഞൊഴുകുന്ന അസോസിയേഷൻ സെക്രട്ടറിയും സർവ്വോപരി ക്ലാസ് ടോപ്പർ സ്ഥാനത്തേക്ക് മത്സരിക്കുന്ന ഗർജ്ജിക്കുന്ന സിംഹം.

170 (ആഷ്‌ലിൻ ) - മ്യാരക പട്ടി സ്നേഹി. പൊക്കമില്ലായ്മയാണെന്റെ പൊക്കം എന്ന Tagline കൂടെ കൊണ്ടു നടക്കുന്ന ആൾ.

171 (അശ്വതി) - പ്രൊഫിഷ്യൻസി വിട്ടുതരില്ലായെന്നും പറഞ്ഞ് കെട്ടിപ്പിടിച്ചു നടക്കുന്ന അമ്പലവാസി.

172 (ബ്രോളിൻ) - സകലകലാവല്ലഭനും എല്ലാത്തിനുമുപരി പ്രജ്യോതി ഇതുവരെ കാണാത്ത ഫൈൻ ആർട്സ് നടത്തിയ ധ്രുവേടെ സ്വന്തം ഫൈനാൻസ് സെക്രട്ടറി സ്ത്രീജനങ്ങളുടെ ഹൃദയമിടിപ്പ്.

173 (സിവിൻ) - മുങ്ങലും മുക്കലും ജീവിതകലയാക്കിയ ക്ലാസ്സിലെ ചാത്തൻ.

174 (ദീപ) - പച്ചവെള്ളം പോലും ചവച്ചരച്ച് കുടിക്കുന്ന ചിരിക്കാൻ രണ്ട് തവണ ചിന്തിക്കുന്ന പാവങ്ങളിലെ പാവ.

175 (ദീപ്തി) – ദീപ്തി എന്ന പേരിലും വരദ എന്ന പേരിലും അറിയപ്പെടുന്ന ഒരൊറ്റ വ്യക്തി. പ്രജ്യോതിയുടെ ഗാന കോകില.

176 (ദേവിക) ക്ലാസ്സിന്റെ ജിമിക്കി കമ്മൽ.

177 (ഐശ്വര്യ) – ബി.കോമിന്റെ മുടിയത്തികളിൽ ഒരാൾ. സംസാരകലയിലെ പ്രാവീണ. ഗാനകോകിലം നമ്പർ –2

178 (ഫ്രാങ്കോ) – ബി.കോമിന്റെ ആശാൻ. ഫുട്ബോളിനെ സ്നേഹിക്കുന്ന മ്യൂസിക്കൽ വീരപ്പൻ.

179 (ജിയോ) – പണിയെടുക്കാതെ എങ്ങനെ കാശുണ്ടാക്കാം എന്നതിൽ റിസർച്ച് നടത്തിക്കൊണ്ടിരിക്കുന്നു. ഉറങ്ങാൻവേണ്ടി മാത്രം ട്രിപ്പ് പോകുന്ന അത്ഭുതജീവി.

180 (ഗോപിക) ബി.കോമിന്റെ എൻസൈക്ലോപീഡിയ. ടെക്സ്റ്റ് ബുക്കിലെ ആഴങ്ങളിൽ മുങ്ങാം കുഴിയിടുന്ന പരൽമീൻ.

181 (ജാക്സൺ) – ഓസ്ട്രേലിയൻ സ്വപ്നങ്ങളുമായി അലയുന്ന വേദനിക്കുന്ന കോടീശ്വരൻ... ക്ലാസിലെ സ്ത്രീവിരോധി.

182 (ജെസ്റ്റിൻ) –കണ്ടാൽ ഒരു പപ്പായത്തണ്ട് ആണേലും തീറ്റകണ്ടാൽ പെറ്റമ്മ സഹിക്കൂല. നിവിൻ പോളി ഫാനായ ഡാൻസ് മാസ്റ്റർ വിക്രം.

183 (ജോസ്ന) – ബി.കോമിന്റെ ഇരുമ്പഴികൾക്കിടയിൽ പെട്ടുപോയ പാഷൻ ഡിസൈനർ. കട്ട നയൻസ് ഫാനായ ചളിയടി അച്ചായത്തി.

184 (കാർത്തിക ബി.)– ശോകങ്ങളിൽ നിന്ന് ശോകങ്ങളിലേക്ക് യാത്ര ചെയ്യുന്ന സഞ്ചാരി. വേദനിക്കുന്ന മനസ്സുകളിൽ കുളിർമഴയായ് പെയ്തിറങ്ങുന്ന കാർത്തുമ്പി.

185 (കാർത്തിക സുബ്രൻ) –ജീവിത സ്വപ്നങ്ങൾ നെയ്തുകൂട്ടുന്നതിനിടയിൽ കിടക്കയിൽ നിന്ന് ഉരുണ്ട് വീണ് തല മണ്ടപൊട്ടി തുന്നിലിടേണ്ടി വന്ന ഹതഭാഗ്യ.

186 (കാവ്യ കെ.എസ്.) – ബി.കോമിന്റെ കൈനോട്ടത്തിന്റെയും മഷി നോട്ടത്തിന്റെയും ന്യൂജെൻ വേർഷൻ.

187 (കാവ്യ രാജ്) – മുടിയുടെ ഭാരം താങ്ങാനാകാതെ ഓരോ ക്ലാസിലും തളർന്ന് കിടന്നുറങ്ങേണ്ടി വരുന്ന കിളിപോയ ജന്മം.

188 (കെവിൻ) – ക്ലാസിലെ രണ്ട് വിപ്ലവങ്ങളിൽ തലമൂത്ത വിപ്ലവം. കാര്യം വല്ല്യേ സഖാവാണേലും നയാപൈസയ്ക്ക് ഉപകാരമില്ല.

189 (ലക്ഷ്മി) – ബി.കോമിന്റെ അരുമയായ എരുമ. തൊട്ടാൽ കരയും നമ്പൂതിരിക്കുട്ടി.

190 (ലിഡിയ) സി.എ., സി.പി.ടി. യുടെ കറുത്ത കൈകൾ മാടി വിളിച്ചപ്പോൾ ബി.കോമിന്റെ സ്നേഹകരങ്ങൾ തട്ടിമാറ്റിയ ഭീകരി. കൊടും ഭീകരി.

191 (മിന്നു)– മിണ്ടാപ്പൂച്ചയാണേലും ഒടുക്കത്തെ പഠിപ്പാ.

192 (മിഷ) – ബുദ്ധിപരമായി മണ്ടത്തരങ്ങൾ വിളിച്ചുപറയുന്ന കുട്ടി. സൗദിയിൽ നിന്നും കേരളത്തിലേക്ക് ഇംപോർട്ട് ചെയ്ത അൽമിഷ.

193 (നന്ദന) – ക്ലാസ്സില് എപ്പോഴും ചിരിച്ചോണ്ടിരിക്കുന്ന വവ്വാല്.

194 (നോയൽ ) – വിളിക്കാത്ത കല്യാണങ്ങൾക്ക് പോയ് വലിഞ്ഞ് കേറി തിന്നുന്നതാണ് സ്ഥിരം ഏർപ്പാട്. ജാക്സനെ ചുറ്റി വരിഞ്ഞിരിക്കുന്ന ഇത്തിൾകണ്ണി.

195 (പൗർണമി) – ബി.കോമിന്റെ കുറ്റിച്ചൂല്. സ്വച്ഛ്ഭാരത് പൗർണമി നമ്മടെ മാഗസിൻ എഡിറ്റർ.

196 (രാഗി) – എന്തിനും ഏതിനും രാഗി രാജൻ

197 (റോബിൻ) – ചെനച്ച വിപ്ലവം. കടുത്ത എ.ആർ. റഹ്മാൻ ആരാധകനും കടുത്ത സംഗീതപ്രേമിയുമായ സി. ഐ.പി. (comrade in Prajyoti)

198 (റോസ്മേരി ) – ബി.കോമിന്റെ സൗന്ദര്യധാമം. പുതുക്കാട് ചന്തയെ തോൽപ്പിക്കും ചാളവർത്തമാനം പറയുന്ന മേരി.

199 (റോയ്) – മധുരകിനാവിൻ പാട്ട് പാടി സ്വപ്നം കണ്ട് നടക്കുന്നവൻ. കടുത്ത വിജയ് ആരാധകനായ മെയിൽ സിങ്ങർ.

200 (സായ്) – ബി.കോമിന്റെ ചടയൻ ഡ്യൂഡ്. സായ്‌യുടെ പാന്റ് സായ് ടെ ബാഗ്. സായ് റോക്ക്സ്.

201 (ശലഭ) പാട്ടുപാടി കത്തിയടിക്കുന്ന പുറം മാന്യയായ വൻദുരന്തം.

202 (സാന്ദ്ര) – United States of കൊരട്ടിയുടെ ബ്രാൻഡ് അംബാസിഡർ. ബി.കോമിൽ ഏറ്റവും വൃത്തിയിൽ മുടികെട്ടി വരുന്ന കുട്ടി,

203 (സംഗീത) – സംഗീതവുമായി ഒരു ബന്ധവുമില്ലാത്ത മൂന്നംഗ പഞ്ചായത്തിലെ മുടിയത്തിയായ സെക്രട്ടറി.

204 (സാഞ്ജിത്ത്) – Music with body Muscles കാലിക്കറ്റിനെ കിടുകിടാ വിറപ്പിച്ച ബി.കോമിന്റെ മസിലളിയൻ.

206 (ഷാസ്മി) – ക്ലാസ്സിൽ ഉത്തരം പറയാൻ വേണ്ടി മാത്രം വാ തുറക്കുന്ന മിണ്ടാപൂച്ച.

207 (ഷെറിൻ) -Ist Year ൽ സ്വസഹോദരിയും
IInd Year ൽ സ്വസഹോദരനും
IIIrd Year ൽ സ്വസ്വയവും പഠിച്ച് വരുന്ന പ്രജ്യോതിയെ കുടുംബമാക്കി കുട്ടിച്ചോറാക്കിയ അസാമാന്യ വ്യക്തിത്വം.

208 ( ശ്രുതി) – ബുദ്ധിജീവിയാണെന്ന് സ്വയം പ്രഖ്യാപിക്കുകയും മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന വിഡ്ഢികുഷ്മാണ്ഡം.

209 (സിസ്മ) – കണക്കിലെ കുരുക്കഴിക്കുന്നതിൽ ഓരോ തവണ വിജയിക്കുമ്പോഴും ജീവിതത്തിൽ മുടിയുടെ കുരുക്കഴിക്കാൻ പെടാപാട് പെടുന്നവൾ.

210 (സിയ) – പാമ്പ് ഇരവിഴുങ്ങുന്നതുപോലെ തന്റെ വലയിട്ട് സ്വരമാധുര്യം ഉപയോഗിച്ച് ക്ലയന്റ്കളെ വീഴ്ത്തുന്ന ബി.കോമിന്റെ ഇൻഷുറൻസ് ഏജന്റ്.

211 (സ്മേത) – കൊടുങ്ങല്ലൂരിന്റെ കടലമ്മ. പരീക്ഷാകാലഘട്ടങ്ങളിൽ ബി.കോമികളുടെ അഭയ കേന്ദ്രമാകുന്ന പാർട്ട് ടൈം ട്യൂഷൻ ടീച്ചർ. ക്ലാസ്സിലെ സിൽക്കി.

212 (സ്മൃതി) – മൂന്നംഗ പഞ്ചായത്തിന്റെ നെടും തൂണായ പ്രസിഡന്റ്. സംസാരകലയുടെ സർവകലാശാല...

213 (ശ്രീലക്ഷ്മി കെ.പി.) - ശ്രീക്കുട്ടി എന്ന ചെല്ലപേരിൽ അറിയപ്പെടുന്ന സൗമ്യ സ്വഭാവിയായ കൊടുങ്ങല്ലൂർകാരി. ലേറ്റായാലും ലേറ്റസ്റ്റായി ബി.കോമിൽ കാല് കുത്തിയവൾ.

214 (ശ്രീലക്ഷ്മി എൻ.പി.) - യോഗയുടെ ചൈതന്യം ഇരിക്കുന്ന ബഞ്ചിൽ നിറക്കുന്നവൾ. ബി.കോം സിലബസ്സിനെ ക്ലാസിൽ കേറാതെ കാർന്ന് തിന്ന് ടോപ്പർ ആവുന്നവൾ.

216 (സ്റ്റെബിയ ) - സെബാൻ, പ്യാരി എന്നിങ്ങനെ വ്യത്യസ്തമായ നാമധേയങ്ങളിൽ അറിയപ്പെടുന്നവൾ. തൊട്ടാവാടിയായ കലിപ്പ് സെബാൻ.

ടോണി സാർ - ക്ലാസിലെ തിരക്കുകളിലും മ്യൂസിക് ഡയറക്ഷന്റെ ചുഴികളിലും പെട്ട് കല്യാണം വരെ കഴിക്കാൻ മറന്നുപോയ ബി.കോമിന്റെ മോസ്റ്റ് എലിജിബിൾ ബാച്ച്‌ലർ. തേർഡ് ഇയർ ബി.കോം ന്റെ ബാഹുബലി.



# Computer Science

1 **ഏബേൽ ടോമി**

Hardware buji, katta helping mentality, short cut boy, Next Billgates.

2 **അഖില റോബ്സ്**

പ്രധാന വിനോദം ഭൂമി നമസ്കാരം, വായാടി മറിയം, ഞങ്ങടെ psychomary.

3 **അലിൻ മരിയ ഫ്രാൻസിസ്**

ഞങ്ങടെ മോഡൽ, ആൽഫീടെ ചങ്ക്.

4 **ആൽഫി ബെന്നി**

ഒറ്റവാക്കിൽ മുത്ത്, ഉറക്കത്തിന്റെ ലേശം പ്രശ്നം ഉണ്ട്. സ്വന്തം മുടീടെ മറവിൽ ക്ലാസ്ടൈമിൽ ഉറങ്ങു ന്ന വ്യക്തി.

5 **ആൽവിൻ എം. ജെ.**

പ്രശസ്തനാവാൻ താല്പര്യം ഇല്ലാത്ത പാട്ടുകാരൻ. നിഗൂഢതകളുടെ രാജകുമാരൻ...

6 **അമീന ഷഫീർ**

strong lady of c.s. പറയാൻള്ളത് ഞാനങ്ങ് മോത്തോക്കി പറയും... അത്രതന്നെ...

7 **അമൃത ഡേവിസ്**

ഇംഗ്ലീഷിൽ അഗ്രഗണ്യത്വം തെളിയിച്ച വ്യക്തി, എത്ര ഉറക്കം വന്നാലും താടിക്കൊരു താങ്ങും കൊടുത്ത് ക്ലാസ്സ് ശ്രദ്ധിക്കും.

8 **ആനന്ദ് പി. പ്രകാശ്**

ഞങ്ങളുടെ പാവം പാവം ചേട്ടൻ. വിശ്വസ്തതയുടെ പര്യായം. സത്യത്തിന്റെ പ്രതിരൂപം. ഞങ്ങടെ സ്വന്തം Tomettan.

9 **അന്ന മരിയ**

ഞങ്ങടെ cutee....അവളുടെ ആ ചിരിമതി പകുതി വിഷമം മാറാൻ. c.s ന്റെ സ്വന്തം പാട്ടുകാരി

10 **ആരതി ശിവകുമാർ**

Super handwriting, നാടൻ സുന്ദരി

11 **അശ്വതി എം. എസ്.**

അൽ പഠിപ്പി, എല്ലാവരേയും വീഡിയോ കോളേ....വിളിക്കൂ

12 **ബിൽവ്യ പോൾ**

ഹിന്ദി പാട്ടുക്കാരി....ജെറി എന്നു സ്വയം വിളിക്കുന്നു

13 **ക്രിസ്റ്റോ സെബാസ്റ്റ്യൻ**

Chunk bro with lots of fun, തമ്പുരാനാ...

14 **ഡിനാമോൾ ജോയി**

ഞങ്ങളുടെ കവയത്രി....Tic tok ലെ റാണി..

15 **എബി ആന്റണി**

സുന്ദരൻ , Cycling boy.

16 **ഇവാഞ്ചലിൻ തോമസ്**

ഒരു പാട്ടു നന്നായി പഠിച്ചു എല്ലായിടത്തും അത് പാടി കൈയ്യടി നേടിയെടുക്കുന്ന ചങ്ക്

17 **ഗോകുൽ ആർ.**

middle bencher, എല്ലാ തറവേലക്കും കൂട്ടുനിന്നു supply, അടിക്കാതെ നടക്കുന്ന മനുഷ്യൻ

18 **ഗോപിക ഉണ്ണി**

ഞങ്ങടെ കുഞ്ഞാവ.....സാമന്തേടെ hair stylinode താല്പര്യം കൂടുതൽ

19 **ഹരികൃഷ്ണൻ**

ഹരിചേട്ടൻ സൂപ്പറാ...

20 **ജിതിൻ ജോണി**

അവൻ അവനെ തന്നെ വിളിക്കുന്നത് റാണ എന്നാണ്.

21 **ജോമോൻ ലോനപ്പൻ**

ഞങ്ങളുടെ Mr. Been, happy man, muscle boy.

22 **കാർത്തിക കെ. എസ്.**

C.S association secretary, ലോകത്തിലെ സുന്ദരി ആണെന്ന് സ്വയം വിശേഷിപ്പിക്കുന്ന കൊടുങ്ങല്ലൂർക്കാരി.

23 **കൃഷ്ണേന്ദു എം. ബി.**

Practical buji...IT festil pnc യുടെ അഭിമാനം. cool dude...

24 **ലക്ഷ്മി. കെ. ബി.**

Tic tok മുത്ത്...ഡാൻസിന്റെ മുത്ത്, കൊരട്ടി ലച്ചു.

25 **മരിയ സി. എസ്.**

Craft Work lover..... smiling face

26 **മെൽവിൻ സന്തോഷ്**

Short film editor , ചുരുളൻ മുടിയിൽ ബുദ്ധി ഒളിപ്പിച്ചു വെച്ചേക്കുവാ...സൗണ്ടിനെ സ്നേഹിക്കുന്നവൻ.

27 **നിള യു. ജെ.**

അമ്മയുടെയും അച്ഛന്റെയും പൊന്നുമോള്....നിഷ്കളങ്ക

28 **റീഷൽ സി. ജെ.**

Sports man, general captain of PNC...., കേരളത്തിന്റെ sports ഭാവി. Mr.Ponjikara

29 **സാൻജന പി. ഷാജു**

Hindi Serial lover ... പരിസരം മറന്നു മനസ്സും തുറന്നേ ചിരിക്കൂ.

30 **സാന്ദ്ര ടി. എസ്.**

ആസ്ഥാന തുമ്മൽക്കാരി.....360 camera പോലെ കറങ്ങി ആൾക്കാരെ നോക്കാൻ
പ്രത്യേക കഴിവാ...കറുപ്പ് നിറത്തെ സ്നേഹിക്കുന്നവൾ.

31 **ശരത്ത് കെ. എസ്.**

Boxer...C.S ന്റെ DQ (ആരും എന്നെ തല്ലരുത്)

32 **ഷോൺ തോമസ്**

കോഴിയെന്ന് ആരോ പേരിട്ടു. But ആള് decent ആണ്. സുന്ദരി അമ്മയുടെ അത്യാവശ്യം ലുക്ക് ഉള്ള western singer ആയ മോൻ..

33 **ശിൽപ ജെ. കെ.**

കുഞ്ഞിപ്പുഴു...അപാര കഴിവുള്ള കുട്ടിയാണ്. വിക്സ് മിഠായിയുടെ സ്വന്തം ചങ്ങായി...

34 **ശ്രീഹരി എം. എൻ.**

lab ലെ singer...പഠിപ്പും കളിയും ഒരുപോലെ കൊണ്ടു നടക്കുന്ന വ്യക്തി

35 **സുവർണ്ണ കെ. എം.**

push വലിക്കലല്ല pull തള്ളലല്ല.....Rithin ന്റെ കട്ട fan. C.S ന്റെ സുന്ദരി

36 **സ്വാതി എം. എസ്.**

C.S ലെ പഠിപ്പിസ്റ്റ്...ഞങ്ങടെ BBC...doubt solver.

37 **വൈശാഖ് ആർ മേനോൻ**

പുറത്ത് കലിപ്പൻ... ഉള്ളിൽ ലോലൻ...

38 **വൈഷ്ണവ് പി. ജി.**

C.S ന്റെ നാഥൻ. ഞങ്ങടെ ലീഡർ....തൂക്കലിന്റെ മഹാൻ....ഞങ്ങടെ സ്വന്തം കമ്മത്ത്.



# Convocation

Commerce



B.Sc. Electronics



B.A. English



# Convocation

B.Sc. Computer Science



B.Sc. Psychology



M.Sc. Psychology



**15th August 2018 :**

മഴയൊന്ന് മണ്ണിനെ പ്രണയിച്ചതാ,
അവളുടെ ഇടുപ്പുകളിലും മടക്കുകളിലും
അവനൊന്ന് തഴുകി,തലോടി.....
ചിലപ്പോൾ ഒന്ന് ചുംബിച്ചിരിക്കണം...
പ്രളയമെന്നതൊരു കിംവദന്തിയായിരുന്നു.
അത് സത്യത്തിൽ പ്രണയമായിരുന്നു, ശുദ്ധ പ്രണയം...!











PHOTOGRAPHY

Silence is the best weapon







Every beautiful moment counts, thats why I click!

A Sneak Peak !







Doubt kills more dreams than failure ever will

PHOTOGRAPHY

PHOTOGRAPHY

# 2015 - 18



Commerce



B.Sc. Psychology



B.Sc. Computer Science

# 2015 - 18



B.A. English



B.Sc. Electronics

# 2016- 18



M.Sc. Psychology



നെല്ലിക്കയുടെ കയ്പ്പിലും മധുരത്തിലും കൂടെ നിന്നവർക്ക് കൂട്ട് വന്നവർക്ക്
കയ്പ്പ് കിട്ടിയപാടെ ആർത്തിയോടെ വായിച്ചുതീർത്തവർക്ക്
പേജുകൾ മറിച്ചുനോക്കി കാര്യം കഴിച്ചവർക്ക്
ദാ, ഈ കയ്പ്പും ചവർപ്പും മധുരവും സമാസമം
നെല്ലിക്കയാകുന്ന ജീവിതത്തിലിട്ടുതന്ന മുകളിലുള്ള ആൾക്ക്
പിന്നെ നിനക്ക് ... ശേഷം എനിക്ക്...

നന്ദി...




**PRAJYOTI NIKETAN COLLEGE**

Pudukad, Thrissur Dt, Kerala, Pin - 680 301

(Govt Aided and Affiliated to the University of Calicut

Re Accredited with 'A' Grade by NAAC)

E-mail : prajyotiniketan@yahoo.co.in, www.prajyotiniketan.edu.in

Ph : 0480 2752885, 9387275202, 0480 2756559


Nirmala 0480 2701259